

# പൊതുവിദ്യാഭ്യാസം:

## പ്രസക്തിയും പ്രശ്നങ്ങളും

ഡോ. കെ. എസ്. രാധാകൃഷ്ണൻ
അബ്ദുൾ സമദ് സമദാനി

ഒരു ബേസ് റൗമ പ്രസിദ്ധീകരണം
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്

MOUNT CARMEL GENERALATE
ALUVA

ചാവറ അനുസ്മരണപ്രഭാഷണം 2011

# പൊതുവിദ്യാഭ്യാസം:
# പ്രസക്തിയും പ്രശ്നങ്ങളും



ഒരു ബേസ്റൗമ പ്രസിദ്ധീകരണം

ചാവറ അനുസ്മരണപ്രഭാഷണം 2011

# പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും

ഡോ. കെ.എസ്. രാധാകൃഷ്ണൻ

അബ്ദുൾ സമദ് സമദാനി

എഡിറ്റർ

ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam

*Chavara Anusmarana Prabhashanam Series PART-1,2011*

**Pothu Vidhyabyasam: Prasakthiyum Prasnangalum**

Text by
Dr. K.S. RADHAKRISHNAN
ABDUL SAMAD SAMADANI

Edited by
Fr. Roby Kannanchira CMI

Cover Design
Gayathri Ashok

Portrait Sketch
K.G Babu

Pre Press and layout
Shanal Lopez
Reenu Thomas
Co-ordinated by
Jolly Pavelil

First Published
April 2011
Second Edition April 2012

Printed at
Anaswara Printers Kochi

© *Reserved*

Published By
Fr.Thomas Panthaplackal CMI
on behalf of
**Beth Rauma**
an initiative of
Chavara Central Secretariat
representing
C.M.I., C.M.C. Congregations
from Chavara Hills, Kakkanad,
Cochin 682030

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in
Price: ₹. 50/-

## ഉള്ളടക്കം

*പ്രസാധകക്കുറിപ്പ്*

**ചാരിതാർത്ഥ്യത്തോടെ** ..07

ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

*എഡിറ്ററുടെ കുറിപ്പുകൾ:* ..09

**സ്വർഗ്ഗീയ ചൈതന്യത്തിന്റെ പ്രസരണവഴിയേ...**

ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

*അവതാരിക* ..13

**യുഗസ്രഷ്ടാവായ കർമ്മയോഗി**

ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.

*പരിചായകം* ..19

**ആ സേവനശുശ്രൂഷയുടെ തുടർഘോഷം**

സി. സാങ്റ്റാ സി.എം.സി.

ചാവറ അനുസ്മരണ പ്രഭാഷണം ..27

**പൊതുസമൂഹസ്രഷ്ടാവായ**

**നവോത്ഥാനനായകൻ**

ഡോ.കെ.എസ്.രാധാകൃഷ്ണൻ

**പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും** ..43

അബ്ദുൾ സമദ് സമദാനി

*അനുബന്ധം* ..60

ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതരേഖ

ലേഖകർ ..63

ബേസ്റൗമ പ്രസിദ്ധീകരണങ്ങൾ

പ്രസാധകക്കുറിപ്പ്

# ചാരിതാർത്ഥ്യത്തോടെ...

ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

ചാവറ ദർശനവും അനുബന്ധവിചാരധാരകളും കുറെക്കൂടി വ്യാപകമായ തലത്തിൽ ദൃശ്യ-ശ്രവ്യ-മുദ്രണതലങ്ങളിലൂടെ കേന്ദ്രീകൃതമായി സമൂഹമദ്ധ്യത്തിൽ എത്തിക്കുന്നതിന് സി.എം.ഐ.,സി.എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ച പ്രകാശനധാരയാണ് **ബെസ്‌റൗമ**. സി.എം.ഐ. സഭയുടെ പ്രിയോർ ജനറൽ ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ; സി.എം.സി. സഭയുടെ സുപ്പീരിയർ ജനറൽ സിസ്റ്റർ സാങ്റ്റ, ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടർ ഫാ.തോമസ് പന്തപ്ലാക്കൽ, സി.എം.സി. ജനറൽ കൗൺസിൽ അംഗമായ സിസ്റ്റർ ലിയോനില, സഭാ പ്രതിനിധിയായ സിസ്റ്റർ ആവില എന്നിവർ അംഗങ്ങളും പ്രഗത്ഭ നാടക സൈദ്ധാന്തികനും സംഗീത നാടക അക്കാദമി വൈസ് ചെയർമാനുമായ ടി.എം.എബ്രഹാം അദ്ധ്യക്ഷനും പ്രഗത്ഭ ചലച്ചിത്രകാരനും മാധ്യമ വിദഗ്ധനുമായ ജോൺപോൾ കാര്യദർശിയും ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാദർ റോബി കണ്ണൻചിറ

കോർഡിനേറ്ററുമായ ഒരു ഗവേഷണ പാനലാണ് ബേസ്റൗമ പ്രകാശനധാരക്ക് നേതൃത്വം നൽകിവരുന്നത്.

2011 ജനുവരി 21-ാം തീയതി എറണാകുളത്ത് കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെ പാലാരിവട്ടത്തെ പാസ്റ്ററൽ ഓഡിയന്റേഷൻ സെന്ററിലെ മദർതെരേസാ ഓഡിറ്റോറിയത്തിൽ നടത്തിയ ചാവറ അനുസ്മരണ പ്രഭാഷണത്തിന്റെ ഭാഗമായി പ്രഗത്ഭ പണ്ഡിതനും സാംസ്കാരിക വിചാരകനും വാഗ്മിയുമായ അബ്ദുൾ സമദ് സമദാനിയും കേരളത്തിന്റെ സാംസ്കാരികവേദിയിലെ നിറ സാന്നിധ്യമായ മുൻ കാലടി ശ്രീശങ്കര സംസ്കൃത സർവകലാശാല വൈസ് ചാൻസലറും ഇപ്പോൾ സംസ്ഥാന പബ്ലിക്ക് സർവീസ് കമ്മീഷൻ ചെയർമാനുമായ ഡോ.കെ.എസ്. രാധാകൃഷ്ണനും നടത്തിയ നിരീക്ഷണ പഠനങ്ങളാണ് ഈ ഗ്രന്ഥത്തിൽ. ഇത് രണ്ടാം പതിപ്പാണ്. ചാവറ സെൻട്രൽ സെക്രട്ടറിയേറ്റും കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്ററും ചേർന്നു സംയുക്തമായാണ് ആദ്യപതിപ്പ് പ്രസിദ്ധപ്പെടുത്തിയത്. അതിനു ലഭിച്ച പ്രോത്സാഹജനകമായ സ്വീകരണമാണ് ഈ രണ്ടാം പതിപ്പിനു ആത്മവിശ്വാസപിൻബലമാകുന്നത്. **ബേസ്റൗമ** പ്രകാശനധാര, രണ്ടാം പതിപ്പിന്റെ പ്രസാധന ചുമതല ഏറ്റെടുക്കുന്നത് ചാരിതാർത്ഥ്യത്തോടെയാണ്. *ആകാശദീപങ്ങൾ സാക്ഷി, സുകൃതംസ്മര, ഇതാ ഞാൻ അവിടത്തെ ദാസൻ, എന്റെ ഓഹരിയും പാനപാത്രവും* എന്നീ ഗ്രന്ഥങ്ങളുടെ തുടർച്ചയായാണ് ഈ പ്രസാധനം.

പ്രഭാഷകരോടും ഉള്ളടക്കത്തിന്റെ സംശോധന നിർവഹിച്ച *ഫാ.റോബി കണ്ണൻചിറ,* അവതാരികകാരനായ സി.എം.ഐ. സഭയുടെ പ്രിയോർ ജനറൽ *ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ,* പ്രാരംഭ സന്ദേശം കുറിച്ച സി.എം.സി.സഭയുടെ സുപ്പീരിയർ ജനറൽ, സിസ്റ്റർ *സാങ്റ്റ,* സി.എം.ഐ.സഭയുടെ വികാരി ജനറൽ *റവ. ഡോ.ജോർജ് താഞ്ചൻ;* സി.എം.സി. ജനറൽ കൗൺസിൽ അംഗം സിസ്റ്റർ *ലിയോനില,* രൂപ വിഭാവന മേൽനോട്ടം വഹിച്ച കേരള സാഹിത്യ അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ, **ബേസ്റൗമ** കൺവീനർ *ജോൺപോൾ,* ഏകോപനം നിർവഹിച്ച *ജോളി പവേലിൽ,* മുഖച്ചിത്രരചന നിർവഹിച്ച *ഗായത്രി അശോക്,* പ്രീപ്രസ്സ് ലേഔട്ട് നിർവഹിച്ച *ഷാനൽ ലോപ്പസ്, റീനു തോമസ്,* മുദ്രണം ഭംഗിയായി നിർവഹിച്ച *അനശ്വര പ്രിന്റേഴ്സ്* എന്നിവരോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

# സ്വർഗ്ഗീയ ചൈതന്യത്തിന്റെ പ്രസരണ വഴിയേ...

ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിന്റെ സാമൂഹിക,സാംസ്കാരിക, വിദ്യാഭ്യാസ, ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ പുതിയ കാൽവയ്പുകൾ നടത്തിയ പുണ്യാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. തനിക്കു ശേഷമുള്ള സമൂഹത്തിന്റെ ചരിത്രവും സംസ്കാരവും തന്റെ സർഗ്ഗചേതനകൊണ്ട്, ദർശനങ്ങൾകൊണ്ട്, പൂരിപ്പിക്കപ്പെടുകയും, പൂർത്തീകരിക്കപ്പെടുകയും വേണമെന്നത് ഏതൊരു മഹാത്മാവിന്റെയും യോഗസുകൃതമാണ്. ചരിത്രത്തിന്റെ തുടർച്ചയെ സ്വാധീനിക്കുവാൻ തക്കവിധം അപരർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ചാവറയച്ചന്റെ ജീവിതം ഇന്ന് കൂടുതലായി ചർച്ച ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ ദർശനങ്ങൾ ആധുനിക സമൂഹ മനസ്സാക്ഷിയുടെ രൂപീകരണത്തിൽ മുഖ്യപങ്കുവഹിക്കുകയും ചെയ്യുന്നു. നാം മറ്റുള്ളവർക്കുവേണ്ടി മാറ്റിവയ്ക്കുന്ന സമയം, കാലം തനിക്കായി അതിന്റെ താളിൽ സൂക്ഷിച്ചുവയ്ക്കുമെന്ന് ഈ വിശുദ്ധജീവിതം സാക്ഷ്യപ്പെടുത്തുന്നു.

ചാവറ പിതാവ് കേരളത്തിലെ സാധാരണ ജനങ്ങൾക്ക്, കേരളീയസമൂഹത്തിന്റെ നവോത്ഥാനത്തിന്, നൽകിയ സംഭാവനകൾ വേണ്ടത്ര വിലയിരുത്തപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല എന്നുള്ളത് ദൗർഭാഗ്യകരമായ കാര്യമാണ്. പൊതുവിദ്യാഭ്യാസത്തിലൂടെ ജാതിമതഭേദചിന്തകൾക്കതീതമായ ഒരു പൊതു സമൂഹത്തെ സൃഷ്ടിക്കുവാൻ ചാവറ പിതാവ് നൽകിയ സംഭാവനകൾ വളരെ മഹത്തരമാണ്. പള്ളികളോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുക, ആ പള്ളിക്കൂടങ്ങളിലൂടെ സർവർക്കും വിദ്യാഭ്യാസം നൽകുക എന്ന ദർശനം കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ വഴിത്തിരിവുണ്ടാക്കി; ഒരു പൊതുസമൂഹസൃഷ്ടിക്ക് നാന്ദിയായി.

ചാവറ പിതാവിന്റെ ദർശനങ്ങൾ സാക്ഷാൽക്കരിക്കുന്നതിനും സമൂഹമധ്യത്തിൽ അവതരിപ്പിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട സി.എം.ഐ., സി.എം.സി. സഭകളുടെ സംയുക്തസംരംഭമായ ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ മുൻ ഡയറക്ടറും സി.എം.ഐ. സഭയുടെ മുൻ പ്രിയോർ ജനറലും ഇപ്പോൾ ബാംഗ്ലൂരിലെ ക്രൈസ്റ്റ് സർവ്വകലാശാലയുടെ ചാൻസലറുമായ *റവ.ഡോ. തോമസ് ഐക്കര* ചാവറയച്ചനെ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്:

*വിശാലമായ ദർശനവും സർഗ്ഗാത്മകമായ ദൗത്യവും തന്റെ അനുദിന ജീവിതത്തിൽ സമഞ്ജസമായി സമന്വയിപ്പിച്ച സമയാതീതനായ ഒരത്ഭുത വ്യക്തിയായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. മനസ്സിൽ മതിലുകൾ പണിയാതെ മതവും സാഹിത്യവും സംസ്കാരവുമെല്ലാം മനുഷ്യന്റെ സമഗ്രതയെ കോർത്തിണക്കുന്നതിനായി ജീവിതം സമർപ്പിച്ച ആന്തരികസ്വാതന്ത്ര്യത്തിന്റെ ഒരു നവോത്ഥാനശക്തിയായിരുന്നു അദ്ദേഹം.*

1805 ഫെബ്രുവരി 10ന് കൈനകരിയിൽ ജനിച്ച് 1871 ജനുവരി 3 ന് കൂനമ്മാവിൽ മരണംവരിച്ച ചാവറ പിതാവിന്റെ വിശുദ്ധ ജീവിതം കത്തോലിക്കാ സഭയിൽ വണക്കത്തിനായി ഉയർത്തപ്പെട്ടിട്ട് 25 വർഷങ്ങൾ പൂർത്തിയാവുകയാണ്. കേരളത്തിലെ ക്രൈസ്തവസഭകളും ചരിത്രപണ്ഡിതരും സാമൂഹികവിചാരകരും ഈ വിശുദ്ധന്റെ ജീവിതദർശനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു.

വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ മരണശേഷം നടന്ന ചരിത്രസംഭവങ്ങളെക്കുറിച്ച് പ്രശസ്ത ചരിത്രകാരനും സി.എം.ഐ.സഭയുടെ റിസേർച്ച് ആൻഡ് ഡോക്യുമെന്റേഷൻ വിഭാഗത്തിന്റെ തലവനും, ബെസ്റ്റോമ ഗവേഷണ കൗൺസിൽ അംഗവും ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടറുമായ *ഫാ.തോമസ് പന്തപ്ലാക്കൽ* ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു:

*1871 ജനുവരി 4 ാം തിയതി കൂനമ്മാവ് സെന്റ്.ഫിലോമിനാസ് ദേവാലയത്തിൽ അടക്കം ചെയ്യപ്പെട്ട വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ 1889 മെയ് മാസത്തിൽ നിശ്ചയിക്കപ്പെട്ട പ്രതിനിധികളുടെ സാന്നിധ്യത്തിൽ കല്ലറ തുറന്നെടുക്കുകയും അതേമാസം 24 ാം തീയതി മാന്നാനത്ത് ആശ്രമ ദേവാലയത്തിൽ മദ്ബഹായുടെ താഴെ ആഘോഷമായി അടക്കം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ നാമകരണ നടപടികളുടെ ഭാഗമായി 1985 ജൂൺ 21 ന് ചങ്ങനാശ്ശേരി അതിരൂപത അധ്യക്ഷനായിരുന്ന ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറയുടെ സാന്നിദ്ധ്യത്തിൽ ഔദ്യോഗികമായി മാന്നാനത്തെ കബറിടം തുറന്ന് അസ്ഥിയുടെ ഭാഗങ്ങൾ പുറത്തെടുത്ത് തിരുശേഷിപ്പായി വണക്കം ചെയ്യപ്പെടുന്നതിന് റോമിലെ റെലിക് ഡിപ്പോസിറ്ററിയിലും മാന്നാനത്ത് വൈസ് പോസ്റ്റുലേറ്ററിന്റെ നിയന്ത്രണത്തിലും സൂക്ഷിച്ചിരിക്കുന്നു. അതിനുശേഷം വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ നാമകരണനടപടികളുടെ പോസ്റ്റുലേറ്റർ ബഹുമാനപ്പെട്ട ലൂക്കാസ് വിത്തുവട്ടിക്കലച്ചനാണ് വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുശേഷിപ്പ് കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ വണക്കത്തിനായി പ്രതിഷ്ഠിക്കുന്നതിനു കൊടുത്തുവിട്ടത്.*

ഇന്നും ആയിരങ്ങളെ പ്രചോദിപ്പിക്കുന്ന ചാവറയച്ചന്റെ സവിശേഷസംഭാവനകളിൽ ഏറ്റവും പ്രധാനപ്പെട്ട ചിലതിനു പ്രത്യേക ഊന്നൽ നൽകി അവതരിപ്പിക്കുകയാണ് ഈ ലഘുഗ്രന്ഥത്തിൽ. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പേരിൽ കാലികമായ വിഷയങ്ങളെക്കുറിച്ച് അനുസ്മരണപ്രഭാഷണങ്ങൾ തുടർച്ചയായി നടത്തുന്നത് സംഗതമാകുമെന്നതുകൊണ്ട് ചാവറയച്ചൻ സമാരംഭിച്ച സി.എം.ഐ., സി.എം.സി. സന്ന്യാസസഭകൾ സംയുക്തമായാണ് ഈ സംരംഭത്തിന് മുന്നിട്ടിറങ്ങിയിരിക്കുന്നത്.

ആദ്യപ്രഭാഷണവും അനുബന്ധവിചാരങ്ങളും പുസ്തകരൂപത്തിലാക്കി സാംസ്കാരികലോകത്തിന് സമ്മാനിക്കുവാൻ കഴിയുന്നതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. ഇതൊരു തുടക്കം മാത്രമാണ്. ദൈവികചൈതന്യം തെളിച്ചു തന്ന ദർശനങ്ങളെ കൈയ്യെത്തുംപാടത്ത് നാളെ പത്തല്ല നൂറുമേനി വിളവുകൊയ്യുന്ന വലിയ വലിയ സാക്ഷാത്കാരങ്ങളിലേക്കു പടർന്ന് പന്തലിച്ച് വ്യാപിക്കുവാൻ ഇടവരുത്തിയ ചാവറപിതാവിന്റെ ആത്മാവിലെ സ്വർഗ്ഗീയചൈതന്യത്തിന്റെ പ്രസരണം ഈ സ്വപ്നങ്ങളെയും യാഥാർത്ഥ്യമാക്കുമെന്നു നമുക്കുറച്ചു വിശ്വസിക്കാം. നടന്നുതാണ്ടിയെത്തുവാൻ ഒരുപാടുദൂരം മുൻപിലുണ്ട്. പരക്ഷ ചെന്നെത്തിയാൽ പ്രാപ്തമാക്കാനാവുന്ന കൈവല്യസുകൃത

ങ്ങളെ ഒന്നര നൂറ്റാണ്ടുമുൻപേ പ്രവാചകസ്വരത്തിൽ ചാവറപിതാവു വ്യംഗ്യപ്പെടുത്തിയിരിക്കുന്നു. ആ ഓർമ്മയുടെയും അതുണർത്തുന്ന പിൻബലത്തിൽ ഉണർവായെത്തുന്ന പ്രഭാപ്രസരണ ശോഭയുടെയും ആർജ്ജവത്തിൽ നമുക്കൊന്നും അസാധ്യമല്ലതന്നെ! പൂർണ്ണമനസ്സോടെ നാം ആ ദിവ്യചൈതന്യത്തിനു നമ്മെത്തന്നെ സമർപ്പിക്കുക മാത്രമേ വേണ്ടതുള്ളൂ.. ആ സമർപ്പണം ദൗത്യമായും നിയോഗമായും ഈ സഭകളും **ബേസ്റൗമ**യും ശിരസ്സാ ഏറ്റെടുക്കുന്നു.

# യുഗസ്രഷ്ടാവായ കർമ്മയോഗി

**ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ** സി.എം.ഐ.
പ്രിയോർ ജനറൽ

പതിമൂന്നാം വയസ്സിൽ വീട്ടുതടങ്കലിൽ കഴിയേണ്ട അവസ്ഥ. കഴിഞ്ഞകാല സംഭവങ്ങളെക്കുറിച്ചോർത്തപ്പോൾ ആ ബാലന്റെ ഹൃദയം വിങ്ങി. കണ്ണുകൾ നിറഞ്ഞൊഴുകി. എങ്കിലും സെമിനാരിയിലേക്കു മടങ്ങുവാനുള്ള തീരുമാനത്തിൽ ബാലൻ ഉറച്ചുനിന്നു. പതിമൂന്നാം വയസ്സിലായിരുന്നു കൈനകരി ചാവറ കുടുംബത്തിൽ നിന്നു കുര്യാക്കോസ് എന്ന സമർഥനായ വിദ്യാർഥി പള്ളിപ്പുറം സെമിനാരിയിൽ ചേർന്നത്. അധികം താമസിയാതെ മാതാപിതാക്കളും ഏകസഹോദരനും ഒരു പകർച്ചവ്യാധിമൂലം മരണമടഞ്ഞു. ചാവറഭവനത്തിൽ പിന്നെ അവശേഷിച്ചത് സഹോദരന്റെ ഭാര്യയും അവരുടെ ഏക പുത്രിയുമായിരുന്നു.

ഈ പശ്ചാത്തലത്തിലാണു കുര്യാക്കോസിന്റെ പിതൃസഹോദരങ്ങൾ സെമിനാരിയിൽ നിന്ന് ആ ബാലനെ വീട്ടിലെത്തിച്ചതും സെമിനാരി പഠനം ഉപേക്ഷിക്കുവാൻ നിർബന്ധിച്ചതും. എന്നാൽ,

ജനസേവനത്തിനായി തന്റെ ജീവിതം സമർപ്പിക്കുന്നതിൽ നിന്നു പിന്നോട്ടുപോകുവാൻ ആ ബാലൻ തയാറായില്ല. വിവാഹിതയായിരുന്ന മൂത്ത സഹോദരിയെ വീടിന്റെയും സഹോദരഭാര്യയുടെയും അവരുടെ പുത്രിയുടെയും ചുമതല ഏല്പിച്ച് കുര്യാക്കോസ് സെമിനാരിയിലേക്കു മടങ്ങി.

പ്രതിസന്ധികൾക്കിടയിലും പതറാതെ ആ ബാലൻ സെമിനാരിയിലേക്കു നടത്തിയ ആ മടക്കയാത്രയാണു പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിനു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (1805-1871) എന്ന നവോത്ഥാനനായകനെ സമ്മാനിച്ചത്. അദ്ദേഹത്തിന്റെ ജീവിതം വിലയിരുത്തിക്കൊണ്ട് *ഡോ. സുകുമാർ അഴീക്കോട്* ഇപ്രകാരം എഴുതിയിരിക്കുന്നു:

*പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ ആ വ്യക്തി പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചുകൊണ്ടുതന്നെ ഇരുപതാം നൂറ്റാണ്ടും, ഇരുപത്തൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ച ആളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്. ചാവറയച്ചൻ അത്തരത്തിൽ ഒരു യുഗസ്രഷ്ടാവായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയസമൂഹത്തിനു ശക്തിയും വെളിച്ചവും പകർന്ന ചാവറയച്ചൻ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്കു സൂര്യതേജസ്സായി ചൂടും വെളിച്ചവും പകരുന്നു. ഇതു തുടർന്നു കൊണ്ടേയിരിക്കും.*[1]

## പള്ളിയ്ക്കൊരു പള്ളിക്കൂടം

എങ്ങനെയാണു ചാവറയച്ചൻ യുഗസ്രഷ്ടാവായി മാറിയത്? വൈദികപഠനം പൂർത്തിയാക്കി 24-ാം വയസ്സിൽ പൗരോഹിത്യം സ്വീകരിച്ച ചാവറയച്ചൻ ആദ്യം ശ്രമിച്ചത് പാലയ്ക്കൽ തോമാ മല്പാൻ, പോരൂക്കര തോമാ മല്പാൻ എന്നിവരോടൊപ്പം ഒരു തദ്ദേശീയ സന്ന്യാസസഭയ്ക്ക് രൂപംകൊടുക്കാനാണ്. അങ്ങനെയാണ് ഇരുപത്തിയൊൻപതു രാജ്യങ്ങളിലായി ഇപ്പോൾ പ്രവർത്തിക്കുന്ന സി.എം.ഐ. സന്ന്യാസസഭ 1831-ൽ മാന്നാനത്ത് ആരംഭിച്ചത്. 1855-ൽ സി.എം.ഐ. സഭ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട സമൂഹമായി മാറുമ്പോൾ ചാവറയച്ചനായിരുന്നു സഭയുടെ തലവൻ. 1871 ജനുവരി മൂന്നിന് 66-ാംവയസ്സിൽ ചരമമടയുന്നതുവരെ അദ്ദേഹം സഭയുടെ തലവനായി തുടരുകയും ചെയ്തു.

സി.എം.ഐ. സന്ന്യാസസമൂഹത്തിന്റെ തലവൻ എന്ന നിലയിൽ ചാവറയച്ചൻ ആദ്യം യത്നിച്ചത് കത്തോലിക്കാ സഭാംഗങ്ങളുടെ ആധ്യാത്മികനവീകരണത്തിനുവേണ്ടിയാണ്. എന്നാൽ, അതോടൊപ്പം മറ്റൊരുകാര്യംകൂടി അദ്ദേഹം ചെയ്തു. അത് ജനങ്ങളുടെയിടയിൽ സാർവത്രികവിദ്യാഭ്യാസം നടപ്പാക്കുക എന്നുള്ളതായിരുന്നു. അവർണ്ണർക്കു വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന അക്കാലഘട്ടത്തിൽ അവർക്കുകൂടി പ്രവേശനം നല്കിക്കൊണ്ടാണ് 1846-ൽ അദ്ദേഹം മാന്നാനത്ത് സ്കൂൾ ആരംഭിച്ചത്. ആർഷഭാഷയായ സംസ്കൃതത്തെ സ്നേഹിച്ചിരുന്ന ചാവറയച്ചൻ അന്ന് ആരംഭിച്ചത് ഒരു സംസ്കൃതസ്കൂളായിരുന്നു. കേരള സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി നിയമിതനായതിനുശേഷമാണ് ഒരു വിദ്യാഭ്യാസ വിപ്ലവത്തിനുതന്നെ അദ്ദേഹം തുടക്കംകുറിച്ചത്. ഓരോ പള്ളിയോടുമൊപ്പം പള്ളിക്കൂടം സ്ഥാപിക്കണമെന്ന കല്പന 1864-ൽ പുറപ്പെടുവിച്ചതിലൂടെ അദ്ദേഹം നടത്തിയ ധീരമായ കാൽവയ്പ് കേരളസമൂഹത്തെ എങ്ങനെ മാറ്റിമറിച്ചു എന്ന് ആരോടും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. പള്ളിക്കൂടങ്ങൾ ആരംഭിക്കാത്ത പള്ളികളെ ശിക്ഷിക്കുമെന്നുവരെ പ്രഖ്യാപിച്ചുകൊണ്ടു സാർവത്രികവിദ്യാഭ്യാസത്തിന് അദ്ദേഹം നല്കിയ പ്രാധാന്യം ആർക്കും അത്ര എളുപ്പത്തിൽ വിസ്മരിക്കാമെന്നു തോന്നുന്നില്ല.

പണമുള്ളവർക്കുമാത്രമല്ല പാവപ്പെട്ടവർക്കും പഠിക്കാൻ അവസരം ലഭിക്കണമെന്നു വിശ്വസിച്ച ക്രാന്തദർശിയായ ചാവറയച്ചൻ വസ്ത്രം, ഭക്ഷണം, പുസ്തകം എന്നിവ സൗജന്യമായി നല്കിക്കൊണ്ടാണു പാവപ്പെട്ട കുട്ടികളെ വിദ്യാഭ്യാസത്തിനു പ്രേരിപ്പിച്ചത്. ചാവറയച്ചൻ ആരംഭിച്ച സൗജന്യ ഉച്ചക്കഞ്ഞി വിതരണത്തിൽനിന്നു പ്രചോദനം സ്വീകരിച്ചുകൊണ്ടാണ് പിൽക്കാലത്തു സർക്കാർ സ്കൂളുകളിലെ പാവപ്പെട്ട വിദ്യാർഥികൾക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന ശിപാർശ ദിവാനായിരുന്ന *സി.പി. രാമസ്വാമി അയ്യർ* 1936 നവംബർ 26 ന് തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ചതെന്നു കേരള ചരിത്രകാരനായ പ്രൊഫ. എ. *ശ്രീധര മേനോൻ* സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്[2]. ചാവറയച്ചൻ തുടങ്ങിവച്ച വിദ്യാഭ്യാസ വിപ്ലവത്തിന്റെ തുടർച്ചയായിട്ടാണ് കേരളത്തിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ബാംഗളൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ഉൾപ്പെടെ നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ സി.എം.ഐ. സഭ ഇപ്പോൾ നടത്തുന്നത്.

സമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്കു സ്ത്രീകളുടെ ഉന്നമനം അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കിയ ചാവറയച്ചൻ അതിനു സ്വീകരിച്ച ആദ്യനടപടി സ്ത്രീകൾക്കായി ഒരു സന്ന്യാസ സമൂഹം സ്ഥാപിക്കുക എന്നുള്ളതായിരുന്നു. അങ്ങനെയാണ് 1866 ൽ *സി.എം.സി.* എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന *കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമൽ* എന്ന സന്ന്യാസിനീ സമൂഹം ജന്മമെടുത്തത്. മിഷനറിയായിരുന്ന *ഫാ. ലെയോപ്പോൾദിന്റെ* സഹകരണത്തോടു കൂടി ആരംഭിച്ച ഈ സന്ന്യാസസഭ ആറായിരത്തിമുന്നൂറിലേറെ അംഗങ്ങളുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യംവച്ച് 1868 ൽ ചാവറയച്ചൻ സ്ഥാപിച്ച പെൺകുട്ടികൾക്കുള്ള ബോർഡിംഗും സ്കൂളും ഈ രംഗത്ത് കേരളത്തിൽ നടന്ന ആദ്യകാൽവയ്പുകളായിരുന്നു.

1846ൽ മാന്നാനത്ത് പ്രിന്റിംഗ് പ്രസ് ആരംഭിച്ചു. തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടത്തിനും കോട്ടയത്തെ സി.എം.എസ്. പ്രസ്സിനും പിന്നാലെ തിരുവിതാംകൂറിൽ സ്ഥാപിതമായ മൂന്നാമത്തെ പ്രസ്സായിരുന്നു ഇത്. ഈ പ്രസ്സിൽ നിന്നാണ് 1887 ൽ മലയാളത്തിലെ പ്രഥമ ദിനപ്പത്രമായ *'ദീപിക'* യുടെ ആദ്യ രൂപമായ **നസ്രാണി ദീപിക** പ്രതിവാരികയായി പുറത്തുവന്നത്. മാന്നാനത്ത് പ്രസ് സ്ഥാപിച്ചതിനുശേഷം കൂനമ്മാവിലും ചാവറയച്ചൻ ഒരു പ്രസ് സ്ഥാപിക്കുകയുണ്ടായി.

## അക്ഷരധ്യാനത്തിലും<br>അലിവിന്റെ ശുശ്രൂഷയിലും

വിദ്യാഭ്യാസപ്രവർത്തനങ്ങളോടൊപ്പം അച്ചടിരംഗത്തും നേതൃത്വം നൽകിയ ചാവറയച്ചൻ സാഹിത്യരംഗത്തും മുന്നിട്ടുനിന്നു. മലയാളം, സംസ്കൃതം, തമിഴ്,ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകളിൽ പണ്ഡിതനായിരുന്ന ചാവറയച്ചൻ നല്ലൊരു കവിയും എഴുത്തുകാരനുമായിരുന്നു. ചാവറയച്ചൻ എഴുതിയ *ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുവാനുള്ള പാന* എന്നീ കവിതാഗ്രന്ഥങ്ങൾ മലയാള ഭാഷയുടെ വികസനത്തിൽ വഹിച്ച പങ്ക് നിസ്സാരമല്ല. 1861 ൽ ചാവറയച്ചൻ രചിച്ച *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതി മലയാള ഭാഷയിലെ

ആദ്യത്തെ ഖണ്ഡകാവ്യമായി പരിഗണിക്കപ്പെടാതെ പോയത് നിർഭാഗ്യകരമാണ്. മലയാള ഭാഷാരംഗത്ത് അദ്ദേഹം പ്രകടമാക്കിയ നവോത്ഥാന പ്രവണത വിസ്മരിക്കപ്പെട്ടതുമൂലമാണ് അപ്രകാരം സംഭവിച്ചത്. മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം എന്നു പരക്കെ അറിയപ്പെടുന്ന *മലയവിലാസം* എന്ന കൃതി എ.ആർ. രാജരാജവർമ്മ രചിക്കുന്നതിനു 34 വർഷം മുമ്പാണ് ചാവറയച്ചൻ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ഖണ്ഡകാവ്യം പ്രസിദ്ധീകരിച്ചത് എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

വിദ്യാഭ്യാസ,സാംസ്കാരിക,മതരംഗങ്ങളിൽ നവോത്ഥാനത്തിന്റെ ശംഖനാദം മുഴക്കിയ ചാവറയച്ചൻ സാമൂഹികരംഗത്തും തനതായ സംഭാവനകൾ നല്കിയിട്ടുണ്ട്. കേരളത്തിൽ ആദ്യമായി കൈനകരിയിൽ ഒരു ധർമശാല ആരംഭിച്ച ചാവറയച്ചൻ ജീവകാരുണ്യ പ്രവർത്തനരംഗത്തു ചെയ്ത സേവനം അവിസ്മരണീയമാണ്. അദ്ദേഹം തുടങ്ങിവച്ച രണ്ട് സന്ന്യാസസമൂഹങ്ങളും ഭാരതത്തിലും ഭാരതത്തിനു പുറത്തും വളരെ വ്യാപകമായ സേവനമാണ് ഈ രംഗത്തു തുടർന്നുകൊണ്ടിരിക്കുന്നത്. ദൈവം പാവപ്പെട്ടവർക്കൊപ്പമാണെന്നു വിശ്വസിച്ച ചാവറയച്ചൻ ജോലിക്കാർക്കു ന്യായമായ വേതനം നൽകണമെന്നു ശാഠ്യംപിടിച്ചിരുന്നു. അക്കാലത്തു ദളിതരെക്കൊണ്ടു നിർബന്ധിതമായി ജോലി ചെയ്യിപ്പിച്ചിരുന്ന *ഊഴിയം* എന്ന പതിവ് നിർത്തലാക്കുന്നതിൽ ചാവറയച്ചൻ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

സമൂഹത്തിലെ അടിത്തട്ടിലുള്ളവർക്കുവേണ്ടി ശബ്ദമുയർത്തിയ ചാവറയച്ചൻ മതസൗഹാർദം വർധിപ്പിക്കുന്നതിലും മതസഹിഷ്ണുത ഉറപ്പുവരുത്തുന്നതിലും ബദ്ധശ്രദ്ധനായിരുന്നു. സി.എം.ഐ. സഭാസ്ഥാപനത്തിനായി ആദ്യം തിരഞ്ഞെടുത്ത സ്ഥലം ചില ഹൈന്ദവ സഹോദരങ്ങൾക്ക് അപ്രീതികരമാണെന്നു മനസ്സിലാക്കിയപ്പോൾ ചാവറയച്ചൻ ആ സ്ഥലം ഉപേക്ഷിക്കുകയും വേറൊരുസ്ഥലം തിരഞ്ഞെടുക്കുകയും ചെയ്തത് മതസൗഹാർദം വളർത്തുന്നതിൽ അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നെന്നു വ്യക്തമാക്കുന്നു.

കേരള സമൂഹത്തിന്റെ നവോത്ഥാനത്തിനും സമഗ്രമായ വളർച്ചയ്ക്കും വിലയേറിയ സംഭാവനകൾ നൽകിയ ചാവറയച്ചൻ എല്ലാ അർഥത്തിലും ഒരു മഹാത്മാവുതന്നെയായിരുന്നു; ഒരു മഹാത്മാവ് എന്നതിനെക്കാൾ അധികമായി അദ്ദേഹം പുണ്യാത്മാവു കൂടിയായിരുന്നു. ദൈവവുമായുണ്ടായിരുന്ന അഗാധമായ ബന്ധമാണ്

അദ്ദേഹത്തെ ഒരു തികഞ്ഞ മനുഷ്യസ്നേഹിയും സാമൂഹിക പരിഷ്കർത്താവും സാംസ്കാരികനായകനും വിദ്യാഭ്യാസ പ്രവർത്തകനുമൊക്കെയായി മാറ്റിയത്. കാലത്തിനുമുമ്പേനടന്ന ഈ നവോത്ഥാനനായകൻ താൻ തുടങ്ങിവച്ച നിരവധിയായ സംരംഭങ്ങളിലൂടെ ഇന്നും സജീവസാന്നിധ്യമായി, അനുഗ്രഹവർഷമായി, നമ്മുടെ സംസ്കൃതിയെ ചൈതന്യധന്യമാക്കുന്നു.

# ആ സേവനശുശ്രൂഷയുടെ തുടർഘോഷം

സിസ്റ്റർ സാങ്റ്റാ സി.എം.സി.
സുപ്പീരിയർ ജനറൽ

ഭാരതത്തിന്റെ തെക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന കേരളസംസ്ഥാനത്തിന് വിശേഷണങ്ങൾ ഏറെയാണ്. അവയെല്ലാം ഉൾക്കൊള്ളിച്ചാകണം *ദൈവത്തിന്റെ സ്വന്തം നാട്* എന്നൊരു ലേബൽ അകത്തും പുറത്തും അതിനു കൈവന്നത്. ഈ മഹനീയ നാമത്തിന് കളങ്കം ചാർത്തുന്ന പലതും വിധി വൈപരീത്യത്താൽ കേരളത്തിൽ കടന്നുകൂടിയിട്ടുണ്ടെങ്കിലും *സമ്പൂർണ്ണസാക്ഷര സംസ്ഥാനം* എന്ന ബഹുമതി ഭാരതത്തിൽ കേരളത്തിനു മാത്രം ലഭിച്ചിട്ടുള്ള ഒന്നാണ്. 1991 ഏപ്രിൽ 18 ന് ആയിരുന്നു തത്സംബന്ധമായ പ്രഖ്യാപനം. പൊതുവിദ്യാഭ്യാസത്തിന്റെയും സ്ത്രീവിദ്യാഭ്യാസത്തിന്റെയും മതാത്മകവിദ്യാഭ്യാസത്തിന്റെയും മേഖലകളിലും കേരളം തന്നെയായിരുന്നു എക്കാലവും മുൻപന്തിയിൽ. ഭാരതത്തിലെ 28 സംസ്ഥാനങ്ങളിൽ കേരളത്തിനുമാത്രം എങ്ങനെ ഈ സവിശേഷത കൈവരിക്കാനായി എന്ന ചോദ്യം പ്രസക്തമാണ്. അതിനുള്ള ഹേതുപരിവൃത്തത്തിൽ ഊർജ്ജതന്ത്രത്തിലെ ഒരു *കെയോസ് സിദ്ധാന്തം (chaos theory)* ഒളിഞ്ഞിരിപ്പുണ്ട്.

19-ാം നൂറ്റാണ്ടിന്റെ ദശകങ്ങളിൽ എവിടെയോ കേരളത്തിന്റെ ഏതോ ഒരു കോണിൽ ഒരു *ചിത്രശലഭത്തിന്* തുടർച്ചയായി അതിന്റെ ചിറകടിക്കുവാൻ നല്ലദൈവം ഇടയാക്കി. അതിന്റെ ഫലശ്രുതി ഇന്ന് വൻകാറ്റായി കേരളത്തിലും ഇന്ത്യയിലും മാത്രമല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വീശിക്കൊണ്ടിരിക്കുന്നു. ദൈവമനുഷ്യനും മനുഷ്യസ്നേഹിയും പുണ്യപുരുഷനുമായ ചാവറ കുര്യാക്കോസ് ഏലിയാസ് (1805-1871) എന്ന കൊച്ചു ചിത്രശലഭം 19-ാം നൂറ്റാണ്ടിൽ കേരളത്തിലുണർത്തിയ ചലനങ്ങൾ ഇന്ന് വിദൂരഭാവി ഫലങ്ങൾ കൈവരിച്ചിരിക്കുന്നതായി നാം അറിയുന്നു. അദ്ദേഹം തുടങ്ങിവച്ച *പള്ളിയോട് ചേർന്ന് പള്ളിക്കൂടം* എന്ന പ്രസ്ഥാനം, അവർണ്ണർക്കും സവർണ്ണർക്കും ഒരുമിച്ചിരുന്ന് പഠിക്കുവാൻ ഇടതന്ന സംസ്കൃത സ്കൂൾ, ഇവ എക്കാലത്തേക്കുമായി ഏറ്റെടുത്തു തുടർന്നുകൊണ്ടുപോകുവാനായി അദ്ദേഹം തന്നെ മുൻകൈ എടുത്ത് ആരംഭിച്ച സന്ന്യാസ - സന്ന്യാസിനീ സമൂഹങ്ങൾ...ഇവയൊക്കെ കേരളത്തിന്റെ സാമൂഹികധാരയിൽ വിപ്ലവാത്മക മുന്നേറ്റത്തിന് നിമിത്തമാവുകയും ദൂരവ്യാപകമായ ഫലങ്ങൾ കൊയ്തെടുക്കുകയുമുണ്ടായി. പൊതുവിദ്യാഭ്യാസത്തിലൂടെ ജാതിമതഭേദചിന്തകൾക്കതീതമായ ഒരു പൊതുസമൂഹത്തെ സൃഷ്ടിക്കുവാൻ ചാവറ പിതാവ് അന്ന് വിഭാവനം ചെയ്യുകയും അതിലൂടെ നൽകുകയും ചെയ്ത ശ്രേഷ്ഠസംഭാവനകളുടെ മഹത്വത്തെ കാലം സാക്ഷ്യപ്പെടുത്തുന്നു. ഭാരതത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, മതാത്മകമേഖലകളിൽ ഇന്ന് അനുഭവപ്പെടുന്ന കുതിപ്പിന് തന്നെ ഭൂമികയായത് ആ നല്ലതുടക്കമാണ്.

## സ്ത്രീശക്തിയുടെ പ്രസരണം

*സ്ത്രീവിദ്യാഭ്യാസം, സ്ത്രീസമുദ്ധാരണം, സ്ത്രീശാക്തീകരണം...* ഇവയൊക്കെ ഇന്ന് സർവസാധാരണവും സാർവത്രികവുമായ പ്രയോഗങ്ങളും പ്രക്രിയകളുമായി മാറിയിരിക്കുന്നു. എന്നാൽ 19-ാം നൂറ്റാണ്ടിൽ സ്ത്രീ എന്ന പദം തന്നെ അപൂർവ്വമായേ ഉച്ചത്തിൽ പുറമേ ഘോഷിച്ചുകേൾക്കുമായിരുന്നുള്ളൂ. സ്ത്രീയെ പിൻനിരയിൽ അബലയായും ദാസിയായും നിഴലായും മാത്രം വീക്ഷിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിതാവിന്റെ അടിമയായ മകൾ, ഭർത്താവിന്റെ അടിമയായ ഭാര്യ, മകന്റെ അടിമയായ അമ്മ...എന്നും കർട്ടനു പുറകിലെ വെറും നിഴൽ, ഭാരം വഹിക്കുകയും ദാസിവൃത്തി നിവർത്തിക്കുകയും ചെയ്യുമ്പോഴും ഫലവിളവെടുപ്പിൽ പങ്ക് നിഷേധിക്കപ്പെട്ടവൾ, പാർശ്വവൽക്കരിക്കപ്പെടുക

യല്ല, തമസ്കരിക്കപ്പെടുകതന്നെ ചെയ്തവൾ, അടുക്കളയിലും അകഅറയിലും മാത്രമായി തളച്ചിടപ്പെട്ടവൾ... ഇതിൽ കവിഞ്ഞ സ്ഥാനവും അർഹതയുമൊന്നും അന്നത്തെ സ്ത്രീസമൂഹത്തിന് അവകാശപ്പെടാനില്ലായിരുന്നു. കാലികളെപോലെ വാങ്ങാനും വിൽക്കാനും കഴിയുന്ന ഒരു വസ്തുവായി സ്ത്രീയെ തരം താഴ്ത്തിയിരുന്നു ആ കാലം.

ചാവറയച്ചന്റെ സമകാലികനും രണ്ടാം പ്രിയോരുമായിരുന്ന *പൊരൂക്കര ഏലിയാസച്ചൻ* 1874 ൽ കൂനമ്മാവ് മഠത്തിലെ അംഗങ്ങൾക്ക് അയച്ച കത്തിൽ ഇപ്രകാരം പറയുന്നു:

*ഉലക്ക പിടിക്കുകയും കലം തേക്കുകയും ചെയ്യുന്ന കൈ ഇതിൻ വണ്ണം എഴുതാനും, തന്നേയും തന്റെ സ്രഷ്ടാവിനേയും അറിയാതേയും അക്ഷരം കൂട്ടി ഒരുമിച്ച് വേണ്ടും വണ്ണം പറയുവാൻ തിരിയാതേയും ഒരു പ്രകാരം മൃഗമെന്ന പോലെ അടുക്കള ജീവിതസ്ഥിതിക്കാരായ നിങ്ങളെ ഇത്ര ഏറ്റിക്കപ്പെട്ട ഭാഗ്യാവസ്ഥയിൽ ഉയർത്തി സ്ഥാപിച്ച സർവേശ്വരൻ സ്തുതിക്കപ്പെടട്ടെ.*

19-ാം നൂറ്റാണ്ടിന്റെ ഈവിധമുള്ള പശ്ചാത്തലത്തിൽ സമൂഹത്തിന്റെ, രാജ്യത്തിന്റെ, എല്ലാറ്റിലും ഉപരി കുടുംബത്തിന്റെ സർവതോന്മുഖമായ യഥാർത്ഥ അഭ്യുന്നതിയിൽ സ്ത്രീകൾക്കുള്ള അനിഷേധ്യമായ പങ്ക് വിവേചിച്ചറിയുകയും അതുറക്കെ ഘോഷിക്കുകയും ചെയ്ത ക്രാന്തദർശിയാണ് കർമ്മയോഗിയായ ചാവറ പിതാവ്. സ്ത്രീയുടെ മഹനീയതയേയും കുടുംബത്തിലും സമൂഹത്തിലുമുള്ള അവളുടെ സ്വാധീനശക്തിയേയും തിരിച്ചറിയുവാനുള്ള ആദ്യപാഠങ്ങൾ സ്വന്തംമാതാവിൽ നിന്നു തന്നെയാണ് അദ്ദേഹം ഗ്രഹിച്ചത്. കുടുംബഭദ്രതയിൽ, സമൂഹനിർമ്മിതിയിൽ, തത്ഫലമായുള്ള സംസ്കൃതിയുടെ ശോഭാപാലനത്തിൽ രാജ്യത്തിന്റെ വളർച്ചയിൽ പുരുഷന്മാർക്കൊപ്പം അല്ലെങ്കിൽ ഒരു പടികൂടി കടന്ന്, അവരേക്കാൾ അധികമായിത്തന്നെ സംഭാവന ചെയ്യാൻ സ്ത്രീകൾക്കാവുമെന്ന് മനസ്സിലാക്കിയ ഈ ദൈവീക മനുഷ്യൻ അത് എങ്ങനെ സാധിതമാക്കാം, എവ്വിധം കൂടുതൽ ഫലപ്രാപ്തമാക്കാം എന്ന് ആഴത്തിൽ ചിന്തിച്ചു. അതിന്റെ ആദ്യപടിയായി കലാലയത്തിന്റെ വാതിൽ അവൾക്കു മുമ്പിൽ തുറക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

## ഒരു യജ്ഞത്തിന്റെ തുടക്കം

ഭൗതികതലത്തിൽ മാത്രമല്ല ആത്മീയജീവിതത്തിലും സ്ത്രീയുടെ സമഗ്രസമുദ്ധാരണം ഉറപ്പു വരുത്തുകയും അവളിലൂടെ സമൂഹത്തിന്റെ പുന:സൃഷ്ടി സാദ്ധ്യമാക്കുകയും ചെയ്യുക എന്ന

ലക്ഷ്യത്തോടെയാണ് *നിഷ്പാദുക കർമ്മലീത്ത മൂന്നാം സഭ* (T.O.C.D.) എന്ന പേരിൽ കൂനമ്മാവിൽ വന്ദ്യനായ *ലെയോപ്പോൾദ്* മിഷനറിയുടെ പിൻബല സഹായത്താൽ അദ്ദേഹം 1866 ൽ ആദ്യത്തെ തദ്ദേശീയ സന്ന്യാസിനീ സമൂഹത്തിന് തുടക്കംകുറിച്ചത്. മലയാളത്തിലെ പെൺപൈതങ്ങൾക്ക് *ഒരു പുണ്യസങ്കേതവും വേദകാര്യങ്ങൾ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീ മഠവും* (1) തത്ഫലമായുണ്ടായി. സ്ത്രീസമുദ്ധാരണത്തിന്റെ *മാഗ്നാകാർട്ടയ്ക്ക്* കേരളത്തിൽ രൂപം നൽകിയതിന്റെ അടിസ്ഥാന ചുവട്‌വയ്പ്പുകളിൽ ഒന്നായിരുന്നു ഇത്.

പള്ളിയോടുചേർന്ന് പള്ളിക്കൂടങ്ങൾ തുടങ്ങിയതുപോലെ തന്നെ മഠങ്ങളോട് ചേർന്ന് സ്ക്കൂളുകൾ മാത്രമല്ല *എദു ക്കുംദാത്തു*കളും (ബോർഡിംഗ്) വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. 1870 ആഗസ്റ്റ് മാസത്തിൽ തയാറാക്കിയ മരണ പത്രികയിൽ ഇത് അദ്ദേഹം വ്യക്തമായി എഴുതിവച്ചു (2). അടുത്തു നിന്നും അകലെ നിന്നും എത്തുന്ന പെൺകുട്ടികളെ അക്ഷര ലോക ത്തിലേക്കും അതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും ഉയർത്തുന്നതിലും ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ നല്ല കുടുംബിനികളായി രൂപപ്പെടുത്തുന്നതിലും ഈ സന്ന്യാസിനീ സമൂഹം വഹിച്ച, വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് കാലം അടയാളപ്പെടുത്തുന്നു.

കൂനമ്മാവിൽ സ്ഥാപിതമായ മഠത്തിന്റെ ആദ്യാംഗങ്ങളായി സ്വീകരിക്കപ്പെട്ടവർ വിധവയായ വാകയിൽ ഏലീശ്വാ, മകൾ അന്ന, ഏലീശ്വായുടെ അനുജത്തി വൈപ്പിശ്ശേരി ത്രേസ്യാ, പുത്തനങ്ങാടി ഏലീശ്വാ (ക്ലാര) എന്നിവരാണ്. തുടർന്ന് അനേകം യുവതികൾ ഈ സന്ന്യാസിനീസമൂഹത്തിലേയ്ക്കു കടന്നുവരികയും അവരുടെ എണ്ണം അതിവേഗം വർദ്ധിക്കുകയും ചെയ്തു.

1887 മെയ് 20-ാം തീയതി മാർ ലെയോ 13-ാമൻ പാപ്പാ *ക്വോദ് യാം പ്രീദെം* (Quod iam pridem) എന്ന തിരുവെഴുത്തിലൂടെ സുറി യാനിസഭയെ ലത്തീൻ ഭരണാധികാരത്തിൽ നിന്ന് വേർപെടുത്തുകയും സുറിയാനിക്കാർക്കായി തൃശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപി ച്ചുകൊണ്ട് കല്പന പുറപ്പെടുവിക്കുകയും ചെയ്തത് ഈ സന്ന്യാസി നീസമൂഹത്തിന്റെ ചരിത്രത്തിലും വഴിത്തിരിവായി. വികാരിയാത്തുക ളുടെ വിഭജനത്തെത്തുടർന്ന് കൂനമ്മാവ് മഠത്തിന്റെ ഭരണാധികാരം സംബന്ധിച്ച് വരാപ്പുഴ വികാരി അപ്പസ്തോലിക്ക മോൺ *ലെയൊനാർദ് മെലാനോ*, തൃശൂർ വികാരി അപ്പസ്തോലിക്ക

*മോൺ.അഡോൾഫ് മെഡലിക്കോട്ട്* എന്നിവർ തമ്മിലുണ്ടായ അവകാശവിവാദത്തിന് വിരാമമിട്ട് പരിശുദ്ധ സിംഹാസനം 1890 ഏപ്രിൽ 18 ന് കൂനമ്മാവ് മഠം, തൃശൂർ വികാരിയാത്തിനു നൽകികൊണ്ട് കല്പന പുറപ്പെടുവിച്ചു. തത്ഫലമായി ലത്തീൻസഭാംഗങ്ങളായി കൂനമ്മാവ് മഠത്തിൽ ഉണ്ടായിരുന്ന മഠാംഗങ്ങൾ 1890 സെപ്റ്റംബർ 17 ന് സി. *ഏലീശ്വാ*യുടെ നേതൃത്വത്തിൽ വരാപ്പുഴയിലേക്ക് മാറുകയും ലത്തീൻ നൈയാമികഭരണത്തിൻ കീഴിലാകുകയും ചെയ്തു. ഇവരാണ് ഇന്ന് Congregation of Teresian Carmelites (C.T.C.) എന്ന് അറിയപ്പെടുന്ന സന്ന്യാസിനീ സമൂഹം.

സുറിയാനിസഹോദരിമാരുടെ സമൂഹം തൃശൂർ, കോട്ടയം, ചങ്ങനാശേരി, എറണാകുളം എന്നീ വികാരിയാത്തുകളിൽ സ്വതന്ത്ര ഘടകങ്ങളായി അതിവേഗം വളർന്നുവന്നു. 1967 മാർച്ച് 2 ന് പൗരസ്ത്യ തിരുസംഘം പുറപ്പെടുവിച്ച Prot. No. 504/57 കല്പനവഴി ഈ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തുകയും, കർമ്മലമാതാവിന്റെ സന്ന്യാസിനീസമൂഹം (Congregation of Mother of Carmel C.M.C.) എന്ന നാമധേയം അംഗീകരിക്കുകയും ചെയ്തു.

ഈ സന്ന്യാസിനീ സമൂഹങ്ങളിലൂടേയും ഇവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പിന്നീട് ഉയർന്നു വന്ന മറ്റ് സന്യാസിനീ സമൂഹങ്ങളിലൂടേയും സ്ത്രീസമുദ്ധാരണം ഇന്ന് ദ്രുതഗതിയിൽ ഫലപ്രാപ്തിയിലെത്തുന്നുവെങ്കിൽ അതിന് തുടക്കം കുറിച്ച, ആ പ്രാപ്തിക്കായി ആദ്യ ചുവടുവച്ച, ചാവറ എന്ന ദൈവികമനുഷ്യനെ വിസ്മരിക്കുക അസാദ്ധ്യമത്രെ. കേരളത്തിലെ സ്ത്രീകളുടെ ഒട്ടാകെ സമുദ്ധാരണത്തിനുള്ള വേദിയൊരുക്കൽ ആയിരുന്നു 19-ാം നൂറ്റാണ്ടിലെ ആ ചെറിയ, വലിയ കാൽവയ്പുകൾ. ആദ്ധ്യാത്മിക ഭൗതിക മേഖലകളിൽ സ്ത്രീസാന്നിദ്ധ്യത്തിന് അംഗീകാരവും ആദരവും അന്തസ്സും കൈവരിക്കുവാൻ പിൻതലമുറകൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ, കഴിയുന്നുണ്ടെങ്കിൽ, അതിന്റെ തുടക്കം ചാവറ കുര്യാക്കോസ് അച്ചൻ നിവർത്തിച്ച ഈ യജ്ഞത്തിൽ നിന്നായിരുന്നു.

ഒരു പുരുഷായുസ്സിന് ചെയ്യാവുന്നതിലും അധികം സത്കൃത്യങ്ങൾ നിസ്തുലമായി അനുഷ്ഠിക്കുവാൻ ചാവറയച്ചന് സാധിച്ചതെങ്ങനെയാണ്? വിശ്വാസികളുടെ പിതാവായ *അബ്രഹാമി*ന്റെ കറയില്ലാത്ത വിശ്വാസവും, ഇസ്രായേൽ ജനതയുടെ നേതൃശക്തിയായിരുന്ന *മോശ* പ്രവാചകന്റെ ഭരണപാടവവും, തച്ചുടയ്ക്കാനും നട്ടുവളർത്താനുമായി കടന്നുവന്ന *ജെറമിയാ*യുടെ ധീരതയും, ക്രിസ്തുസ്നേഹത്താൽ കുരിശിലേറാനും ശിരഃഛേദനത്തിനിരയാകു

വാനും സന്നദ്ധരായ *പത്രോസ്-പൗലോസ്* ശ്ലീഹന്മാരുടെ പ്രേഷിത തീക്ഷ്ണതയും ഒരു പോലെ കൈമുതലായി അദ്ദേഹം ആത്മവിലേറ്റിയിരുന്നതുകൊണ്ടുതന്നെ.

ഭാവി നൂറ്റാണ്ടിനെ മുന്നിൽ കണ്ടുകൊണ്ട് 19-ാം നൂറ്റാണ്ടിലെ സാമൂഹിക, സാംസ്കാരിക, മതാത്മക തലങ്ങളിൽ തന്റെ വിശ്വാസ ദാർഢ്യബോധ്യങ്ങളിൽ നിന്നാർജ്ജിച്ച സമസ്ത ഊർജ്ജവും അദ്ദേഹം നിർല്ലോഭം ചെലവഴിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രവളർച്ചയ്ക്ക് എന്നും അദ്ദേഹം പ്രത്യേകം ഊന്നൽ നൽകി. വിദ്യാഭ്യാസ യോഗ്യതയിൽ, മതാത്മക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ, സമൂഹത്തിലും കുടുംബത്തിലും ഇന്ന് സ്ത്രീകൾ മഹത്തായ മാർഗ്ഗദർശികളായിട്ടുണ്ടെങ്കിൽ അതിനാധാരമായ തുടക്കം ചാവറപിതാവിന്റെ നിസ്തുലമായ ഈ സമർപ്പിത സേവനത്തിൽ നിന്നായിരുന്നു.

സി.എം.സി.സഭ ഇന്ന് ഇന്ത്യയിൽ മാത്രമല്ല, സെൻട്രൽ ആഫ്രിക്ക, ദക്ഷിണാഫ്രിക്ക, സുഡാൻ, മലാവി, കെനിയ, ടാൻസാനിയ, ജർമ്മനി, ഇറ്റലി, അമേരിക്ക എന്നിങ്ങനെ വിവിധരാജ്യങ്ങളിൽ പ്രേഷിത ശുശ്രൂഷ ചെയ്യുന്നു. നേഴ്സറി മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള എല്ലാ സൗകര്യങ്ങളും, ജാതിമതഭേദമെന്യേ ഇളംതലമുറയ്ക്കായി സഭ തുറന്നിട്ടിരിക്കുന്നു. കേരളത്തിന് അകത്തും പുറത്തുമായി എകദേശം 700 ഓളം വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇന്ന് ഈ പരിവൃത്തത്തിലുണ്ട്. യുവഹൃദയങ്ങളിൽ വിജ്ഞാനത്തിന്റെ വിത്തു വിതച്ച് അതിന്റെ പാരമ്യമായ ദൈവാനുഭവത്തിലേയ്ക്ക് അവരെ കൈപിടിച്ച് ഉയർത്തുന്നതിൽ ഈ വിദ്യാക്ഷേത്രങ്ങൾ പ്രതിജ്ഞാബദ്ധമാണ്. 6300 ൽപരം വരുന്ന സി.എം.സി.സന്ന്യാസിനിമാരിൽ ഭൂരിഭാഗം പേരും പള്ളിക്കൂടങ്ങളിലൂടെ സർവർക്കും വിദ്യാഭ്യാസവും ഈശ്വരാനുഭവവും നൽകുക എന്ന ചാവറപിതാവിലൂടെ നൽകപ്പെട്ട പ്രേഷിതദൗത്യം തുടരുന്നു.

ചാവറ സെൻട്രൽ സെക്രട്ടറിയേറ്റും എറണാകുളം ചാവറ കൾച്ചറൽ സെന്ററും ചേർന്ന് സംയുക്തമായൊരു സ്മാരക പ്രഭാഷണ പരമ്പര നടപ്പിലാക്കുവാൻ തീരുമാനിച്ചത് തികച്ചും ഉചിതമായിരിക്കുന്നു. കേരളത്തിൽ ആദ്യമായിട്ടാണ് സി.എം.ഐ., സി.എം.സി. സന്ന്യാസ സമൂഹങ്ങൾ സംയുക്തമായി ഇത്തരം ഒരു പ്രകാശനദൗത്യം ഏറ്റെടുത്തിരിക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ ചാവറ അനുസ്മരണ പ്രഭാഷണം റോമിൽ, വത്തിക്കാനിൽ 1985 മുതൽ എല്ലാ വർഷവും *സെന്റർ ഫോർ ഇന്ത്യൻ ആൻഡ് ഇന്റർ റിലീജിയസ്*

*സ്റ്റഡീസി*ന്റെ നേതൃത്വത്തിലും അമേരിക്കയിൽ *സാക്രമെന്റോയി*ൽ 2005 മുതൽ *ചാവറ ഇന്റർനാഷണൽ സെന്ററി*ന്റെ നേതൃത്വത്തിലും നടത്തിവരുന്നുണ്ടെങ്കിലും കേരളത്തിൽ അങ്ങനെയൊരു സംരംഭം ഉണ്ടാകുന്നത് ആദ്യമായാണ്. അതിന്റെ തുടർച്ചയിൽ *ബേസ്റൗമ* പ്രകാശനധാര ആരംഭിച്ചതും ഗ്രന്ഥ പ്രസാധനം തുടങ്ങുവാൻ കഴിഞ്ഞതും ഇതര വ്യാപനങ്ങൾ വിഭാവനം ചെയ്യുന്നതും അഭിമാനകരങ്ങളായ നേട്ടങ്ങളത്രെ. ചാവറപിതാവിന്റെ വലിയ സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരവും അദ്ദേഹം തുടങ്ങിവച്ച സേവനശുശ്രൂഷയുടെ തുടർഘോഷവും ഈ സഭയുടെ ആത്യന്തികമായ ധർമ്മവും, അതിനാൽ കർമ്മവുമാണെന്ന് ഏറ്റുപറയുവാൻ സന്തോഷമുണ്ട്. ഈ ഗ്രന്ഥവും ഇതിനു മുൻപും തുടർന്നും പ്രസിദ്ധപ്പെടുത്തിയതും പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്നതുമായ ഗ്രന്ഥങ്ങളും അനുബന്ധമായി ദൃശ്യ -ശ്രാവ്യ മുദ്രണ ധാരയിൽ ഉണ്ടാകുവാനിരിക്കുന്ന സംയുക്ത വ്യാപനങ്ങളും തുടർ പ്രഭാഷണങ്ങളും വന്ദ്യപിതാവ് തുടങ്ങിവച്ച മഹത്തായ യജ്ഞത്തിന്റെ തുടർച്ചയും ഉദ്ഘോഷണവുമായ നിവർത്തനങ്ങളാകയാൽ പ്രേഷിത സമർപ്പണത്തോടെയുള്ള സുവിശേഷ ഭാഷണമായി തന്നെ ഇരു സന്ന്യാസ സമൂഹങ്ങളും അഭിമാനപൂർവ്വം ഏറ്റെടുത്തു തുടരുകതന്നെ ചെയ്യും.

അധ്യാപകർക്കും മാനേജ്മെന്റിനും രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ഒപ്പം സമൂഹമൊത്തത്തിനും ചിന്തോദ്ദീപകമായ വിചാര ധാരകളെയാണ് ഈ ഗ്രന്ഥങ്ങൾ ഉരുക്കഴിക്കുന്നതെന്നത് ഇതിന്റെ പ്രയോഗ പ്രയോജന പ്രാപ്തിയെ വർദ്ധിപ്പിക്കുന്നു; അനുഗ്രഹപ്രദമാക്കുന്നു. അതിനാൽത്തന്നെ ഈ പ്രകാശനധാരയെ ചാവറയച്ചന്റെ അക്ഷര തപസ്യയുടെ തുടർച്ചയായി സഭയും സമൂഹവും ആദരപൂർവ്വം ഹൃദയത്തോടുചേർത്തു സ്വീകരിക്കട്ടെ.

■

---

* 1. ആത്മാനുതാപം, ആമുഖം പേജ് 27
* 2. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ ■കത്തുകൾ

# ചാവറയച്ചൻ : പൊതുസമൂഹ സ്രഷ്ടാവായ നവോത്ഥാനനായകൻ

ഡോ. കെ.എസ്. രാധാകൃഷ്ണൻ

മലയാളികളെ മനുഷ്യരാക്കി മാറ്റാനും അവരിൽ നിന്ന് ഒരു പൊതുസമൂഹത്തെ സൃഷ്ടിക്കാനും നേതൃത്വം നൽകിയ നവോത്ഥാനനായകനാണ് *ചാവറയച്ചൻ* എന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ്; (1805-1871). എല്ലാ കത്തോലിക്കാപള്ളികളോടും ചേർന്നു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ആ പള്ളിക്കൂടങ്ങളിലൂടെ സർവർക്കും ജാതിമതഭേദമില്ലാതെ വിദ്യാഭ്യാസം നൽകണം എന്ന നിർദ്ദേശം പ്രായോഗികമാക്കുകയും ചെയ്തുകൊണ്ടാണ് കേരളീയ പൊതുസമൂഹസൃഷ്ടിക്ക് ചാവറയച്ചൻ തുടക്കം കുറിച്ചത്.

ക്രൈസ്തവ ആത്മീയതയ്ക്ക് ഭാരതീയ പരിപ്രേഷ്യം നല്കികൊണ്ട് ആദ്യത്തെ ഭാരതീയ ക്രൈസ്തവ സന്ന്യാസിസഭയ്ക്ക് (സി.എം.ഐ.) രൂപം നൽകിയത് അദ്ദേഹമാണ്. ആത്മീയതയിലെ സ്ത്രൈണ സാന്നിദ്ധ്യം അവഗണിക്കപ്പെട്ടിരുന്ന കാലത്ത് സി.എം.സി. എന്ന സന്ന്യാസിനീ സമൂഹത്തിന് അദ്ദേഹം രൂപം നൽകി. ക്രൈസ്തവ

ആത്മീയാനുഷ്ഠാനുക്രമത്തിനും ആരാധനാക്രമത്തിനും ഭാരതീയചരായ നൽകിയ അദ്ദേഹം ആദ്യത്തെ അച്ചടിശാലയ്ക്കും രൂപം നൽകി. ഭാരതത്തിലെ ഇതരമത:സ്ഥരുമായി മതാന്തരസംവാദ സഹകരണങ്ങൾക്ക് നേതൃത്വം നൽകിയ ചാവറയച്ചൻ ആദ്യത്തെ ഖണ്ഡകാവ്യ രചയിതാവുകൂടിയാണെന്ന കാര്യം അധികം ചർച്ചചെയ്യപ്പെടാറില്ല. നമ്മുടെ സാംസ്കാരിക- ആത്മീയരംഗങ്ങളിൽ സ്മരണീയമായ സംഭാവനകൾ നൽകിയ അദ്ദേഹത്തിന്റെ വൈവിദ്ധ്യമാർന്ന സംഭാവനകൾ വിശദമായ പഠനം അർഹിക്കുന്നു.

### *അകലങ്ങളുടെ കാലം*

അക്കാലത്തെ കേരളീയ സമൂഹം ജാതി ജഡിലമായിരുന്നു. ജാതിമതഭേദവിചാരം അന്നത്തെ സാമൂഹികാനുഷ്ഠാനമായിരുന്നു. ജാതിമതഭേദവിചാരങ്ങളെ അടിസ്ഥാനമാക്കിപരസ്പരം വികർഷിച്ചകന്നുനിന്നിരുന്ന ഒരു ആൾക്കൂട്ടമായിരുന്നു അന്നത്തെ കേരളീയ സമൂഹം. ഓരോ ജാതിയും അവർക്കുമാത്രം മനസ്സിലാകുന്ന ഭാഷ സംസാരിക്കുകയും മറ്റ് ജാതിക്കാർക്ക് അത് മനസ്സിലാകാതെ പോകുകയും ചെയ്യുമായിരുന്നു.ഇങ്ങനെ കലമ്പൽ കൂട്ടിക്കൊണ്ടിരുന്ന ഒരു ആൾക്കൂട്ടം വസിക്കുന്ന പ്രദേശത്തെ സ്വാമി വിവേകാനന്ദൻ *ഭ്രാന്താലയം* എന്നു വിശേഷിപ്പിച്ചതിൽ അതിശയോക്തി തീരെയില്ല.

ജാതിമതഭേദങ്ങൾക്ക് അതീതമായി എല്ലാവരും ഒത്തുചേരുന്ന ഒരുപൊതുസമൂഹം എന്ന ആശയം പോലും അക്കാലത്ത് രൂപം കൊണ്ടിരുന്നില്ല. ആ വിധമൊരു ആശയത്തിന്റെ അനിവാര്യതയും അന്ന് അധികം പേർക്കും തോന്നിയിരുന്നില്ല. മതഭേദത്തേക്കാൾ ഭീകരമായിരുന്നു ജാതിഭേദവിചാരം. ജാതിമഹിമയിൽ ഓരോ ജാതിയും അഭിരമിക്കുകയും അഹങ്കരിക്കുകയും ചെയ്തിരുന്നു. ഓരോ ജാതിയും ഇതരജാതിയിൽ നിന്നും നിശ്ചിതമായ അകലം സൂക്ഷിച്ചിരുന്നു. ഓരോ ജാതിക്കും ഉപജാതികളുണ്ടായിരുന്നു. ജാതികൾ എന്നപോലെ ഉപജാതികൾ തമ്മിൽ തമ്മിലും കൃത്യമായ അകലം പാലിച്ചിരുന്നു. നമ്പൂതിരിമാർക്കിടയിൽ തന്നെ അറുപത്തിനാല് ഉപജാതികളുണ്ടായിരുന്നു. അവർക്കിടയിലും പരസ്പരം തൊട്ടുകൂടാത്തവർ ഉണ്ടായിരുന്നു. എന്തിനേറെ, ആഢ്യൻനമ്പൂതിരിയുടെ മഠത്തിൽ പ്രവേശനം ഇല്ലാതിരുന്ന ആസ്യൻനമ്പൂതിരിയും ഉണ്ടായിരുന്നതായി *എന്റെ സ്മരണകൾ* എന്ന ആത്മകഥയിൽ *കാണിപ്പയ്യൂർ* രേഖപ്പെടുത്തിയിട്ടുണ്ട്.

ജാതികളും ഉപജാതികളും പരസ്പരം പാലിച്ചിരുന്ന അകലം ലംഘിക്കാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. അയിത്തം സ്വാഭാവികമായും അന്നത്തെ ആചാരമായിത്തീരുകയും ചെയ്തു. ഈ ജാതികളും ഉപജാതികളും ഒരേ സമയം അയിത്തത്തിന്റെ വേട്ടക്കാരും ഇരകളുമായിരുന്നു എന്നതാണ് സത്യം. *ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ* എന്നിവരായിരുന്നു പ്രബലജാതികൾ. ഇവയിലൊന്നും പെടാത്തവരെ *പഞ്ചമർ* എന്നു വിശേഷിപ്പിച്ചു. ജാതികൾക്കും ഉപജാതികൾക്കും സുനിശ്ചിതമായ തീണ്ടാപ്പാടകലങ്ങൾ ഉണ്ടായിരുന്നു.മുകളിലു
ള്ളവനെ തൊഴുകയും താഴെയുള്ളവരെ തൊഴിക്കുകയും ചെയ്യുക എന്നതായിരുന്നു ജാത്യാചാരശീലം. ഏറ്റവും മുകളിലും ഏറ്റവും താഴെയും ഉള്ളവരെ മാറ്റി നിർത്തിയാൽ എല്ലാവരും ജാത്യാചാരങ്ങ ളുടെ ഇരയും വേട്ടക്കാരുമായിരുന്നു. തൊഴിച്ചും തൊഴുതും അവർ കാലം കഴിച്ചു.

തൊഴിൽ നിർണ്ണയിക്കപ്പെട്ടിരുന്നതും ജാതിയെ ആധാരമാക്കിയായിരുന്നു. അതുകൊണ്ട് തൊഴിലിടങ്ങളും ജാതി സങ്കേതങ്ങളായിരുന്നു. സ്വാഭാവികമായും തൊഴിലിനുവേണ്ടിയും ജാതിസങ്കരങ്ങൾ വേണ്ടി വന്നിരുന്നില്ല. ഓരോ ജാതിയും തീണ്ടാപാടകലങ്ങൾ സൂക്ഷിക്കുന്നതു കൊണ്ട് ഇടകലർന്നു ജീവിക്കുന്ന ആവാസവ്യവസ്ഥകൾ ഉണ്ടാക്കാനും കഴിഞ്ഞില്ല. പൊതുവഴികൾ കുറവായിരുന്നു. ഉള്ളവയിൽ *പഞ്ചമർക്ക്* പ്രവേശനം ഉണ്ടായിരുന്നില്ല. കൊച്ചിയിൽ നടന്ന കാർഷികപ്രദർശനത്തിൽ കൃഷിക്കാരായ പുലയർക്ക് പ്രവേശനം ലഭിച്ചിരുന്നില്ല. അവർക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടി കൊച്ചിക്കായലിൽ കെട്ടുവള്ളം കൂട്ടിക്കെട്ടി കായൽ സമ്മേളനം നടത്തി *പണ്ഡിറ്റ് കറുപ്പൻ* പ്രതിഷേധിച്ചതും സ്മരിക്കുക. അതായിരുന്നു അന്നത്തെ അവസ്ഥ.

### *പള്ളിയ്ക്കൊപ്പം പള്ളിക്കൂടം*

പൊതുവിദ്യാലയം എന്ന ആശയം അന്ന് രൂപം കൊണ്ടിരുന്നില്ല. സർക്കാർ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. അവയെല്ലാം തന്നെ ജാതിവിദ്യാലയങ്ങളായിരുന്നു. പ്രവേശനം സവർണ്ണർക്ക് മാത്രമായി സംവരണം ചെയ്തു സൂക്ഷിച്ചിരുന്നു. ഇങ്ങനെ ജാതിമതവിചാരത്താൽ ഹതം ചെയ്യപ്പെട്ടിരുന്ന ഒരു സാമൂഹിക വ്യവസ്ഥയിലാണ് ജാതിമതഭേദവിചാരാതീതമായ സമൂഹസൃഷ്ടിക്കായുള്ള ഒരു കർമ്മപദ്ധതിയ്ക്ക് ചാവറയച്ചൻ 1864ൽ രൂപം നൽകിയത്.

അദ്ദേഹം അന്ന് കേരള കത്തോലിക്കാ സഭയുടെ വികാരിജനറലായിരുന്നു. 1861-ൽ വികാരി ജനറലായി നിയമിക്കപ്പെടുന്നതിനു മുൻപുതന്നെ ചാവറയച്ചൻ വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. 1846ൽ മാന്നാനത്ത് സംസ്കൃതവിദ്യാലയം തുടങ്ങിയ അദ്ദേഹം 1864-ൽ പള്ളികൾക്കൊപ്പം പള്ളിക്കൂടങ്ങൾ വേണം എന്ന നിർദ്ദേശം നടപ്പിലാക്കി. ആ പള്ളിക്കൂടങ്ങളിലാകട്ടെ ജാതിമതവ്യത്യാസമില്ലാതെ സർവർക്കും പ്രവേശനം നൽകാനും അദ്ദേഹം ഉത്തരവിട്ടു. അതുകൊണ്ട് കേരളത്തിലെ കടലോരങ്ങളിലും കായലോരങ്ങളിലും മലമ്പ്രദേശങ്ങളിലും സമതലങ്ങളിലുമെല്ലാം പള്ളികളേക്കാൾ വലിയ പള്ളിക്കൂടങ്ങളുമായി കത്തോലിക്കാ സഭ കടന്നുചെന്നു.

ആ പള്ളിക്കൂടങ്ങളാണ് കേരളത്തിലെ പൊതുസമൂഹ സൃഷ്ടികളുടെ കളരികളായിപരിണമിച്ചത്. ജാതിമതവ്യത്യാസമില്ലാതെ സർവർക്കും വിദ്യാലയ പ്രവേശനംലഭിച്ച ആ ദിവസമാണ് കേരളത്തിലെ പൊതു സമൂഹസൃഷ്ടിയുടെ ഹരിശ്രീ കുറിക്കപ്പെട്ടത്. *മാധവനും മത്തായിയും മുഹമ്മദും ചാത്തനും* ഒരേ വിദ്യാലയത്തിൽ ഒരുമിച്ചുചേരുകയും ഒരേ ക്ലാസ് മുറിയിൽ ഒരേ അദ്ധ്യാപകനിൽ നിന്ന് ഒരേ പാഠം പഠിച്ചു തുടങ്ങുകയും ചെയ്തതോടെയാണ് തങ്ങൾക്കിടയിൽ പൊതുവിൽ പലതും ഉണ്ടെന്നും തങ്ങൾക്കും ഒത്തുകൂടി പ്രവർത്തിക്കാൻ കഴിയുമെന്നും അവരെല്ലാം തിരിച്ചറിഞ്ഞത്. പുലയൻ തൊട്ടാൽ നമ്പൂതിരി വെൺചാരമായി തീരില്ലെന്ന് അവർ പ്രായോഗികമായി തിരിച്ചറിഞ്ഞതും അങ്ങനെയാണ്.

കേരളത്തിലെ ഹൈന്ദവസമൂഹത്തിൽ ജാതിഭേദാതീതമായ കൂട്ടായ്മ രൂപപ്പെട്ടുവരുന്നതിനുള്ള മുന്നേറ്റങ്ങൾ നടക്കുന്നതിനും വളരെ മുൻപായിരുന്നു ചാവറയച്ചന്റെ പ്രവർത്തനങ്ങളെന്നും നാം ഓർക്കേണ്ടതാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി മലയാളിയെ മനുഷ്യനാക്കിതീർക്കാനുള്ള പരിശ്രമം ഹൈന്ദവസമൂഹത്തിൽ നടന്നിരുന്നു. അതിന് നേതൃത്വം നൽകിയവരിൽ പ്രധാനികൾ സന്ന്യാസിമാരുമാണ്. *ബ്രഹ്മാനന്ദസ്വാമി ശിവയോഗി* (1852-1929) *ചട്ടമ്പിസ്വാമികൾ* (1853-1925) *ശ്രീനാരായണഗുരുദേവൻ* (1855-1928) *വാഗ്ഭടാനന്ദൻ* (1887-1939) എന്നിവരായിരുന്നു അതിനു വേണ്ടി പരിശ്രമിച്ച സന്ന്യാസിമാരിൽ പ്രമുഖർ. ഹൈന്ദവർക്കിടയിൽ ജാത്യാതീതമായ ഒരു പൊതുസമൂഹത്തെ അവർ സ്വപ്നം കണ്ടു. വിദ്യാഭ്യാസത്തിന്റെ സാർവത്രികവത്കരണത്തിലൂടെ മാത്രമേ നവോത്ഥാന ലക്ഷ്യം

നേടാൻ കഴിയൂ എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു.

### ***കാലത്തിനുമുൻപേ നടന്നവർ***

സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനും ഏറെ പ്രാമുഖ്യം നല്കിയ സന്ന്യാസിയാണ് *ബ്രഹ്മാനന്ദസ്വാമി ശിവയോഗി.* 1899ൽ അദ്ദേഹം രചിച്ച *സ്ത്രീ വിദ്യാപോഷിണി* സ്ത്രീശാക്തീകരണത്തിനു വേണ്ടിയുള്ള ശക്തമായ ആശയങ്ങൾ ഉൾക്കൊള്ളുന്നു. സ്ത്രീകൾക്ക് സമൂഹത്തിൽ കരുത്തുറ്റ സംഭാവനകൾ നല്കണമെങ്കിൽ അവർക്ക് വിദ്യാഭ്യാസം ലഭിക്കണമെന്നും അതിലൂടെ മാത്രമേ നമ്മുടെ സമൂഹം സുശക്തമാകൂ എന്നും വാദിക്കുന്ന ഈ കൃതി നമ്മുടെ സ്ത്രീ പക്ഷപാതികൾപോലും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്നത് ഖേദകരമാണ്. ലിംഗസമത്വത്തെക്കുറിച്ച് ആവേശത്തോടെ സംസാരിക്കുന്ന ഇക്കാലത്ത് ലിംഗസമത്വവും സ്ത്രീശാക്തീകരണവും വിദ്യാഭ്യാസത്തിലൂടെ മാത്രമേ നേടാൻ കഴിയൂ എന്നു വാദിച്ചിരുന്ന ഈ സന്ന്യാസി കൂടുതൽ ശ്രദ്ധേയനാകുന്നു.

വിജ്ഞാനത്തിന്റെ വിമോചനത്തിനും അതിന്റെ വികേന്ദ്രീകൃതമായ വിതരണത്തിനും വേണ്ടി നിലകൊണ്ട നവോത്ഥാനനായകനാണ് ചട്ടമ്പിസ്വാമികൾ. അദ്ദേഹത്തിന്റെ *വേദാധികാര നിരൂപണം* (1895) എന്ന ഗ്രന്ഥം ഈ വിഭാഗത്തിലെ ഈടുറ്റ സംഭാവനയാണ്. വിജ്ഞാനത്തിന്റെ സ്വകാര്യവൽകരണവും പാരമ്പര്യവൽക്കരണവുമായിരുന്നു ഭാരതത്തിന്റെ അധോഗതിയുടെ ആദിമഹേതു. വേദാധികാരം ജന്മബ്രാഹ്മണനു മാത്രമായി സംവരണം ചെയ്തു സൂക്ഷിക്കപ്പെട്ടു. ജന്മപാരമ്പര്യമല്ല ഗുണമേന്മയും കർമ്മമഹത്വവും ജിജ്ഞാസയുമാണ് വേദാധികാരികളുടെ യോഗ്യത എന്നും ബുദ്ധിയും ജിജ്ഞാസയുമുള്ള ആർക്കും വേദം ഗ്രഹിക്കാൻ അധികാരമുണ്ടെന്നും സ്ഥാപിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ദാർശനികഗരിമ കേരള നവോത്ഥാന ചരിത്രത്തിൽ വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടില്ല.

നവോത്ഥാന ചരിത്രകാരന്മാരുടെയെല്ലാം പ്രശംസ നേടിയ *ശ്രീനാരായണ ഗുരുദേവന്റെ ഈഴവ ശിവപ്രതിഷ്ഠ* (1898) കേരള നവോത്ഥാനത്തിലെ സുപ്രധാനമായ നാഴികക്കല്ലാണ്. മനുഷ്യപ്രാപ്തമായ വിജ്ഞാനത്തിന്റെ പരമകാഷ്ഠയാണ് ഈശ്വരജ്ഞാനം. ആ വിജ്ഞാനത്തിന്റെ പ്രതിഷ്ഠയാണ് ഈശ്വരപ്രതിഷ്ഠ. അതിനുള്ള അധികാരം വേദാധികാരിയും താന്ത്രികനുമായ ബ്രാഹ്മണന് മാത്രമായിരുന്നു. *ഈഴവശിവപ്രതിഷ്ഠ*യിലൂടെ ജ്ഞാനത്തിന്റെ ഈ സ്വകാര്യവൽക്കരണത്തെക്കൂടിയാണ് ഗുരുദേവൻ ചോദ്യം ചെയ്തത്. ഈശ്വരാനുഭൂതിയുള്ള ആരും ഈശ്വരപ്രതിഷ്ഠ നടത്താൻ യോഗ്യനാണെന്ന സന്ദേശം പരമജ്ഞാനത്തിന് സർവ്വരും യോഗ്യരാണെന്ന സന്ദേശം

തന്നെയാണ്.

മനുഷ്യസ്വാതന്ത്ര്യത്തിന്റെ ശുദ്ധസ്രോതസ്സ് ജ്ഞാനമാണെന്നും ജ്ഞാനത്തെ നിശിതമായ യുക്തിബോധത്താൽ സ്ഫുടം ചെയ്തെടുക്കണമെന്നുമാണ് *വാഗ്ഭടാനന്ദൻ* ഉദ്ഘോഷിച്ചത്. ജ്ഞാനം മനുഷ്യർക്ക് എല്ലാവർക്കും ലഭ്യമാകണമെന്നും അതിനുതടസ്സം നിൽക്കുന്ന അനാചാരങ്ങളെ നിരാകരിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഈ നവോത്ഥാന സന്ന്യാസിമാരെല്ലാവരും ജ്ഞാനത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരെ പ്രവർത്തിച്ചു എന്നുമാത്രമല്ല ജ്ഞാനത്തിന്റെ വിതരണരീതി ഉറപ്പുവരുത്താനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങളുടെ രണ്ടാം നിരയിൽ സാമുദായിക നേതാക്കളാണ് പ്രവർത്തിച്ചത്. ആ സാമുദായിക നേതാക്കളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാണ് പ്രഥമ പരിഗണന നൽകിയത്. *ശ്രീനാരായണധർമ്മപരിപാലനയോഗം* സെക്രട്ടറിയായിരുന്ന മഹാകവി *കുമാരനാശാൻ, നായർ സർവ്വീസ് സൊസൈറ്റി*യുടെ നേതാവായിരുന്ന *മന്നത്ത് പത്മനാഭൻ, നമ്പൂതിരി യോഗക്ഷേമ സഭ*യുടെ നേതാവായിരുന്ന *വി.ടി. ഭട്ടതിരിപ്പാട്, സാധുജനപരിപാലന യോഗം* നേതാവായിരുന്ന *അയ്യൻകാളി, അരയവാലസമുദായ* നേതൃത്വം വഹിച്ചിരുന്ന *പണ്ഡിറ്റ് കെ.പി.കറുപ്പൻ* എന്നിവർ അവരുടെ പ്രധാന കർമ്മമേഖലകളിൽ ഒന്നായി വിദ്യാഭ്യാസ പ്രചാരണത്തെ കണ്ടിരുന്ന കാര്യവും സ്മരിക്കണം. *പൊയ്കയിൽ യോഹന്നാൻ, സഹോദരൻ അയ്യപ്പൻ* തുടങ്ങിയവരും വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങൾ ഒരുക്കുന്നതിനുവേണ്ടി പരിശ്രമിച്ചവരാണ്.

വിദ്യാഭ്യാസത്തിനുള്ള അവസരം എല്ലാവർക്കും ലഭിക്കാൻ അവകാശമുണ്ടെന്ന തത്ത്വത്തിന്റെ വിശകലനവും വിശദീകരണവുമാണ് നവോത്ഥാന ദാർശനികരായ സന്ന്യാസിമാർ നമുക്ക് നൽകിയത്. വിദ്യകൊണ്ട് പ്രബുദ്ധരാകണമെന്ന *ശ്രീനാരായണഗുരുവിന്റെ* ആഹ്വാനം സൃഷ്ടിച്ച ധൈഷണികമായ സ്വാധീനം വളരെ വലുത് തന്നെ. എന്നാൽ അറിവിന്റെ വിതരണ നീതി ഉറപ്പാക്കണമെങ്കിൽ വിദ്യാലയങ്ങൾ ഉണ്ടാകുകയും ആ വിദ്യാലയങ്ങൾ സാധാരണക്കാർക്ക് പ്രാപ്തമാകുകയും വേണം. പിടിയരിയും കെട്ടുതേങ്ങയും പിരിച്ചെടുത്തു എൻ.എസ്സ്.എസ്സി.നുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിച്ച *മന്നത്ത് പത്മനാഭനാണ്* കാര്യമായ സംഭാവനകൾ ഈ രംഗത്ത് നൽകിയത്. പക്ഷേ, ഇവരുടെ ശ്രമങ്ങൾ എല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ

മൂന്നു ദശകങ്ങളിലായിരുന്ന എന്ന കാര്യവും ഓർക്കണം.

## *അവർക്കും മുൻപേ വഴിയൊരുക്കി ചാവറയച്ചൻ*

ഈ പശ്ചാത്തലത്തിലാണ് 1864 ൽ ചാവറയച്ചൻ പുറപ്പെടുവിച്ച ഉത്തരവിന്റെ മഹിമ ഏറുന്നത്. അന്ന് *ബ്രഹ്മാനന്ദസ്വാമിശിവയോഗിക്ക്* പന്ത്രണ്ടും *ചട്ടമ്പിസ്വാമികൾക്ക്* പതിനൊന്നും *ശ്രീനാരായണ ഗുരുവിന്* ഒൻപതുംവയസ്സായാരുന്നു പ്രായം. *വാഗ്ഭടാനന്ദൻ* ജനിക്കുന്നത് തന്നെ അതിനുശേഷമാണ്. അതായത്, ഹൈന്ദവരായ നവോത്ഥാനനായകരാരും അക്കാലത്ത് വിദ്യാഭ്യാസത്തിന്റെ സാർവത്രികവൽക്കരണത്തിനുവേണ്ടി പ്രവർത്തിച്ചു തുടങ്ങിയിരുന്നില്ല എന്നു സാരം. വിദ്യാഭ്യാസം സാർവത്രികമാകുന്നതിനുവേണ്ടി *ചാവറയച്ചൻ* പ്രവർത്തിച്ചു തുടങ്ങുന്ന കാലത്ത് സർക്കാർ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു എന്നത് നേരാണ്. പക്ഷേ, ആ വിദ്യാലയങ്ങളിൽ അവർണർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. അവയെല്ലാം തന്നെ തിരുവിതാംകൂറിലും കൊച്ചിയിലും സവർണ്ണർക്കായി സംവരണം ചെയ്യപ്പെട്ടിരുന്നു.

വലിയ സമരങ്ങൾക്ക് ശേഷമാണ് തിരുവിതാംകൂറിൽ അവർണർക്ക് വിദ്യാലയ പ്രവേശനം ലഭിച്ചത്. അതിനുവേണ്ടി 1895 ലെ വിദ്യാഭ്യാസ നിയമം സമഗ്രമായി പരിഷ്കരിക്കേണ്ടിവന്നു. 1909 നവംബർ 19 നാണ് ഈ നിയമം പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങുന്നത്. ജാതിഭേദത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാലയ പ്രവേശനം നിഷേധിക്കുന്ന വിദ്യാഭ്യാസനിയമം ഏഴാം അദ്ധ്യായം 69-ാം വകുപ്പ് പരിഷ്കരിച്ചുകൊണ്ട് ജാതിഭേദത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്കും പ്രവേശനം നിഷേധിക്കരുത് എന്ന് എഴുതിച്ചേർത്തു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനെ തിരുവിതാംകൂറിലെ സവർണ്ണർ ശക്തമായി എതിർത്തു. ആ എതിർപ്പുകൾക്ക് നേതൃത്വം നൽകിയവരിൽ പ്രധാനി *സ്വദേശാഭിമാനി രാമകൃഷ്ണപിള്ള*യായിരുന്നു. *ബുദ്ധി കൃഷിചെയ്യുന്ന സവർണ്ണരേയും മണ്ണിൽ കൃഷി ചെയ്യുന്ന പുലയനേയും ഒരേ ക്ലാസ്സിലിരുത്തി പഠിപ്പിക്കുന്നത് കുതിരയേയും പോത്തിനേയും ഒരേനുകത്തിൽ കെട്ടുന്നതിനുതുല്യമായിരിക്കും* എന്ന കുപ്രസിദ്ധമായ ഒരു ഉപമ പ്രയോഗിക്കാനും *സ്വദേശാഭിമാനി* മടിച്ചില്ല.

എന്നാൽ അന്നത്തെ ദിവാൻ *പി. രാജഗോപാലചാരി* ഈ എതിർപ്പുകളെ ഒന്നും വകവെച്ചില്ല. 1910 ജനുവരിയിൽ നിയമം കർശ

നമായി നടപ്പിലാക്കാനുള്ള ആജ്ഞ അദ്ദേഹം ഉദ്യോഗസ്ഥർക്ക് നൽകി. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഐതിഹാസികമായ ഒരു സമരം *അയ്യൻകാളി* നടത്തിയത്. പുലയ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ വിദ്യാലയം തീവെച്ചു നശിപ്പിക്കപ്പെട്ടു. പുലയർക്കുമാത്രമായി തുടങ്ങിയ വിദ്യാലയങ്ങളിൽ സവർണ്ണരായ അദ്ധ്യാപകർ പഠിപ്പിക്കാൻ വിസമ്മതിക്കുകയും ചെയ്തു. അവർണ്ണന്റെ വിദ്യാലയ പ്രവേശനത്തിനുവേണ്ടി കായികമായ സമരം പോലും *അയ്യൻകാളിക്ക്* നടത്തേണ്ടിവന്നു എന്ന കാര്യവും ഓർക്കണം. ഈ സമരങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴും *സ്വദേശാഭിമാനി രാമകൃഷ്ണപിള്ള* എഴുതിയത് വിദ്യാഭ്യാസം ലഭിച്ചാലും സവർണ്ണനെപ്പോലെ കർമ്മ മഹിമ നേടാൻ അവർണ്ണന് കഴിയില്ല എന്നാണ്.

*ചാവറയച്ച*ന്റെ ഉത്തരവിറങ്ങി 36 വർഷത്തിന് ശേഷവും കേരളത്തിലെ അവസ്ഥ ഇതായിരുന്നു എന്നറിയുമ്പോഴാണ് കേരളീയ പൊതുസമൂഹസൃഷ്ടിയിൽ *ചാവറയച്ചൻ* നൽകിയ സംഭാവനയുടെ മഹത്വം ഏറുന്നത്. തിരുവിതാംകൂറിൽ അവർണ്ണർക്ക് പ്രവേശനം നൽകി അഞ്ച് വർഷം കഴിഞ്ഞാണ് കൊച്ചിയിലെ സർക്കാർ വിദ്യാലയങ്ങൾ അവർണ്ണർക്കായി തുറക്കപ്പെട്ടത്. അതുവരെ എറണാകുളം *സെന്റ് ആൽബർട്സ് സ്കൂളും സെന്റ്തെരേസാസ് സ്കൂളു*മായിരുന്നു അവർണ്ണരുടെ അഭയസ്ഥാനങ്ങൾ. 1915 ൽ അന്നത്തെ കൊച്ചി ദിവാനായിരുന്ന *സർ ജെ.ഡബ്ള്യൂ. ഭോർ* ആണ് അവർണ്ണർക്ക് പ്രവേശനം നൽകാനുള്ള ഉത്തരവ് ഇറക്കിയത്. *പണ്ഡിറ്റ് കെ.പി.കറുപ്പ*ന്റെ സഹായത്തോടെ അങ്ങനെ *എറണാകുളം മഹാരാജാസ് സ്കൂളിൽ* പ്രവേശനം നേടിയ ആദ്യവിദ്യാർത്ഥി സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന *പി.കെ ഡീവറു*മാണ്. എറണാകുളം *ഗേൾസ് ഹൈസ്കൂളിന്റെ പേര് കാസ്റ്റ് ഹിന്ദു ഗേൾസ് ഹൈസ്കൂൾ* എന്നായിരുന്നു എന്ന് ഒരു ഫലിതത്തിനുവേണ്ടി ഇന്ന് ഓർക്കാവുന്നതാണ്.

മലബാറിലെ സ്ഥിതി വ്യത്യസ്ഥമായിരുന്നു. കാരണം മലബാർ അക്കാലത്ത് ബ്രിട്ടീഷ് സർക്കാരിന്റെ കീഴിലായിരുന്നു. ബ്രിട്ടീഷുകാർക്ക് ജാതിവ്യവസ്ഥയിൽ വിശ്വാസമുണ്ടായിരുന്നില്ല. അതുകൊണ്ട് ബ്രിട്ടീഷ്മലബാറിൽ വിദ്യാലയങ്ങൾ അവർണ്ണർക്കായി തുറക്കപ്പെട്ടിരുന്നു. ആദ്യകാല ബിരുദധാരികളിൽ *തിയ്യ,ധീവര, ചെറുമ* വിഭാഗങ്ങളിൽപ്പെട്ടവരും ഉണ്ടായിരുന്നു. 1887 *എം.സി. കോമൻ* എന്ന അവർണ്ണൻ മദ്രാസ് മെഡിക്കൽ കോളേജിൽനിന്ന് ബിരുദമെടുക്കുകയും അവിടെ തന്നെ അദ്ധ്യാപകനാവുകയും ചെയ്തു. 1889 ലാണ് *ഡോ: പല്പു* ഇതേ കോളേജിൽ നിന്ന് ബിരുദമെടുത്തത്. അദ്ദേഹത്തിന് തിരുവിതാംകൂർ സർക്കാർ ജോലി നിഷേധിച്ചതും അദ്ദേഹം

*എസ്.എൻ.ഡി.പി.* യോഗം സ്ഥാപിക്കാൻ മുൻകൈയ്യെടുത്തത് ചരിത്രത്തിന്റെ ഭാഗം. *എം.സി കോമന്റെ* മകനായിരുന്നു *പനമ്പിള്ളി ഗോവിന്ദമേനോന്റെ* അഞ്ചരലക്ഷം കേസ് അന്വേഷിച്ച *ബാലചന്ദ്രകോമൻ* ഐ.സി.എസ്.

## *സഹവർത്തിത്ത്വത്തിന്റെ സുവിശേഷം*

അവർണ്ണരിൽ നിന്ന് *ശ്രീനാരായണഗുരു*മാരും *അംബേദ്കർ*മാരും, ഐ.സി.എസ്സു.കാരും രൂപം കൊണ്ടിരുന്നപ്പോഴും സവർണ്ണർക്ക് ഉള്ളത്ര ബുദ്ധിശക്തിയും കർമ്മശേഷിയും അവർണ്ണർക്ക് ഉണ്ടാകില്ല എന്നു ശഠിച്ചുകൊണ്ടിരുന്ന *സ്വദേശാഭിമാനി രാമകൃഷ്ണപിള്ള*മാരും ഉണ്ടായിരുന്നു എന്ന കാര്യവും മറക്കരുത്. അക്കാലത്താണ് ദൈവത്തിന്റെ മുന്നിൽ മനുഷ്യരെല്ലാം സമന്മാരാണെന്ന തത്വം അംഗീകരിച്ചുകൊണ്ട് ജാതിഭേദവിചാരങ്ങൾക്ക് അതീതമായി എല്ലാവർക്കും പ്രവേശനം നൽകാനുള്ള പൊതു വിദ്യാലയങ്ങൾക്ക് കേരളത്തിലെ കത്തോലിക്കാസമൂഹം രൂപം നൽകിയത്. സഞ്ചാരസ്വാതന്ത്ര്യസമരം, അയിത്തവിരുദ്ധസമരം, ക്ഷേത്രപ്രവേശനസമരം എന്നിവയെല്ലാം നമ്മുടെ പൊതു സമൂഹ സൃഷ്ടിയെ ത്വരിതപ്പെടുത്തിയ കാര്യങ്ങളാണ്. ഇതെല്ലാം ഹിന്ദുക്കളിലെ ജാതിവിവേചനവികാരത്തെ ശമിപ്പിക്കാൻ ഉതകിയ കാര്യങ്ങളുമാണ്. എന്നാൽ നമ്മുടെ പൊതുസമൂഹസൃഷ്ടിയുടെ മുഖ്യഘടകം പൊതു വിദ്യാലയപ്രവേശനം തന്നെയാണ്.

എറണാകുളം *സെന്റ്.ആൽബർട്സ്* വിദ്യാലയത്തിൽ നടന്ന ഒരു ചരിത്ര സംഭവം ഉദാഹരണമായി എടുക്കാവുന്നതാണ്. 1892ൽ ആരംഭിച്ച ഈ വിദ്യാലയത്തിലെ മലയാളവിഭാഗം മേധാവി *എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം* അടക്കമുള്ള ഗ്രന്ഥങ്ങൾ പിഴതീർത്തു പ്രസിദ്ധീകരിക്കാൻ കഴിവുണ്ടായിരുന്ന മഹാപണ്ഡിതനും ബ്രാഹ്മണനുമായിരുന്ന *എ.ഡി.ഹരിശർമ്മ*യായിരുന്നു. *ഹരിശർമ*യുടെ പ്രിയശിഷ്യരിൽ ഒരാൾ ഒരു പുലയ വിദ്യാർത്ഥിയായ *ചാത്തനു*മായിരുന്നു. ഈ വിദ്യാർത്ഥിയാണ് നമ്മുടെ നവോത്ഥാന കഥാകാരന്മാരിൽ പ്രമുഖനായ *ടി.കെ.സി വടുതല.* ബ്രാഹ്മണനായ ഒരു അദ്ധ്യാപകനും പുലയനായ ഒരു വിദ്യാർത്ഥിക്കും അഗാധമായ ഗുരുശിഷ്യബന്ധവും സൗഹൃദവും വളരത്തക്കവിധത്തിലുള്ള അക്കാദമിക അന്തരീക്ഷം ജാതിജഡിലമായ ഒരു സമൂഹത്തിൽ ഒരുക്കിയതാണ് കേരളീയ പൊതു സമൂഹസൃഷ്ടിയിലെ നിർണ്ണായകമായ നാഴികക്കല്ല്. ആ ബന്ധത്തിന്റെ

സാമൂഹിക സാംസ്കാരിക മഹിമയും പ്രസക്തിയും സ്മരിക്കു മ്പോഴാണ് ചാവറയച്ചൻ എന്ന നവോത്ഥാന നായകന്റെ മഹത്വം കൂടു തൽ തെളിയുന്നത്.

ഒരു ആൾകൂട്ടം ഒരിക്കലും ഒരു സമൂഹമല്ല; കാരണം അവയ്ക്ക് പൊതുവിൽ ഒന്നും പങ്കുവെക്കാനില്ല. പൊതുവായ ലക്ഷ്യമാർഗ്ഗങ്ങളും കർമ്മപരിപാടികളും മൂല്യവ്യവസ്ഥയും ഉണ്ടാകുമ്പോഴാണ് ഒരാൾക്കൂട്ടം ഒരു സമൂഹമായി പരിണമിക്കുന്നത്. ആത്മീയത മതങ്ങ ളുടെ പൊതു ഘടകമാണെങ്കിലും ആചാരാനുഷ്ഠാനങ്ങളിൽ അവ വൈവിധ്യം പുലർത്തിയിരുന്നു. ജാതിസമൂഹമാണെങ്കിൽ പരസ്പരം വികർഷിച്ചകന്ന് തൊഴിയും തൊഴലുമായി നിലനിൽക്കുകയായിരുന്നു. വിദ്യാലയങ്ങളാണ് പൊതുവായ ലക്ഷ്യമാർഗ്ഗങ്ങളും കർമ്മപരിപാടി കളും കേരളത്തിൽ ഒരുക്കിയത്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഒരു സമൂഹത്തിന് ഒന്നാകെ പങ്കുവെക്കാൻ കഴിയുന്ന ലക്ഷ്യമാർഗ്ഗങ്ങളും കർമ്മപരിപാടികളും ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മലയാളിയെ ഒരു സമൂഹമാക്കി മാറ്റിയത് പൊതുവിദ്യാലയങ്ങളാണ് എന്ന് നിസ്സംശയം പറയാവുന്നതാണ്.

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളം മാറിയതിനും നാം കടപ്പെട്ടിരിക്കുന്നതു ഈ പൊതു സമൂഹ നിർമ്മിതിയോടാണ്. ആരോഗ്യപരിരക്ഷ, സാമൂഹികക്ഷേമം, സാമൂഹിക വികസനം, സാമൂഹികനീതി എന്നീ രംഗങ്ങളിൽ മറ്റു സംസ്ഥാന ങ്ങൾക്ക് മാതൃകയായിത്തീരുന്ന പുരോഗതി കൈവരിക്കാൻ കേരള ത്തിന് ഇന്നും കഴിയുന്നുണ്ട്. പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാഭ്യാസത്തിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാന ങ്ങളേക്കാൾ മുന്നിലാണ് എന്നുമാത്രമല്ല, പല വികസിത രാജ്യ ങ്ങൾക്കും ഒപ്പവുമാണ്. മനുഷ്യവിഭവശേഷിയുടെ സംസ്കരണ ത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വളരെ മുന്നിലാണ്; ഇതിനെല്ലാം കാരണമായത് കേരളത്തിൽ പ്രചുരമായി സ്ഥാപിക്കപ്പെട്ട വിദ്യാലയങ്ങളും ആ വിദ്യാലയങ്ങളിലൂടെ സർവർക്കും ലഭിച്ച വിദ്യാ ഭ്യാസവുമാണ്. ഒരു മതേതര ജനാധിപത്യശക്തിയായി കേരളം മാറിയ തിനും കേരളീയർ കടപ്പെട്ടിരിക്കുന്നത് നമ്മുടെ വിദ്യാഭ്യാസത്തോടാണ്. കാരണം സമത്വം എന്ന ആശയത്തിന്റെ പ്രായോഗിക രൂപം മലയാളി കണ്ടെത്തിയത് പൊതുവിദ്യാലയങ്ങളിലാണ്.

### *അംബേദ്കറെ കൂടെ കൂട്ടിയ ഗാന്ധിജി*

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ അവസ്ഥ ഇതിൽനിന്നും വ്യത്യസ്ഥമായിരുന്നു. ഭാരതത്തിലാകെ ഒരു പൊതു സമൂഹ സൃഷ്ടിക്ക്

നേതൃത്വം നൽകിയത് *ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്* ആയിരുന്നു. ആ പ്രസ്ഥാനത്തിന്റെ ആത്മചൈതന്യം മഹാത്മഗാന്ധിയുമായിരുന്നു. ഇന്ത്യയുടെ ഇന്നത്തെ ഭൂപടം വരച്ചുണ്ടാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആണ്. ഇന്നു കാണുന്ന രാജ്യാതിർത്തികളും വിസ്തൃതിയും ഉള്ള ഒരു രാഷ്ട്രം 1947 ആഗസ്ത് 15 മുൻപ് ഉണ്ടായിരുന്നില്ല. ശക്തവും വിപുലവുമായ ഒരു ജനാധിപത്യബോധം ഉണ്ടാക്കിയെടുത്തതും *ഗാന്ധിജിയുടെ* നേതൃത്വമായിരുന്നു. കോൺഗ്രസ്സ് വിരുദ്ധനായിരുന്ന അംബേദ്കറെകൂടി ആദ്യമന്ത്രിസഭയിൽ ഉൾപ്പെടുത്താൻ ആജ്ഞാപിച്ചത് ഗാന്ധിജിയായിരുന്നു. അതിനു പറഞ്ഞ കാരണം സ്വാതന്ത്ര്യം കിട്ടിയത് *കോൺഗ്രസ്സുകാർക്ക്* മാത്രമല്ല *ഇന്ത്യാക്കാർക്ക്* ആകെയാണെന്നുമാണ്.

*ഇന്ത്യാക്കാർ* എന്ന ഒരു പൊതുസമൂഹം ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ പൊതുസമൂഹസൃഷ്ടി തുടങ്ങുന്നത് കൃത്യമായി പറഞ്ഞാൽ 1916 ഫെബ്രുവരി ആറാം തീയതിയാണ്. അന്നാണ് *മഹാത്മഗാന്ധി ബനാറസ്സ് ഹിന്ദു സർവകലാശാലയിൽ* പ്രസംഗിച്ചത്. 1915 ഡിസംബർ 27 മുതൽ 29 വരെ നടന്ന ബോംബെ *എ.ഐ.സി.സി.* സമ്മേളനത്തിലാണ് ഗാന്ധിജി ആദ്യമായി പങ്കെടുത്തതും പ്രസംഗിച്ചതും. ആ പ്രസംഗത്തിൽ ആകൃഷ്ടരായ ചിലരാണ് *ബനാറസ്സ് സർവകലാശാലയിലെ* പ്രതിവാരയോഗത്തിൽ പങ്കെടുക്കാനായി ഗാന്ധിജിയെ ക്ഷണിച്ചത്. *ദർഭംഗ* മഹാരാജാവായിരുന്നു യോഗത്തിലെ മുഖ്യ അതിഥി. *ഡോ. ആനിബസന്റായിരുന്നു* അദ്ധ്യക്ഷ. അംഗവസ്ത്രങ്ങളും അധികാര ചിഹ്നങ്ങളും കിന്നരിത്തലപ്പാവും ചാർത്തിയ രാജാക്കന്മാരും മാടമ്പിമാരും നിറഞ്ഞു കവിഞ്ഞ സദസ്സ്. അവരുടെ മുഖത്ത് നോക്കി ഗാന്ധിജി പ്രസ്താവിച്ചു:

*ഇവിടെ കൂടിയിരിക്കുന്ന പ്രമാണിമാരായ നിങ്ങൾ മാത്രമല്ല ഇന്ത്യാ മഹാരാജ്യം. ഇന്ത്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളിലായി ജീവിക്കുന്ന ദരിദ്രരും നിരാലംബരുമായ കോടാനുകോടി മനുഷ്യർ... അവർക്കുകൂടി അവകാശപ്പെട്ടതാണ് ഈ മഹാരാജ്യം.*

അദ്ധ്യക്ഷയായിരുന്ന *ആനിബസന്റ്* അധികപ്രസംഗമാണെന്നു പറഞ്ഞ് ഗാന്ധിജിയുടെ പ്രസംഗം തടസ്സപ്പെടുത്തി. പക്ഷേ, ഭാരതം എന്ന രാഷ്ട്ര നിർമ്മിതിയിലേക്കുള്ള ആദ്യ ചുവടുവെയ്പായിരുന്നു അത് എന്ന് പ്രസംഗം തടസ്സപ്പെടുത്തിയ *ആനിബസന്റും* അന്ന് അറിഞ്ഞിരുന്നില്ല. ആ ഗ്രാമീണജനതക്കുകൂടി പങ്കാളിത്തമുള്ള ഒരു പൊതുസമൂഹത്തെ സൃഷ്ടിക്കാനാണ് *ഗാന്ധിജി* ശ്രമിച്ചത്. ആ പൊതുസമൂഹ സൃഷ്ടിയിലൂടെ മാത്രമെ സ്വതന്ത്രഭാരതം സൃഷ്ടിക്കപ്പെടൂ എന്നും

അദ്ദേഹത്തിനറിയാമായിരുന്നു. ഗ്രാമീണ ജനതയ്ക്ക് അന്നത്തെ ഭര ണവ്യവസ്ഥയിലും അധികാരവ്യവസ്ഥയിലും, ഇടമുണ്ടായിരുന്നില്ല. പണത്തിലും പദവിയിലുമെല്ലാം അവർക്ക്കൂടി പങ്കാളിത്തമുള്ള ഒരു ഇന്ത്യയെ സൃഷ്ടിക്കാനാണ് *ഗാന്ധിജി* ശ്രമിച്ചത്.

*അന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്* ഒരു നിവേദക സംഘം മാത്രമായിരുന്നു. കർമ്മധീരരായ ചെറുപ്പക്കാർക്ക് പങ്കാളിത്തമുള്ള ഒരു സമര സംഘടനയായി അതിനെ വളർത്തിയെടുക്കുക ശ്രമകരമായിരുന്നു. നിസ്സഹകരണസമരത്തിലൂടെയും നിയമലംഘനസമരങ്ങളിലൂടെയും ആ സംഘടന വളർന്നു. ഒടുവിൽ ബ്രിട്ടീഷുകാരെ നിഷ്കാസിതരാക്കാൻ അതിനു കഴിഞ്ഞു. ഈ സമര പരിപാടികളോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങളും കോൺഗ്രസ്സ് പ്രവർത്തനത്തിന്റെ ഭാഗമാക്കിമാറ്റി. *അയിത്തോച്ചാടന പ്രവർത്തനം, സ്ത്രീശാക്തീകരണസംരംഭങ്ങൾ, ഗ്രാമീണ കുടിൽവ്യവസായ പ്രവർത്തനം, വിദ്യാഭ്യാസ സാക്ഷരതാ പ്രവർത്തനങ്ങൾ* എന്നിവകളിലൂടെ ഒരു പൊതു സമൂഹ സൃഷ്ടി ഉറപ്പാക്കിയതാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ മറ്റ് സ്വാതന്ത്ര്യ സമരങ്ങളിൽ നിന്ന് വ്യതിരിക്തമാക്കുന്ന ഘടകങ്ങളിൽ ഒന്ന്.

## *മൃതസഞ്ജീവനിയായി ആത്മവിശ്വാസം*

അന്ധവിശ്വാസം, അജ്ഞത, അടിമത്തം എന്നിവകളാൽ നിയന്ത്രിക്കപ്പെട്ടിരുന്ന ആത്മവിശ്വാസമറ്റ ഒറ്റപ്പെട്ട മനുഷ്യരുടെ ഒരു കലമ്പലായിരുന്നു അന്നത്തെ ഇന്ത്യ. *ഗാന്ധിജി* അവർക്ക് അളവറ്റ ആത്മവിശ്വാസം നൽകി. കുരുക്ഷേത്ര യുദ്ധഭൂമിയിൽ തളർന്നുവീണ അർജ്ജുനനിൽ ആത്മവിശ്വാസം ഉദ്ദീപ്തമാക്കി യുദ്ധം ജയിക്കാൻ അയാളെ കൃഷ്ണൻ പ്രാപ്തനാക്കിയതുപോലെ ഒരു മഹാരാഷ്ട്രസൃഷ്ടിക്കായി ഇന്ത്യാക്കാരെ *ഗാന്ധിജി* സജ്ജമാക്കി *ഗാന്ധിജി* നടത്തിയ ഈ രക്ഷാകരദൗത്യമാണ് ഇന്ത്യയിൽ ഒരു പൊതു സമൂഹത്തെ സൃഷ്ടിച്ചത്.

കേരളത്തിൽ ഗാന്ധിജിക്ക് മുൻപേ തന്നെ ഈ പൊതു സമൂഹസൃഷ്ടി ആരംഭിച്ചിരുന്നു. ജാതിമത ഭേദവിചാരത്തിനതീതമായി വിദ്യാഭ്യാസം നേടാമെന്ന അവസ്ഥ സാധാരണക്കാരിൽ ആത്മവിശ്വാസം ഉദ്ദീപ്തമാക്കി. സാർവ്വത്രികമായി സംസ്ഥാപിക്കപ്പെട്ട വിദ്യാലയങ്ങളും ആ വിദ്യാലയങ്ങളിലൂടെ ജാതിമത വ്യത്യാസമില്ലാതെ സർവർക്കും നൽകിയ വിദ്യാഭ്യാസവും ആ വിദ്യാഭ്യാസം സാധാരണക്കാരിൽ ഉദ്ദീപ്തമാക്കിയ ആത്മവിശ്വാസവുമാണ് *ചാവറയച്ചൻ* കേ

ളിയ പൊതു സമൂഹത്തിനും സംസ്കാരത്തിനും നൽകിയ മികവുറ്റ സംഭാവന. സാധാരണക്കാരിൽ അന്നുമുതലേ തെളിഞ്ഞു തുടങ്ങിയ ആത്മവിശ്വാസമാണ് ആധുനിക കേരളത്തെ സൃഷ്ടിച്ചത്.

വിജ്ഞാനത്തിന്റെ വിതരണ നീതിയാണ് അധികാരത്തിന്റേയും സമ്പത്തിന്റേയും വിതരണ നീതി നിർണ്ണയിക്കുന്നത്. വ്യക്തിക്കും സമൂഹത്തിനും രാജ്യത്തിനും വിജ്ഞാനത്തിലുള്ള നിയന്ത്രണാവകാശമാണ് അധികാരവും സമ്പത്തുമായി പരിണമിക്കുന്നതും; എന്നും എവിടെയും അങ്ങനെതന്നെയാണ്. ഇന്ത്യയിലെ അവസ്ഥയും വ്യത്യസ്ഥമായിരുന്നില്ല. ആയിരക്കണക്കിന് സംവത്സരങ്ങൾ ഇന്ത്യയിൽ ബ്രാഹ്മണാധിപത്യം നിലനിന്നു എന്ന് ചരിത്രകാരന്മാർ പറയുന്നു. ഇന്നും ഈ അവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടായിട്ടില്ലെന്ന് ദലിത് ചിന്തകർ നിരീക്ഷിക്കുന്നു. എന്നാൽ *വേദാധികാരത്തിലൂടെയാണ്* ഇന്ത്യയിൽ ബ്രാഹ്മണകേന്ദ്രീകൃതമായ അധികാരവ്യവസ്ഥയും സമ്പദ് വ്യവസ്ഥയും സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം നാം ഓർക്കണം. *വേദാധികാരം ലോകാധികാരം*തന്നെയായിരുന്നു. ആ വേദാധികാരം മറ്റാരിലേയ്ക്കും പോകാതിരിക്കുന്നതിനുവേണ്ടിയാണ് *ശൂദ്രാദികളൊന്നും വേദം ഗ്രഹിക്കരുത്* എന്ന വിലക്ക് ഏർപ്പെടുത്തിയത്.

അറിവുള്ളവൻ അതില്ലാത്തവന്റെ മേൽ ആധിപത്യം പുലർത്തുന്നത് ചരിത്രത്തിൽ എവിടെയും കാണാൻ കഴിയും. അറിവിൽ ലഭിച്ച ആധിപത്യത്തിലൂടെയാണ് യൂറോപ്പ് ലോകത്തിന്റെ മേൽ ആധിപത്യം നേടിയതും. ജ്ഞാനോദയത്തോടെ ഇരുണ്ട മദ്ധ്യയുഗം അവസാനിച്ചു. നവോത്ഥാനത്തിനുശേഷം യൂറോപ്പിൽ നവീനശാസ്ത്ര വിപ്ലവം തുടങ്ങി. വിവിധ ശാസ്ത്രശാഖകളുടെ അഭൂതപൂർവ്വമായ വളർച്ചയും ശാസ്ത്രത്തെ ആസ്പദമാക്കി വികസിച്ച സാങ്കേതിക വിദ്യയും അറിവിൽ യൂറോപ്പിന്റെ ആധിപത്യം ഉറപ്പിച്ചു. വൈദ്യുതിയും ആവിയന്ത്രവും റയിൽവേയും കമ്പിയില്ലാ കമ്പിയും ലോകാധിപത്യം നേടാൻ യൂറോപ്പിനെ സഹായിച്ചു. ആധുനിക വൈദ്യശാസ്ത്രം കൂടിയായപ്പോൾ വിജ്ഞാനത്തിന്റെ അഗ്രിമസ്ഥാനത്ത് യൂറോപ്പ് പ്രതിഷ്ഠിക്കപ്പെട്ടു. അതോടെ ലോകത്തിന്റെ മേൽ യൂറോപ്പിന്റെ ആധിപത്യവും സ്ഥാപിക്കപ്പെട്ടു.

വിജ്ഞാനത്തിന്റെ കേന്ദ്രീകരണം അധികാരത്തിന്റേയും സമ്പത്തിന്റേയും കേന്ദ്രീകരണമാണ്. ഏതുതരത്തിലുള്ള കേന്ദ്രീകരണവും പാർശ്വവൽക്കരണത്തെ ഉണ്ടാക്കും. അതോടെ ചൂഷകരും ചൂഷിതരുമുണ്ടാകും. വിജ്ഞാനം സവർണ്ണർക്ക് മാത്രമായി സംവരണം ചെയ്തു സൂക്ഷിക്കപ്പെട്ടപ്പോൾ കേരളത്തിലെ ഭൂരിപക്ഷം ജനത പാർശ്വവൽകൃതവിഭാഗമായി മാറി. ഈ പാർശ്വവൽകൃത ജനവിഭാഗ

ങ്ങൾക്കാണ് വിദ്യാലയ പ്രവേശനത്തിലൂടെ വിജ്ഞാനത്തിന്റെ പാത *ചാവറയച്ചൻ* തുറന്നിട്ടത്. അങ്ങനെയാണ് കേരളത്തിൽ പാർശ്വവൽകൃത സമൂഹം അധികാരത്തിലും സമ്പത്തിലും പങ്കാളികളായി മാറിയത്. പാർശ്വവൽകൃതവിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനും രാഷ്ട്രീയാധികാര പ്രവേശനത്തിനും കാരണമായത് അവരുടെ പൊതുവിദ്യാലയ പ്രവേശനമായിരുന്നു.

ആദ്യം പുതുവിദ്യാഭ്യാസം ലഭിച്ചവരെല്ലാവരും ഇന്ത്യയിൽ രാഷ്ട്രീയാധികാര കേന്ദ്രങ്ങളിൽ എത്തിച്ചേർന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യകാല നേതാക്കൾ മാത്രമല്ല ഇതര കക്ഷികളുടെയും ആദ്യകാല നേതാക്കൾ എല്ലാം ഈ പുതു വിദ്യാഭ്യാസം ലഭിച്ചവരായിരുന്നു. ഭരണഘടനാനിർമ്മാണ സഭയുടെ അദ്ധ്യക്ഷപദവിയിലെത്താൻ *അംബേദ്കറെ* സഹായിച്ചതും ഉയർന്ന ബ്രിട്ടീഷ് ബിരുദം തന്നെയാണ്. കേരളത്തിൽനിന്ന് നിയമനിർമ്മാണസഭയിലെത്തിയ ഒരാൾ *ദാക്ഷായണി വേലായുധ*നാണ്. കൊച്ചിയിലെ ആദ്യ ദളിത് വനിതാ ബിരുദധാരിയായ അവർ *മുളവുകാട് പൊന്നാരിമംഗലം സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ* വിദ്യാർത്ഥിനിയായിരുന്നു. ഇന്നുപോലും ഒരു വിദ്യാലയം നടത്തുന്നത് ലാഭകരമല്ലാത്ത മുളവുകാട് തുരുത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ നാലു വിദ്യാലയങ്ങളാണ് കത്തോലിക്കാ സഭ സ്ഥാപിച്ചത്. ഈ ലേഖകൻ പഠിച്ചതും അതിലൊന്നിലായിരുന്നു എന്ന കാര്യം കൃതജ്ഞതാപൂർവ്വം സ്മരിക്കട്ടെ.

## *പാർശ്വവൽക്കരിക്കപ്പെട്ടവന്റെ ഉയിർത്തെഴുന്നേൽപ്പ്*

*പൊതുവിദ്യാലയത്തിലൂടെ പൊതുവിദ്യാഭ്യാസം* എന്ന ആശയത്തിന് കർമ്മരൂപം നൽകുന്നതിലൂടെ അധികാരത്തിന്റേയും സമ്പത്തിന്റേയും പദ്ധതികളുടേയും പങ്കാളികളാക്കി പാർശ്വവൽകൃത സമൂഹത്തെ മാറ്റുക എന്ന ദൗത്യമാണ് നിർവ്വഹിക്കപ്പെട്ടത്. പാർശ്വവൽകൃതരായ സാധാരണക്കാർക്ക് അധികാരാദികളിൽ പങ്കാളിത്തമില്ലാതെ ഒരു സമൂഹം എങ്ങും രൂപീകരിക്കപ്പെടുകയില്ല. പൊതുവിദ്യാലയത്തിലൂടെ പൊതുവിദ്യാഭ്യാസമെന്ന കർമ്മ പരിപാടി *ചാവറയച്ചൻ* ആരംഭിച്ച് 46 വർഷം കഴിഞ്ഞാണ് തിരുവിതാംകൂറിൽ ആ വഴിക്കുള്ള നീക്കം ആരംഭിച്ചത്; കൊച്ചിയിലെത്താൻ അതിന് 50 കൊല്ലം വേണ്ടി വന്നു. 1922ൽ *കാക്കിനഡ* എ.ഐ.സി.സി. സമ്മേളനത്തിലാണ് അയിത്തോച്ചാടനം കോൺഗ്രസ്സിന്റെ കർമ്മപരിപാടിയായി അംഗീകരിക്കപ്പെട്ടത്.കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി താത്വികമായി അയിത്തോ

ച്ചടാന പരിപാടിയെ അംഗീകരിക്കുന്നത് 1924 ആണ്. 1916ൽ *കൽക്കത്ത* എ.ഐ.സി.സി.യിൽ ക്ഷേത്രപ്രവേശനം അംഗീകരിക്കപ്പെട്ടിരുന്നുവെങ്കിലും കെ.പി.സി.സി.യുടെ നേതൃത്വത്തിൽ *വൈക്കം സത്യാഗ്രഹം* നടക്കുന്നത് 1925 മാർച്ചിലാണ്.

ഈ പശ്ചാത്തലത്തിൽവേണം 1864 ൽ *ചാവറയച്ചൻ* നടത്തിയ വിദ്യാലയ സ്ഥാപനത്തിനും പ്രവേശനത്തിനുമുള്ള വിളംബരത്തിന്റെ പ്രസക്തി പരിശോധിക്കേണ്ടത്. പൊതു വിദ്യാഭ്യാസത്തിലൂടെ പൊതു സമൂഹസൃഷ്ടി നടന്നപ്പോൾ കേരളം കൈവരിച്ച മികവുറ്റ നേട്ടങ്ങളിൽ ഒന്ന് സംസ്കൃതമായ *മനുഷ്യവിഭവശേഷിയാണ്*. കേരളത്തിലെ പട്ടിണി മാറ്റിയ ഘടകങ്ങളിൽ ഒന്ന് ഈ മനുഷ്യവിഭവശേഷിയാണ്. കേരളത്തിലെ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കിയ പ്രവാസി സമൂഹത്തിന് ആ നേട്ടം കൈവരിക്കാനായത് അവർക്ക് ലഭിച്ച സാമാന്യ വിദ്യാഭ്യാസംമൂലമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനക്കാർക്ക് ഈ സൗഭാഗ്യം വന്നിരുന്നില്ല. ബ്രിട്ടീഷ് ഇന്ത്യയിൽ ജാതിയുടെ പേരിൽ വിദ്യാലയ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നില്ല എന്നത് നേരാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ ഉന്നതവിദ്യാഭ്യാസം നേടിയ ദളിതരുണ്ടായ സംസ്ഥാനമാണ് തമിഴ്നാട്. എന്നാൽ കേരളത്തിലെ പോലെ വ്യാപകമായ രീതിയിൽ വിദ്യാഭ്യാസം നേടാനുള്ള അവസരം അവിടെ ഉണ്ടായിരുന്നില്ല. ഗ്രാമീണ അവികസിത മേഖലകൾ അവിടങ്ങളിൽ ഇന്നും അവഗണിക്കപ്പെടുന്നു. പെൺവിദ്യാഭ്യാസത്തിലും പൊതുവിദ്യാഭ്യാസത്തിലും കേരളം വളർച്ചനേടിയത് *പള്ളിക്കൊപ്പം പള്ളിക്കൂടം* സ്ഥാപിക്കപ്പെട്ടതുകൊണ്ടാണ്.

### *അറിവിന്റെ അധീശപാത തെളിച്ച മാർഗ്ഗദർശി !*

അധികാരത്തിലും സമ്പത്തിലും പങ്കാളിത്തമുള്ള ശക്തമായൊരു മധ്യവർഗ്ഗം കേരളത്തിൽ രൂപപ്പെട്ടതും ഈ വിദ്യാഭ്യാസത്തിലൂടെയാണ്. അറിവിന്റെ വികേന്ദ്രീകൃതമായ വിവരണത്തിലൂടെ അധികാരത്തിലും സമ്പത്തിലും പങ്കാളിത്തം ലഭിച്ചവരാണ് അവർ. അധികാരവും സമ്പത്തും വികേന്ദ്രീകൃതമായാൽ മാത്രമേ ജനാധിപത്യം സുശക്തമാകു. ആ ജനാധിപത്യശക്തിയുടെ പ്രശസ്തനായ ഗുണഭോക്താവാണ് മുൻ രാഷ്ട്രപതി *കെ.ആർ.നാരായണൻ*. ഇത്രക്ക് പ്രശസ്തരല്ലെങ്കിലും ആ ശ്രേണിയിൽ പതിനായിരങ്ങൾ ഉണ്ട് എന്നും ഓർക്കണം. എന്തെല്ലാം ദൗർബല്യങ്ങൾ ഉണ്ടെങ്കിലും താരതമ്യേന സുശക്തമായ കേരളത്തിലെ ജനാധിപത്യ സമ്പ്രദായം വികസിപ്പിക്കുന്നതിലും *ചാവറയച്ചന്റെ* വിദ്യാലയ പ്രവേശനം നിസ്തുലമായ സംഭാ

വനയാണ് നൽകിയത്.

ബാഹ്യമായ രീതിയിലാണെന്ന് ആക്ഷേപമുണ്ടെങ്കിൽപോലും ജാതിമതചിന്തകൾക്ക് അതീതരായി കേരളീയർ ഒത്തൊരുമിക്കുന്ന ഒരു സമൂഹമായി പരിണമിക്കുന്നതിന് നാം കടപ്പെട്ടിരിക്കുന്നത് പൊതുവിദ്യാലയങ്ങളോടാണ്.സർവ്വമതസമഭാവനയിൽ ഊന്നിയ സർവ്വസമത്വഭാവന ഒരു തത്വമായി ഇന്ത്യയിൽഎന്നുമുണ്ടായിരുന്നു. ആ തത്വദർശനത്തിന്റെ പരമോന്നതിയാണ് അദ്വൈതചിന്ത.അഹംബോധത്തെ മറികടന്ന ഋഷീശ്വരൻമാർക്ക് ആ തത്ത്വം അനുഭൂതമായിരുന്നു എന്നതും സത്യംതന്നെയായിരുന്നു. ആർഷമായ ഈ പാരമ്പര്യത്തോടൊപ്പം സഹസ്രാബ്ദങ്ങളോളം ജാതിവിവേചനം ഇവിടെ നിലനിന്നിരുന്നു എന്നും ഓർക്കണം. എന്നാൽ ആധുനിക കാലത്ത് ജാതിമതചിന്തകൾക്ക് അതീതമായ ഒരു പൊതു സമൂഹത്തെ ഒരുക്കിയത് നമ്മുടെ പൊതുവിദ്യാലയങ്ങളാണ്. പൊതുവിദ്യാലയം എന്ന സങ്കല്പം തന്നെ കേരളീയ സമൂഹത്തിൽ അവതരിപ്പിച്ചത് *ചാവറയച്ച*നുമാണ്.

ഒരു മതേതരസമൂഹമായി മലയാളികൾ മാറിയതിനു പിന്നിലും *ചാവറയച്ചന്റെ* വിദ്യാലയങ്ങൾക്ക് നിസ്തുലമായ പങ്കാണുള്ളത്. അധികാരത്തിലും സമ്പത്തിലും പങ്കാളിത്തം നൽകുന്നതിലൂടെ നമ്മുടെ ജനാധിപത്യസോഷ്യലിസ്റ്റ് ആശയങ്ങളെ സമ്പുഷ്ടമാക്കുന്നതിലും ആ വിദ്യാലയങ്ങൾ പരമപ്രധാനമായ പങ്കു വഹിച്ചതും നാം കണ്ടതാണ്. ഒരു സമൂഹത്തിൽനിന്നും ഒരിക്കലും അസ്തമിക്കാത്ത സമത്വം എന്ന ആശയത്തിന് കർമ്മ രൂപം നൽകിയ മനീഷി എന്ന നിലക്കായിരിക്കാം ഭാവിയിൽ ചാവറയച്ചൻ കൂടുതൽ പ്രശംസിക്കപ്പെടുക....

# പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും

അബ്ദുൾ സമദ് സമദാനി

കേരളീയർക്ക് സുപരിചിതമായ ഒരു സാംസ്കാരിക സ്ഥാപനമാണ് *ചാവറ സാംസ്കാരിക കേന്ദ്രം.* ക്രൈസ്തവ ആത്മീയതയുടെ ചേതസ്സുറ്റ രൂപമായി അത് നമ്മുടെ നാട്ടിൽ ജ്വലിച്ചു നിൽക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ ജീവകാരുണ്യ സേവനരംഗങ്ങളിൽ ക്രൈസ്തവ സഭയുടെ സംഭാവനകൾ നിസ്തുലവും മാതൃകാപരവുമാണ്. കത്തോലിക്കാ സഭ ഈ രംഗങ്ങളിൽ നൽകിയിരിക്കുന്ന സംഭാവനകൾ മാറ്റി നിർത്തിക്കൊണ്ട് കേരളത്തിന്റെ സംസ്കാരത്തെയും സാമ്പത്തിക സാമൂഹിക വികസനത്തെയും കുറിച്ച് ചിന്തിക്കാനേ സാധ്യമല്ല. ഈ രംഗങ്ങളിൽ സ്വകീയമായ പ്രവർത്തന മേഖല തുറന്ന് മാതൃകസൃഷ്ടിച്ച മഹാത്മാവാണ് *ചാവറയച്ചൻ.* മത സാമുദായിക പരിഗണനകൾക്ക് അതീതമായി കേരളത്തിനു ഒരു പൊതുസാംസ്കാരിക പൈതൃകം സൃഷ്ടിച്ചെടുക്കുന്നതിൽ *ചാവറയച്ചൻ* നൽകിയ സംഭാവനകൾ വിലയറ്റതാണ്. ഒരു സൗഭാഗ്യം പോലെ അദ്ദേഹത്തിന്റെ സ്മരണ കേരളീയർക്ക് ഒരു പൊതുസ്വത്തായി ലഭിച്ചിരിക്കുന്നു.

## *കാരുണ്യത്തിന്റെ മതം*

*ചാവറയച്ചന്റെ* ചേതസ്സ് സ്ഫുരിക്കുന്ന മുഖം ഒരു ചിത്രത്തിലൂടെയെങ്കിലും കാണാത്തവർ കേരളത്തിൽ കുറവായിരിക്കും. ഇന്ത്യയുടെ ആത്മീയ പാരമ്പര്യത്തിന്റെ വക്താവും പ്രയോക്താവും ആണ് അദ്ദേഹം. അദ്ദേഹത്തിന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന *ചാവറ സാംസ്കാരിക കേന്ദ്രത്തിന്റെ* വ്യാപനങ്ങളിൽ ഭാഗമാകാൻ കഴിയുന്നതിൽ എനിക്ക് അത്യന്തം സന്തോഷമുണ്ട്. മതത്തിന്റെ ക്രിയാത്മകമായ സംഭാവനകൾ വിസ്മരിച്ചുകൊണ്ടുള്ള സംവാദവിവാദങ്ങളാണ് ഇന്ന് ലോകവേദിയിൽ നടക്കുന്നത്. മതം ക്രിയാത്മകമോ നിഷേധാത്മകമോ എന്ന മട്ടിലുള്ള ചോദ്യങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള വിവാദങ്ങളും ഇന്ത്യയിലും കേരളത്തിലും നടക്കുന്നുണ്ട്.

മതത്തിന്റെ സാരാംശം ആത്മീയതയാണ്. ആത്മീയമൂല്യങ്ങളിൽ അധിഷ്ഠിതമായ മതം എപ്പോഴും മനുഷ്യന്റെ വഴികാട്ടിയും ചങ്ങാതിയുമാണ്. ഈ രീതിയിൽ മതപ്രഘോഷണം നടത്തിയിട്ടുള്ള നിരവധി ആത്മീയ തേജ:സ്വികളെ സംഭാവനചെയ്യാൻ ഭാരതത്തിന് എന്നും കഴിഞ്ഞിട്ടുണ്ട്. മതത്തെ നിഷേധിച്ചിട്ടുള്ള ജീവിതം മാരകമായിരിക്കും. മനുഷ്യന് അതിന് കഴിയുകയുമില്ല. മതം മനുഷ്യന് ജീവവായു പോലെയാണ്. ജീവകാരുണ്യമാണ് മതം നൽകുന്ന മുഖ്യസന്ദേശം.

ആ കാരുണ്യമില്ലാതെ മതവും മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നില്ല. ആ കാരുണ്യത്തിന്റെ സ്രോതസ്സുകൾ കേരളീയ സമൂഹത്തിൽ പ്രസരിപ്പിക്കാൻ ശ്രമിച്ച ആത്മീയ തേജ:സ്വിയാണ് *ചാവറയച്ചൻ*. അദ്ദേഹത്തിനോടുള്ള എന്റെ ആദരവ് ഞാൻ ഇങ്ങനെ വ്യക്തമാക്കട്ടെ:

*മതത്തിന്റെ ആത്മീയ ചേതനകളെ ശാശ്വതമായി നിലനിർത്താനുള്ള ആധുനിക മനുഷ്യമനസിന്റെ ദൃഢപ്രതിജ്ഞ, ശ്രീബുദ്ധനെപ്പോലെ, ശ്രീനാരായണ ഗുരുവിനെപ്പോലെ, ഗുരുനാനാക്കിനെപോലെ, തുളസീദാസ് മഹാകവിയെപ്പോലെ, നിർവ്വഹിച്ച, നിവർത്തിച്ച, മനീഷിയാണ് അദ്ദേഹം.*

ബഹുസ്വരതയാണ് ഭാരതീയ സംസ്കാരത്തിന്റെ സവിശേഷത. എണ്ണമറ്റ വിശ്വാസ സംഹിതകൾ, ആചാര്യ മര്യാദകൾ, അനുഷ്ഠാന മാതൃകകൾ, ആഹാര രീതികൾ, ജീവിതചര്യകൾ എന്നിവയെല്ലാം ഒരുമിച്ച് നിലനിൽക്കുന്ന ഭാരതീയ സംസ്കൃതി എത്രയ്ക്ക് ആവേശകരമാണ്! ആ ബഹുസ്വരതയെ സമന്വയിപ്പിച്ച് നിർത്തുന്ന ശക്തിസ്വരൂപമാണ് ആത്മീയത. ഭാരതീയ സംസ്കാരത്തിന്റെ സവിശേഷത എന്ന്

നമുക്ക് നിസ്സംശയം വിശേഷിപ്പിക്കാവുന്ന ആത്മീയതയുടെ നിറവാർന്ന ആ ബഹുസ്വരതാസങ്കൽപ്പം ലോകത്ത് എല്ലായിടത്തും വെല്ലുവിളികൾ നേരിടുന്നു. എന്നാൽ വെല്ലുവിളികൾ എന്തെല്ലാമായാലും അതിനെ അതിജീവിക്കാതെ ഈ ലോകത്തിന് നിലനിൽക്കാനാവില്ല. കാരണം, ലോകത്തിന്റെ ആദർശം തന്നെ ബഹുസ്വരതയാണ്.

### *അടിസ്ഥാനധാരയിൽ നിന്നകലുന്നു*

നേരത്തെ സൂചിപ്പിച്ചതുപോലെ *പൊതു വിദ്യാഭ്യാസം: പ്രശ്നങ്ങളും പ്രസക്തിയും* എന്ന വിഷയത്തെ ഈ ആത്മീയ പരിപ്രേഷ്യത്തിൽ നിന്നുകൊണ്ട് പരിശോധിക്കാൻ കഴിയും. കേരളത്തിലെ പൊതുവിദ്യാഭ്യാസം കെട്ടിപ്പടുക്കുന്നതിൽ കേരളീയ ക്രൈസ്തവ സമൂഹം നൽകിയ മഹത്തായ സംഭാവനകളെ ഒരാൾക്കും വിസ്മരിക്കാനാവില്ല. കേരളീയ പൊതുസമൂഹം രൂപപ്പെട്ടു വന്നതും പൊതുവിദ്യാഭ്യാസത്തിലൂടെയാണ്. ആ പൊതുവിദ്യാഭ്യാസം കേരളത്തിൽ എവിടെ കണ്ടാലും അവിടെയെല്ലാം *ചാവറയച്ച*ന്റെ ആത്മീയ സാന്നിദ്ധ്യവും സ്പർശവും നമുക്ക് അനുഭവിക്കുവാൻ കഴിയും. അതുകൊണ്ട് ഈ ക്രൈസ്തവ സംഭാവനയെ മാറ്റിനിർത്തിക്കൊണ്ട് നമുക്ക് കേരളത്തിന്റെ ഒരു സാംസ്കാരിക ഉന്നമനത്തെയും വിശദീകരിക്കാൻ കഴിയില്ല. ഏതെങ്കിലും ഒരു മതം മാത്രം സംഭാവന നൽകി സൃഷ്ടിച്ചെടുത്ത ഒന്നല്ല ഇന്ത്യാ രാജ്യം. എല്ലാ രാജ്യങ്ങളും എല്ലാമതങ്ങളും അവരവരുടേതായ മികവുറ്റ സംഭാവനകൾ ഒരുമിച്ച് നൽകി കെട്ടിപ്പടുത്ത ഒരു മഹാരാജ്യമാണ് നമ്മുടേത്. തീർച്ചയായും അതിൽ ഹിന്ദു മതത്തിനു വലിയ സ്ഥാനമുണ്ട്. ഇസ്ലാംമതവും ഹിന്ദുമതവും പാർസി മതവും ക്രൈസ്തവ മതവും അവരവരുടേതായ മികവുറ്റ സംഭാവനകൾ കൂടി നൽകിയപ്പോഴാണ് നാം ഇന്ന് കാണുന്ന ഈ ഇന്ത്യാ രാജ്യവും അതിന്റെ സംസ്കാരവും സൃഷ്ടിക്കപ്പെട്ടത്. ഈ സത്യത്തെ, ഇതിനു അടിസ്ഥാനധാരയായ വൈവിധ്യമാർന്ന ആത്മീയ സ്രോതസ്സുകളെ, തിരസ്കരിച്ചതാണ് നമ്മുടെ പൊതുവിദ്യാഭ്യാസം നേരിടുന്ന പ്രധാന വെല്ലുവിളി എന്ന് ഞാൻ കരുതുന്നു നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്ന് ഇതു തന്നെയാണ്.

നിർഭാഗ്യവശാൽ നമ്മുടെ മണ്ണും മനുഷ്യനും ചരിത്രവും ഒന്നും ആയി ബന്ധമില്ലാത്ത വിദ്യാഭ്യാസരീതിയാണ് ഇന്ന് ഇവിടെ രൂപപ്പെട്ടുവരുന്നത്. ഇത് നമ്മുടെ സ്വാതന്ത്ര്യസമരവുമായി ചേർന്നു നമ്മുടെ ദേശീയനേതാക്കൾ വിഭാവനം ചെയ്ത വിദ്യാഭ്യാസ ആദർശത്തിന് വിരുദ്ധം ആണ്. കേരളത്തിലെ ഈ സ്ഥിതി പരിതാപകരം തന്നെ.

ഇപ്പോഴത്തെ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസത്തെ നമ്മുടെ സംസ്കാരവും ജീവിതവുമായി ബന്ധമില്ലാത്ത ഒന്നാക്കി, പൊള്ളയാക്കി തീർത്തിരിക്കുന്നു. പുരോഗമനപരമായ ആശയങ്ങൾ നടപ്പാക്കുന്നു എന്നാണ് ഈ വിദ്യാഭ്യാസപരിഷ്കാരങ്ങളുടെ പരിപ്രോക്താക്കൾ അവകാശപ്പെടുന്നത്. പക്ഷേ, ആ അവകാശവാദം അസ്ഥാനത്താണെന്ന് അൽപം ആലോചിച്ചാൽ ആർക്കും ബോധ്യമാകും. മനുഷ്യരെ രൂപീകരിക്കുന്ന ഘടകങ്ങൾ എന്തൊക്കെ എന്ന് കണ്ടറിയാനും അവയിൽ വേരൂന്നി നിൽക്കുന്നത് എന്ത് എന്ന് ബോധ്യപ്പെടുവാനും ഉതകുന്ന വിധമാകണം വിദ്യാഭ്യാസപരിഷ്കാരങ്ങൾ നടപ്പിലാക്കേണ്ടത്. അത് നമ്മുടെ മണ്ണുമായി ബന്ധപ്പെട്ടതായിരിക്കണം. നമ്മുടെ സമൂഹത്തിന്റെ സ്വകീയമായ ഓർമ്മയിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടതാകണം. ഏത് ജനതയുടെയും സമൂഹം സ്വരൂപിച്ചുവയ്ക്കുന്ന ഓർമ്മയാണ് ചരിത്രം.

### *മനസ്സിലേക്കും മനുഷ്യനിലേയ്ക്കും മടങ്ങുക*

ആ ഓർമ്മയേയില്ലാത്ത മനുഷ്യന്റെ അവസ്ഥ ഒന്നോർത്ത് നോക്കൂ. എത്ര ആപൽക്കരമാണ് ആ സ്ഥിതിവിശേഷം.!

ഇന്നത്തെ നമ്മുടെ സമൂഹത്തിന് മറവിരോഗം ബാധിച്ചിരിക്കുന്നു. അതിന്റെ കാരണം എന്താണ്? നമ്മുടെ മനസ്സിലും ജീവിതത്തിലും ഊന്നിനിന്നുക്കൊണ്ടുള്ള ജീവിതവ്യവഹാരങ്ങളെ ബോധ്യപ്പെടുത്താൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല എന്നതുതന്നെ. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

പഴയപ്രമാണങ്ങൾ, വിശ്വാസമാതൃകകൾ, ആചാരരീതികൾ...അവയുടെയെല്ലാം അടിസ്ഥാനത്തിൽ നിലനിന്ന നമ്മുടെ പാരമ്പര്യം... അതിനെയെല്ലാം അപ്പാടെ തിരസ്ക്കരിക്കുന്നആത്മഹത്യാപരമായ ഒരു അവസ്ഥാവിശേഷം ഇന്ന് നമ്മുടെ വിദ്യാഭ്യാസത്തിലുണ്ട്. അതുകൊണ്ട് ആദ്യം ചെയ്യേണ്ടത് നമ്മുടെ വിദ്യാഭ്യാസത്തെ മനസ്സിലേക്കും മനുഷ്യനിലേയ്ക്കും തിരികെ കൊണ്ടുവരിക എന്നതാണ്.

നമുക്ക് നമ്മുടെ ജനാലകളും വാതിലുകളും മലർക്കെ തുറന്നിടാം. ആ തുറന്നിട്ട ജാലകത്തിലൂടെ കടന്നുവരുന്ന കാറ്റും വെളിച്ചവും സ്വീകരിക്കാം. ആശയങ്ങളുടെ ആർദ്രതയും സൗരഭ്യവും വെളിച്ചവും എല്ലാം എമ്പാടും പരക്കട്ടെ. പക്ഷേ, അതിൽ നിന്നും നമ്മുടെ മണ്ണും ജീവിതവും ആയി ബന്ധപ്പെട്ടതു മാത്രം നാം ഉൾക്കൊള്ളുക. അതിനുള്ള വിവേചനത്തിൽ നിന്നേ ഈ മണ്ണിനു വേണ്ട ഒരു വിദ്യാഭ്യാസം സ്വാഭാവികമായി ഇവിടെ രൂപപ്പെട്ടു വരികയുള്ളൂ.

എന്നാലിന്ന് അതിനുപകരം കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? ഭരിക്കുന്ന പാർട്ടിയ്ക്കുള്ള വിദ്യാഭ്യാസമാണ് ഇന്നിവിടെ നൽകുന്നത്. അതിന്റെ ലക്ഷ്യമാകട്ടെ കക്ഷിരാഷ്ട്രീയ വിഭാഗീയതകൾ വളർത്തുകയും.! പാഠപുസ്തകങ്ങൾ പാർട്ടി ലഘുലേഖകൾ പോലെയായിരിക്കുന്നു. പാർട്ടികളുടെ പ്രത്യയശാസ്ത്രം എന്ന വിശേഷണമാണ് അവയ്ക്ക് കൂടുതൽ ചേരുക; അതോ പ്രത്യയശാഠ്യം എന്നതോ!. ഏകസ്വരതയാണ് പാഠപുസ്തകങ്ങളിൽ കാണുന്നത്. ഈ സമീപനം നാടിന്റെ തനിമ തന്നെയായ ബഹുസ്വരതയ്ക്ക് ഭീഷണിയാണ്. പാർട്ടിയെ വളർത്താനുള്ളതല്ല നാടിനെ നന്നാക്കാനുള്ളതാണ്; ആവണം; വിദ്യാഭ്യാസം. ആവണ്ടേ?

ബഹുസ്വരത അർത്ഥമാക്കുന്നത് എല്ലാവർക്കും ഈ ഭൂമിയിൽ പാർക്കാൻ അവസരമുണ്ട് എന്നതാണ്. വൈവിധ്യം പ്രപഞ്ചത്തിന്റെ ഭാഗമാണ്. വൈവിധ്യം ഇല്ലാതെ പ്രപഞ്ചത്തിന് നിലനിൽക്കാൻ സാധിക്കില്ല. എന്നാൽ വൈവിധ്യങ്ങളെ വൈരുദ്ധ്യങ്ങളായി കാണുന്ന സമീപനമാണ് പാർട്ടിവൽകൃത പാഠഭാഗങ്ങളിൽ കടന്നുകൂടിയതായി കാണുന്നത്. ഇത് ആപത്താണ്. വൈവിധ്യങ്ങൾ നിവർത്തിക്കുന്ന അവസ്ഥയാണ് പ്രപഞ്ചം. ഇതിനെയാണ് *വൈവിധ്യങ്ങളുടെ സമന്വയം* എന്ന് വിശേഷിപ്പിക്കാവുന്നത്. ഈ സമന്വയത്തിൽ നിന്ന് സംഭൂതമാകുന്നതാകണം വിദ്യാഭ്യാസം. എന്നാൽ ഇത്തരം മൂല്യങ്ങളെയെല്ലാം അപ്പാടെ വലിച്ചെറിയുന്ന സമീപനമാണ് ഇന്ന് നമ്മുടെ വിദ്യാഭ്യാസ രംഗങ്ങളിൽ കാണുന്നത്. സ്വാഭാവികമായും വിദ്യാഭ്യാസം ജനജീവിതത്തിൽ നിന്ന് അകന്നുപോവുകയും ചെയ്തു. ഇത് മാറ്റിയെടുത്തേ മതിയാവൂ.

ഇത്രയേറെ വിദ്യാഭ്യാസത്തെ അവഗണിച്ച ജനത നമ്മെപ്പോലെ വേറെയാരുമില്ല എന്ന് ഇനിയെങ്കിലും തിരിച്ചറിയേണ്ടതാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറിവരെയുള്ള തലങ്ങളിൽ കേരളത്തിൽ ഒരു വിദ്യാഭ്യാസ രീതി ഉണ്ടാക്കിയെടുക്കുന്നതിൽ തുടക്കംതൊട്ടേ എല്ലാ ജാതി മതങ്ങളും സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. അതിൽ മുഖ്യപങ്ക് ക്രൈസ്തവ ജനതയുടേതാണ് എന്ന കാര്യം തുറന്നു സമ്മതിക്കുന്നതിൽ സന്തോഷവുമുണ്ട്. ഹൈന്ദവ ഇസ്ലാമിക മതവിഭാഗങ്ങളും അവരവരുടേതായ സംഭാവനകൾ നൽകി. സർക്കാരുകൾ സഹായം ചെയ്തിട്ടില്ല എന്നല്ല ഇതിനർത്ഥം. ഉണ്ട്, അതുകൂടി ഈ പൊതു സത്തയിൽ ഉൾച്ചേർന്നിരിക്കുന്നു. ഇങ്ങനെ എല്ലാവരും ഒന്നുചേർന്ന്, സൃഷ്ടിച്ചെടുത്ത വിദ്യാഭ്യാസമികവ് പക്ഷെ, ഇന്ന് നമുക്ക് നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. അതാണ് ഭയപ്പെടേണ്ടതും.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നു നടക്കുന്ന സമരങ്ങളെ ആർക്കാണ് നീതികരിക്കാൻ കഴിയുക? ഫാക്ടറികളിൽ തൊഴിലാളികൾ നടത്തുന്ന സമരം പോലെയാണോ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ പഠിപ്പുമുടക്കി സമരം നടത്തുന്നത്? ആവരുത്. പക്ഷേ ആണ് എന്നതാണ് സത്യം. ഇത്തരം സമരാഭാസം ലോകത്ത് നടക്കുന്ന ഏതെങ്കിലും ഭൂപ്രദേശം ഉണ്ടെങ്കിൽ അത് പ്രബുദ്ധരെന്നും സാക്ഷരരെന്നും അവകാശപ്പെടുന്ന ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഈ കേരളം മാത്രമാണ്. ഈ ഒറ്റ കാര്യം മതി നമ്മുടെ വിദ്യാഭ്യാസത്തെ നാം എത്ര നിന്ദ്യമായി കാണുന്നു എന്ന് തിരിച്ചറിയുവാൻ.

*നന്ദി വേണ്ട ; നിന്ദിക്കാതിരിക്കുക!*

വിദ്യാഭ്യാസത്തെ നേർവഴിക്ക് നടത്താൻ ശ്രമിക്കുന്ന ഏതൊരാൾക്കും വഴിപിഴച്ച രാഷ്ട്രീയ സങ്കൽപത്തോട് പോരാടേണ്ടി വരും. വിദ്യാർത്ഥികളിൽ രാഷ്ട്രീയ അവബോധം ഉണ്ടാകണം. രാഷ്ട്രീയ ബോധം ക്യാംപസിന് ആവശ്യവുമാണ്. എന്നാൽ കക്ഷി രാഷ്ട്രീയവത്കരണം ക്യാംപസിന് ആവശ്യമുണ്ടോ എന്ന് നാം ക്ഷമാപൂർവ്വം ആലോചിക്കണം. നമ്മുടെ ക്യാംപസുകളിൽ ഇന്നുള്ളത് രാഷ്ട്രീയ അവബോധം അല്ല മറിച്ച് സങ്കുചിത കക്ഷിരാഷ്ട്രീയവത്കരണം മാത്രമാണ്. അതാവട്ടെ നമ്മുടെ ക്യാംപസുകളെ മാരക രോഗം പോലെ ബാധിച്ചിരിക്കുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസത്തെ എങ്ങനെ നശിപ്പിച്ചു എന്ന ഒരു കണക്കെടുപ്പ് അനിവാര്യമായി നടപ്പിലാക്കണം.

ഇതിന്റെയെല്ലാം ഫലമായി പൊതുവിദ്യാഭ്യാസത്തിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ സമൂഹം നേരിടുന്ന ദുരന്തം അത് തന്നെയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനു പകരം *വിദ്യാർത്ഥി സൗഹൃദ വിദ്യാഭ്യാസം* എന്ന പേരിൽ അന്തഃസാര ശൂന്യമായി വിദ്യാഭ്യാസപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നു.

മികച്ച വിദ്യാഭ്യാസം സാധാരണക്കാർക്ക് എത്തിക്കുന്നതിൽ ക്രൈസ്തവ ജനത നൽകിയ സംഭാവനകൾ മികവുറ്റതാണ് എന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ജീവകാരുണ്യപ്രവർത്തനരംഗവും സജീവമായത് ക്രൈസ്തവ ജനതയുടെ ഇടപെടൽ കൊണ്ടാണ്. ഓരോ ജനതയും അവരവരുടേതായ സംഭാവനകൾ നമ്മുടെ സമൂഹത്തിൽ നൽകിയിട്ടുണ്ടല്ലോ. ആ സംഭാവനകളെയൊക്കെ വിലയിരുത്തിക്കൊണ്ടുമാത്രമേ നമ്മുടെ സമൂഹത്തിന്റെ പുരോഗതിയെക്കുറിച്ച് ചിന്തിക്കാവൂ. കേരളത്തിന്റെ പൊതു സമൂഹത്തിൽ പുരോഗതി വരുത്തിയ വിദ്യാഭ്യാസമേഖല കഴിഞ്ഞ നാലരകൊല്ലമായി ഇവിടെ വഴിതെറ്റിസ

ഞ്ചരിക്കുകയാണ്. വിദ്യാഭ്യാസ കച്ചവടക്കാർ, വിദ്യാഭ്യാസ കൊള്ളക്കാർ എന്നൊക്കെ കേരളത്തിൽ വിദ്യാഭ്യാസം വികസിപ്പിച്ചെടുത്ത ഒരു സമൂഹത്തെ തിരിഞ്ഞുനോക്കി അവമതിപൂർവ്വം വിശേഷിപ്പിക്കുന്നതും അതിൽ അഭിരമിക്കുന്നതും ഒരു ഭരണാധികാരിക്കും ഭൂഷണമല്ല. വന്ന വഴി മറക്കുന്നതിനു തുല്യമാണത്. ഞാൻ ആദ്യമേ സൂചിപ്പിച്ച മറവി രോഗം, *അൽഷേമ്യേഴ്സ്* പിടിക്കപ്പെട്ടിരിക്കുന്നത് ആ വിധമുള്ള ഭരണാധികാരികൾക്കാണ്.

*നന്ദി കാണിക്കേണ്ട, എന്നാലും നിന്ദിക്കേണ്ടതുണ്ടോ?*

ഇത് അവർ ക്ഷമാപൂർവ്വം ആലോചിക്കേണ്ടതാണ്. *രൂപത* എന്ന സുന്ദരമായ പദത്തെ കഴിഞ്ഞ നാലരക്കൊല്ലമായി കേരളത്തിൽ നമ്മുടെ ഭരണകർത്താക്കൾ എങ്ങനെ വികലമായി അവതരിപ്പിച്ചുവെന്ന് ഞാൻ വിശദീകരിക്കുന്നില്ല. അത് ഞാൻ അനു:ശീലിക്കുന്ന സംസ്കാരത്തിന് യോജകവുമല്ല. സംസ്കാരമുള്ള ഒരു ജനതയ്ക്ക് അത് നന്നല്ല എന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

### *പരീക്ഷയുടെ പ്രസക്തി*

വളരെ ദുർബ്ബലമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് വളരെ ഗൗരവമായ പഠനംതന്നെ നടത്തേണ്ടിയിരിക്കുന്നു. ഉത്തരവാദിത്വശൂന്യമായ അലസ സമീപനമാണ് ഇപ്പോഴത്തെ സർക്കാർ ഇക്കാര്യത്തിൽ അനുവർത്തിക്കുന്നത് എന്നത് ഖേദകരമാണ്.

ഈ അടുത്തകാലത്ത് *ഗ്രേഡിംഗ് സമ്പ്രദായം* ഏർപ്പെടുത്തി. അത് നന്നായി. പക്ഷേ, അതിന്റെ ഫലമായി പരീക്ഷയുടെ പ്രാധാന്യം അപ്പാടെ നഷ്ടപ്പെട്ടുപോയി. അത് നന്നായതുമില്ല. ഇന്നു നാം അനുവർത്തിക്കുന്ന രീതിയിൽ മാർക്കുകൾ വാരിക്കൂട്ടുന്ന ഒരു പരീക്ഷാ സമ്പ്രദായം വേണമെന്ന് ഞാൻ പറയുന്നില്ല. കുട്ടികളെ *മാർക്കുൽപാദന യന്ത്രങ്ങളായി* കാണുന്നത് ശരിയല്ല എന്ന് പറയാതെ വയ്യ. വിദ്യാഭ്യാസത്തെക്കുറിച്ചു എളിയ രീതിയിൽ ചിന്തിക്കുന്ന ഒരു സാധാരണക്കാരൻ എന്ന രീതിയിൽ എനിക്ക് തോന്നിയിട്ടുള്ളത് വിദ്യാർത്ഥി എന്നത് ഒരു മാർക്ക് ഉൽപാദന മെഷീൻ ആയും അധ്യാപകൻ അത് പ്രവർത്തിപ്പിക്കുന്ന ഒരു ആളായും ഉള്ള അധ:പതനമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത് എന്നാണ്. പരീക്ഷയുടെ ലക്ഷ്യം മാർക്കല്ല. ഒരു വിദ്യാർത്ഥി താൻ പഠിച്ച കാര്യങ്ങൾ എത്രമാത്രം തന്നിൽ ലയിച്ചുവെന്ന് സ്വയം അറിയുവാനും മറ്റുള്ളവരെ അറിയിക്കുവാനുമായാണ് പരീക്ഷ. ആ പരീക്ഷയെ ആദരിക്കാത്ത, മനസ്സിലാക്കാത്ത, വിദ്യാഭ്യാസ പരിഷ്ക്കരണംകൊണ്ട് ഗുണത്തേക്കാൾ ദോഷമായിരിക്കും ഉണ്ടാവുക.

വിദ്യാഭ്യാസം ഇന്ന് വലിയ സമ്മർദ്ദം ഏൽപ്പിക്കുന്ന ഒരു ഏർപ്പാടായി മാറിയിരിക്കുന്നു. ഏറ്റവുമധികം മാനസിക സമ്മർദ്ദം അനുഭവപ്പെടുന്ന ജോലി ഇന്നൊരുപക്ഷെ ടീച്ചിംഗ് ആണ്. എല്ലാ ഭാഗത്തുനിന്നുമുള്ള സമ്മർദ്ദങ്ങൾ ഒരു അധ്യാപകൻ ഏൽക്കേണ്ടിവരുന്നു. രക്ഷകർത്താക്കൾക്ക് അവരുടെ കുട്ടികളെല്ലാം ഒന്നാമതായി എത്തണം. എല്ലാവർക്കും ഒന്നാം സ്ഥാനത്ത് എത്താൻ സാധിക്കുകയില്ല. എന്ന ഒരു കാര്യം അവർ അറിയുന്നില്ല, അറിയാൻ ശ്രമിക്കുന്നുമില്ല. രക്ഷകർത്താക്കളിൽ നിന്നും സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികൾ അത് പ്രയോഗിക്കുന്നതും അധ്യാപകരിലാണ്. സ്കൂൾ മേലധികാരിയുടെ ഭാഗത്ത് നിന്നുമുള്ള സമ്മർദ്ദങ്ങളും ഒട്ടും കുറവല്ല. ഇതെല്ലാം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ സാരമായി ബാധിക്കുന്നുണ്ട് എന്നതാണ് പ്രധാനം.

എന്താണ് വിദ്യാഭ്യാസം? തൊഴിൽ നേടാനുള്ള ഒരു ഉപാധിമാത്രമാണോ അത്? തൊഴിൽ വിദ്യാഭ്യാസത്തിന്റെ അനിവാര്യഘടകം തന്നെയാണ്, സമ്മതിക്കുന്നു. പക്ഷെ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തൊഴിൽ നേടുക മാത്രമല്ല. ഏതു തൊഴിലിനേയും ഒരുകലാസൃഷ്ടിയാക്കി മാറ്റാൻ പ്രാപ്തമാകുന്നതാകണം വിദ്യാഭ്യാസം. അപ്പോഴേ വിദ്യാഭ്യാസം സംസ്കാരത്തിന്റെ പരിപോഷണമാകൂ. മനുഷ്യത്വത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ഉതകുന്നതാവണം വിദ്യാഭ്യാസം. വിദ്യാഭ്യാസം മനുഷ്യന്റ ഉൽകൃഷ്ടമായ സാധ്യതകളുടെ സാക്ഷാത്ക്കാരമാണ്. തൊഴിൽ അതിന്റെകൂടെ സ്വാഭാവികമായി വന്നുചേരേണ്ടതാണ്. തൊഴിൽ മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്നുവരുമ്പോൾ അത് *ടെക്നോ ക്രാറ്റുകളെ* മാത്രമേ ഉൽപാദിപ്പിക്കൂ. *ടെക്നോ ക്രാറ്റുകളെ* ഉൽപാദിപ്പിക്കുന്ന ഫാക്ടറികളാക്കി നമ്മുടെ കലാലയങ്ങളെ മാറ്റുന്നു എന്നുള്ളതാണ് ഇന്ന് നാം നേരിടുന്ന ദുരന്തം. വൻകിട കോർപറേറ്റുകൾ ലാഭം കൊയ്യുന്നതിനുവേണ്ടി വിദ്യാർത്ഥികളെ ദത്തെടുക്കുന്ന സമ്പ്രദായവും വന്നു ചേർന്നിരിക്കുന്നു. അത് തിരിച്ചറിയാതെ പോകരുത്.

### *തിരിച്ചറിയപെടാതെപോകുന്ന ദുരന്തങ്ങൾ*

*നോളെഡ്ജ് വർക്കർ–വിജ്ഞാന തൊഴിലാളി*–എന്നാണ് ഇന്നത്തെ അഭ്യസ്തവിദ്യർ വിശേഷിപ്പിക്കപ്പെടുന്നത്. ഇന്ന് *നോളെഡ്ജ്* എന്ന പദം പോലും നാം ഉപയോഗിക്കുന്നില്ലെന്നുവരെയായിരിക്കുന്നു. നമ്മുടെ കലാലയങ്ങളിൽ നിന്ന് ആ പദം പടിയിറങ്ങിക്കഴിഞ്ഞു.

*ഇൻഫർമേഷൻ* ആണ് നാം ഇന്ന് വ്യാപകമായി ഉപയോഗിക്കുന്ന പദം. വിജ്ഞാനത്തിന്റെ ഏകീകൃത സ്വഭാവം *ഇൻഫർമേഷനി*ലില്ല. *ഇൻഫർമേഷൻ* ചിതറിപോകുന്ന ജ്ഞാനശകലങ്ങളാണ്. ആ ജ്ഞാന ശകലങ്ങൾക്കൊപ്പം നമ്മുടെ വിദ്യാർത്ഥികളുടെ കഴിവുകളും ചിതറി പോകുന്നുണ്ട്. നമ്മുടെ കാലത്ത് നാം നേരിടുന്ന ഏറ്റവും വലിയ ദുരന്ത ങ്ങളിൽ ഒന്ന് ഇതാണെന്ന് ദൗർഭാഗ്യവശാൽ തിരിച്ചറിയപ്പെടുന്നില്ല.

ഇന്ന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകികാണുന്നത് സാങ്കേതിക ശാസ്ത്രത്തിനാണ്. ശുദ്ധ ശാസ്ത്രത്തെപ്പോലും നാം പിന്നാമ്പുറത്ത് ഉപേക്ഷിച്ചു കഴിഞ്ഞു. കേരളത്തിന്റെ ചുറ്റുപാടിൽ *എഞ്ചിനീയറിംഗ്, മെഡിസിൻ, ഐ.റ്റി.* എന്നീ വകുപ്പുകൾക്കാണ് ഇപ്പോൾ പ്രാധാന്യം; അവയ്ക്ക് മാത്രമാണ്! *ഫിലോസഫി, കൾച്ചർ, ആർട്സ്, ലാംഗ്വേജ്* എന്നിവയൊന്നും പരിഗണിക്കപ്പെടുന്നില്ല. *ഗണിതവും, ഗണിതശാസ്ത്രവും ഫിസിക്സും കെമിസ്ട്രിയും ജീവശാസ്ത്രവും* എല്ലാം പിൻതള്ളപ്പെടുന്നു. അതിന്റെ ഫലമായി കുറെ സാങ്കേതിക വിദഗ്ധരെ പടച്ചുവിടുന്ന ഏർപ്പാടായി മാറി ഇന്നത്തെ വിദ്യാഭ്യാസം. അത് മാത്രമാണോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് നാം ഗൗരവത്തോടെ ചിന്തിക്കണം. *ടെക്നോളജിയോ*ടൊപ്പം *ചരിത്രവും സാമ്പത്തികശാസ്ത്രവും സാമൂഹിക ശാസ്ത്രവും ഭാഷയും തത്വചിന്തയും* അംഗീകരിക്കപ്പെടേണ്ടതുണ്ട്; അപ്പോൾ മാത്രമേ പഠനം സംസ്കാരത്തോടു ചേർന്ന് ഒത്തുപോകൂ. ഭാഷയ്ക്ക് പ്രാമുഖ്യം നൽകാതെ ഒരു വിദ്യാഭ്യാസം സാധ്യമാണോ? ഭാഷക ളിൽ തന്നെ മാതൃഭാഷയുടെ പ്രാമുഖ്യത്തെ എങ്ങനെ പാർശ്വവൽക്ക രിക്കാൻ കഴിയും? യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ മലയാള ത്തിൽ മാത്രമായി ഒരു സർവ്വകലാശാല സ്ഥാപിക്കുമെന്ന് ശ്രീ.ഉമ്മൻചാണ്ടി പറഞ്ഞത് ഈ സാഹചര്യത്തിൽ ഓർമ്മിക്കുന്നു.

വിദ്യാഭ്യാസത്തെ സാങ്കേതികവൽക്കരിക്കുന്നതോടൊപ്പംതന്നെ പ്രധാനമാണ് അതിനെ മാനവവൽക്കരിക്കുന്നതും. വിദ്യാഭ്യാസത്തിന്റെ മാനവവൽക്കരണം ഭാഷാ-സാഹിത്യ-സംസ്കാര-പഠനത്തിലൂടെ മാത്രമേ പ്രാപ്യമാകൂ. മാനവികതയുടെ ഏറ്റവും വലിയ ഉപകരണവും വാഹനവും ഭാഷതന്നെ. ഭാഷയില്ലാതെ നമുക്ക് മാനവികത ഉണ്ടാക്കാൻ കഴിയില്ല. അമ്മയുടെ ചുണ്ടിൽനിന്നും മാതൃഭാഷയിലൂടെ ആദ്യം ഉതിർന്നുവീഴുന്ന മുത്തുകളാണ് ഏതൊരു മനുഷ്യനിലും മാനവിക തയുടെ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കുന്നത്. മനുഷ്യന്റെ ഉറ്റമിത്രം ഭാഷയാണ്. മനുഷ്യസംസ്കാരങ്ങൾ വിനിമയം ചെയ്യപ്പെടുന്നതും ഭാഷ യിൽ തന്നെ; ആ നൈരന്തര്യത്തിലാണ് ചരിത്രം നിവർത്തിയ്ക്ക പ്പെടുന്നത്.

ഞാൻ ഈയിടെ *സിറിയ* സന്ദർശിച്ചിരുന്നു അവിടുത്തെ രണ്ട് ഗ്രാമങ്ങൾ ഇപ്പോഴും *യേശുദേവൻ* സംസാരിച്ചിരുന്ന ഭാഷയാണ് സംസാരിക്കുന്നത്. യേശുദേവന്റെ ഭാഷ ഇന്നും സംസാരിക്കുന്ന ലോകത്തിലെ ഏക പ്രദേശവും അതുതന്നെ. ആ ഭാഷ ലോകത്തു നിന്ന് മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. പക്ഷെ, ലോകത്തിനെന്നും പ്രകാശം നൽകുന്ന വചനസാരമാണ് ആ ഭാഷയിലൂടെ വെളിവാക്കപ്പെട്ടത്. അതു നാം മറക്കരുത് ഒരിക്കലും. എത്രപേർ സംസാരിക്കുന്നു എന്ന് നോക്കിയിട്ടല്ല ഒരു ഭാഷയെ വിലയിരുത്തേണ്ടത്. ഈ പറഞ്ഞത് *സംസ്കൃത*ത്തിനും ബാധകമാണ്. സംസ്കൃതം എത്രപേർ സംസാരിക്കുന്നു എന്ന് പരിഗണിച്ചല്ല അതിന്റെ മഹത്വം നിർണയിക്കേണ്ടത്. സംസ്കൃതം ഇല്ലാതെ മലയാള ഭാഷയുണ്ടോ? ഇല്ല. ഇന്ത്യയിലെ എല്ലാ ഭാഷകളും സാംസ്കാരികമായി സംസ്കൃതത്തോട് ബന്ധപ്പെട്ടിരിക്കുന്നു. സംസ്കൃതവുമായി കുട്ടികളെ പരിചയപ്പെടുത്തിയാൽ അത് ഗുണകരമായ ഒരു അടിത്തറ അവർക്ക് നൽകും.

### *ഐക്യത്തിന്റെ കണ്ണിയായി ഭാഷ*

ദേശീയോദ്ഗ്രഥനത്തിന്റെ കണ്ണിയാണ് ഭാഷ. മനുഷ്യനെ ഒരുമിപ്പിക്കുന്ന മാധ്യമമാണ് ഭാഷ. ഐക്യത്തിന്റെ കണ്ണിയാണിത്. ഭാഷയെ പടിക്ക് പുറത്ത് നിർത്തിക്കൊണ്ട് മഹത്വമാർന്ന ഒന്നും നമുക്ക് നേടാനാവില്ല. സഹവർത്തിത്ത്വത്തിന്റെ സഹായി ഭാഷയാണ്. ഭാരതീയപാരമ്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ട ഒരു ഭാഷയെ വേണ്ടെന്നുവെച്ച് വെറും സാങ്കേതിക വിദ്യമാത്രം പഠിപ്പിക്കുന്ന നയം തെറ്റായ നിഗമനങ്ങളിൽമാത്രമധിഷ്ഠിതമാണ്. അവ നയിക്കുന്നതു വഴിതെറ്റിയ നിരീക്ഷണങ്ങളിലേയ്ക്കും അനുമാനങ്ങളിലേയ്ക്കുമാണ്.

വിദ്യാഭ്യാസത്തിൽ കേരളം മുമ്പിലായിരുന്നു; വിശേഷിച്ചും പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററിവരെ. മറ്റു സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയുമായിരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസം ഗുണനിലവാരത്തിലും ഏറെ മെച്ചപ്പെട്ടതായിരുന്നു.

ഇതൊക്കെ മുൻപത്തെ അവസ്ഥ.

എന്നാൽ ഇന്നോ?

ഇന്ന് ആ സ്ഥിതി മാറിക്കൊണ്ടിരിക്കുന്നു. കേന്ദ്രഗവൺമെന്റ് നടത്തിയ ഒരു സമീപകാലപഠനത്തിൽ ഗുണനിലവാരത്തിൽ നമ്മുടെ വിദ്യാഭ്യാസം പുറകോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. വിദ്യാഭ്യാസത്തിൽ നിന്നും ലഭിക്കേണ്ട സംസ്കാരവും മൂല്യവും പ്രാപ്യമാകാതെ വരികകൊണ്ട് അഭ്യസ്തവിദ്യരും മൂല്യവി

ധേയമല്ലാത്തവരുമായ ഒരു പൊതു സമൂഹം കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നു. ഇത് നാം ഗൗരവത്തോടെ കാണണം.

ഏറ്റവുമധികം ആളുകൾ മദ്യപിക്കുന്ന പ്രദേശം കേരളമാണ്. കേരളത്തെ ഒരു *മദ്യപ്രദേശം* എന്ന് വിശേഷിപ്പിക്കാം. ഒരു പക്ഷേ, നമ്മുടെ നദികളിലൂടെ ഒഴുകുന്ന വെള്ളത്തിൽവരെ മദ്യം ഒഴുകുന്നുണ്ടോ എന്ന് സംശയിക്കാവുന്നതാണ്. കുറ്റവാസനകളും തിന്മയും ചെറുപ്പക്കാരിലേറുന്നു. ഇത് പറയുമ്പോൾ നാം അവർക്ക് നൽകുന്ന വിദ്യാഭ്യാസത്തിന് എന്തോ കുറവുണ്ട് എന്ന് തന്നെയാണ് ഇതിനർത്ഥം. ആ കുറവ് ഞാൻ നേരത്തെ സൂചിപ്പിച്ച മൂല്യരഹിതമായ വിദ്യാഭ്യാസത്തിൽ നിന്നാണ് സംഭവിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസത്തെ മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമാക്കിക്കൊണ്ട് മാത്രമേ അതിന് പരിഹാരമുള്ളൂ.

*ഡോ.കെ.എസ്.രാധാകൃഷ്ണൻ* സൂചിപ്പിക്കുകയുണ്ടായി സാധാരണക്കാരന് തന്റെ തൊഴിൽ വിദ്യാഭ്യാസത്തിൽ ഇന്ന് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു എന്ന്. വളരെ ശരിയാണത്. ഇതിനെ നാം ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തെ കൈയ്യൊഴിയുന്ന സാധാരണ മനുഷ്യരുടെ എണ്ണം കഴിഞ്ഞ നാലു വർഷമായി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഏതാണ്ട് നാലു ലക്ഷം പേർ കഴിഞ്ഞ നാലരകൊല്ലത്തിനുള്ളിൽ പൊതു വിദ്യാഭ്യാസത്തെ കൈയ്യൊഴിഞ്ഞു എന്നാണ് കണക്ക്. ഇതിന്റെ കാരണം എന്തെന്ന് ഗൗരവപൂർവ്വം അന്വേഷിക്കുവാൻപോലും ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. എത്ര കഷ്ടമാണിത്!

2007ൽ ഈ ഗവൺമെന്റ് *കരിക്കുലം ഫ്രെയിം* അവതരിപ്പിച്ചു. ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെക്കുറിച്ചാണ് അതിൽ പ്രതിപാദിച്ചിട്ടുള്ളത്. പാഠ്യപദ്ധതിയും പഠനസമ്പ്രദായവും കാലാനുസൃതമായി മാറ്റുക തന്നെ വേണം. പക്ഷേ, ഏത് മാറ്റവും നമ്മുടെ മണ്ണിനും മനുഷ്യനും യോജിച്ച വിധത്തിലാകണം. എന്നാൽ *കേരളകരിക്കുലർ ഫ്രെയിമിൽ* നിർദേശിക്കുന്നത് എന്താണ്?

ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്നിരിക്കണം എന്നാണ് ഒരു നിർദേശം. രണ്ടാമത്തേത് നമ്മുടെ വിദ്യാഭ്യാസം സെക്കുലർ ആകണം എന്നതാണ്. *സെക്കുലർ* എന്നാൽ *മതനിരാസം* എന്ന അർത്ഥത്തിലാണ് ഇവിടെ പരാമർശിക്കുന്നത്. *മതനിരാസ*ത്തിൽ അധിഷ്ഠിതമായ ഒരു വിദ്യാഭ്യാസം ഇവിടെ കടന്നുവരുമ്പോൾ മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് നാം വിശേഷിച്ചും എടുത്തു പറയുകതന്നെ വേണം.

*ചാവറയച്ചന്റെ* പാരമ്പര്യം അവകാശപ്പെടുന്നവർ ഇത് പ്രത്യേകിച്ചും പറയണം. കാരണം മൂല്യാധിഷ്ഠിതമായ പൊതുവിദ്യാഭ്യാസത്തിന്റെ പ്രോദ്ഘാടനം നിർവഹിച്ച മഹാനാണ് അദ്ദേഹം.

### *മൂല്യവ്യവസ്ഥ സർവ്വപ്രധാനം*

ഓരോ മതത്തിന്റെയും സവിശേഷമായ അനുഷ്ഠാനത്തിന്റെയും കാര്യമല്ല ഇവിടെ പരാമർശിച്ചത്. എല്ലാമതങ്ങളും ഒരുപോലെ പറയുന്ന മൂല്യവ്യവസ്ഥയെയാണ് ഞാൻ സൂചിപ്പിക്കുന്നത്.

*വാല്യൂ ഓറിയെന്റഡ് എഡുക്കേഷൻ കമ്മറ്റിയിൽ* പ്രവർത്തിക്കുവാൻ എനിക്ക് പല തവണ അവസരം ഉണ്ടായിട്ടുണ്ട്. ഏതെങ്കിലും ഒരുപ്രത്യേക മതത്തിന്റെ മാത്രമല്ല നമ്മുടെ മൂല്യവ്യവസ്ഥ. അച്ഛനെ ബഹുമാനിക്കണം, അമ്മയെ സ്നേഹിക്കണം, അയൽവാസിയെ അറിയണം, സ്നേഹിതനെ സഹായിക്കണം... ഇവയെല്ലാം നമ്മടെ മൂല്യവ്യവസ്ഥയുടെ ഭാഗമാണ്. എന്നാൽ ഇന്ന് കേരളത്തിൽ നടപ്പിലാക്കുന്നതോ? മൂല്യവ്യസ്ഥകളെ പരിപാലിക്കുന്ന ഒരു വിദ്യാഭ്യാസനയമല്ല അത്. അതിനുപകരം നിർദേശിക്കാനുള്ളതോ? ലൈംഗികവിദ്യാഭ്യാസം പച്ചയ്ക്ക് നടപ്പിലാക്കണമെന്നും പെൺകുട്ടികളും ആൺകുട്ടികളും ഇടകലർന്നിരിക്കണമെന്നും മറ്റും... അതാണ് ഇക്കൂട്ടർ ഘോഷപൂർവ്വം പ്രചരിപ്പിക്കുന്നത്. അന്ധമായ ഈ ഘോഷം... ഇത് അധിനിവേശമാണെന്നേ ഞാൻ പറയൂ. പാശ്ചാത്യജീവിതരീതികളുടെ അധിനിവേശം.! പാശ്ചാത്യഅധിനിവേശത്തെക്കുറിച്ച് നിരന്തരം സംസാരിക്കുകയും അതിനെ എതിർക്കുകയും ചെയ്യുന്നവർ അധിനിവേശ താൽപര്യങ്ങളെയും അധിനിവേശ സംസ്കാരത്തെയും നമ്മുടെ കാമ്പസുകളിൽ നടപ്പിലാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ഇരട്ടത്താപ്പാണ് ഇവിടെ കാണാൻ കഴിയുന്നത്. യൂറോപ്പിനും അമേരിക്കയ്ക്കും ഇത് ചിലപ്പോൾ ആവശ്യമായിരിക്കാം. അവരുടെ മണ്ണിന് അത് യോജിക്കുകയും ചെയ്യാം. എന്നാൽ ആ മണ്ണല്ല നമ്മുടേത്. ആ പാരമ്പര്യമല്ല നമ്മുടേത്. നമ്മുടെ മണ്ണിനും മനുഷ്യനും ആ രീതി യോജ്യമല്ല. ഇത് എന്തുകൊണ്ടാണ് ഈ വിദ്യാഭ്യാസ വിചക്ഷണൻമാർക്ക് മനസ്സിലാകാതെ പോകുന്നത്.?

പാശ്ചാത്യപൗരസ്ത്യ ജനതയുടെ പാരമ്പര്യം... അത് തികച്ചും വ്യത്യസ്തമാണ്. പാശ്ചാത്യപാരമ്പര്യത്തിന് അതിന്റേതായ സവിശേഷതകളും മഹത്ത്വങ്ങളും ഉണ്ട്; ഇല്ലെന്നല്ല. എന്നാൽ പൗരസ്ത്യപാരമ്പര്യത്തിന് പാശ്ചാത്യരിൽനിന്നും പാടെ വ്യത്യസ്തമായ ധാരകളാണുള്ളത്. പാശ്ചാത്യ സമൂഹത്തിൽ കുടുംബവ്യവസ്ഥ അനുദിനം

തകർന്നുകൊണ്ടേയിരിക്കുന്നു. ലോകത്തിൽ കുടുംബവ്യവസ്ഥ ഏറ്റവും സ്ഫുടമായി നിലനിൽക്കുന്നത് പൗരസ്ത്യകുടുംബങ്ങളിലാണ്. ഇത് ഒരു ചെറിയ വ്യത്യാസമല്ല. വ്യക്തിയുടേയും സമൂഹത്തിന്റേയും വളർച്ചയ്ക്ക് കുടുംബബന്ധങ്ങൾ ദൃഢമായി നിലനിൽക്കുക തന്നെ വേണം. അത് അറിയേണ്ടവരാണ് നാം. അതാണ് നമ്മുടെ പാരമ്പര്യം; സംസ്കാരം.

ഖുറാൻ പറയുന്നു :

*നീ ആദ്യം ദൈവത്തോട് നന്ദി കാണിക്കുക; പിന്നെ മാതാപിതാക്കളോടും.*

ഇതെല്ലാം ഉൾക്കൊണ്ടാലേ സംസ്കാരം എന്നൊന്നു ഉണ്ടാകൂ. മഹാനായ പ്രവാചകൻ മുഹമ്മദ് നബി തിരുമേനിയെ സമീപിച്ചുകൊണ്ടു ഒരുവൻ ചോദിച്ചു:

*ഞാൻ ജീവിതത്തിൽ ആരോടാണ് നന്ദി കാണിക്കേണ്ടത്?*

അല്പംപോലും ആലോചിക്കാതെ പ്രവാചക തിരുമേനി പറഞ്ഞു:

*ആദ്യം നിന്റെ മാതാവിനോട്; പിന്നെ പിതാവിനോട്.*

ഈ ഉത്തരം പറയാൻ മഹാനായ പ്രവാചകന് അധികം ആലോചിക്കേണ്ടിവന്നില്ല. ഇതിൽ സ്പന്ദിക്കുന്ന മൂല്യവ്യവസ്ഥ വിദ്യാഭ്യാസത്തിന്റെ അനിവാര്യഘടകമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതായിരിക്കണം വിദ്യാഭ്യാസത്തിന്റെ അടിക്കല്ല്.

മനുഷ്യന്റെ ആദ്യത്തെ ഗുരു അമ്മയാണ്. കാരണം അവൻ ജനിക്കുമ്പോൾ തൊട്ടേ വിദ്യാഭ്യാസം തുടങ്ങുന്നു. അമ്മിഞ്ഞപ്പാലിനൊപ്പം അമ്മ നൽകുന്ന വാത്സല്യമാണ് ആദ്യത്തെ അക്ഷരപാഠം. അമ്മയുടെ വയറ്റിൽനിന്നു തുടങ്ങുന്ന വിദ്യാഭ്യാസം തൊട്ടിലിൽ കിടക്കുമ്പോഴും തുടരുന്നു. അറിവ് നേടുന്നത് *തൊട്ടിൽ മുതൽ കബറിടം വരെയാണെന്ന്* മഹാനായ പ്രവാചകൻ പറഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസത്തിൽ നാം പുരോഗതി കൈവരിക്കുകയും നൂറു ശതമാനം സാക്ഷരത നേടിയെന്ന് അഭിമാനിക്കുകയും ചെയ്യുന്നു. പക്ഷേ, വാർദ്ധ്യകത്തിൽ അനാഥരാക്കപ്പെടുന്ന അച്ഛനമ്മമാരുടെ എണ്ണം ഇവിടെ കൂടിക്കൊണ്ടിരിക്കുകയാണ്. തെരുവിൽ ഉപേക്ഷിക്കുന്നവരെപോലെതന്നെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുന്നു.

ഈ മാതാപിതാക്കളുടേയും വൃദ്ധരുടേയും ദുരിതങ്ങളും ദുരന്താനുഭവങ്ങളും ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ഇതിനെന്താണ് പരിഹാരം എന്ന് നാം അന്വേഷിക്കണം. ആ അന്വേഷണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ മൂല്യവ്യവസ്ഥയുടെ ഭാഗമാകണം. എന്തുകൊണ്ടാണ് നമ്മുടെ

വിദ്യാഭ്യാസത്തിന് അച്ഛനമ്മമാരോടും അയൽക്കാരോടും സഹോദര രോടും അനുകമ്പയുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ കഴിയാത്തത്? ഈ അന്വേഷണവും നമ്മുടെ കരിക്കുലർ ഫ്രെയിമിന്റെ ഭാഗമാകണം.

### *അറിവിന്റെ ആധാരം സ്നേഹമാകണം*

ബ്രസീലിലും, ചിലിയിലും നടക്കുന്ന വിദ്യാഭ്യാസ സമ്പ്രദായ ങ്ങളുടെ വേദ പുസ്തകമാണ് *പൗലോ ഫ്രെയറുടെ ദി പെഡഗോഗി ഓഫ് ദി ഒപ്രസ്ഡ്.* ഈ പുസ്തകത്തെ അവലംബിച്ചാണ് *കേരള കരി ക്കുലർ ഫ്രെയിം* രൂപീകരിച്ചിരിക്കുന്നത്. ഈ വിദ്യാഭ്യാസ സമ്പ്രദായ ത്തിലെ പല തത്വങ്ങളും കേരളത്തിൽ പ്രയോഗിക്കാനാണ് ഇതിന്റെ പ്രയോക്താക്കൾ ശ്രമിക്കുന്നത്. *പൗലോ ഫ്രെയറിനോട്* എനിക്ക് ഒരു വിരോധവുമില്ല. 1985-ൽ തന്നെ ഞാൻ ആ പുസ്തകം വായിച്ചിട്ടുണ്ട്. അതും മലയാള പരിഭാഷ. *മർദ്ദിതന്റെ ബോധനശാസ്ത്രം* എന്ന പേരിൽ കൊടുങ്ങല്ലൂർ പ്രസാധക സംഘം ഈ പുസ്തകം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. ബ്രസീലിലെയും, ചിലിയിലേയും ചുറ്റുപാടു കൾക്ക് വേണ്ടി എഴുതപ്പെട്ട പുസ്തകമാണിത്. *ചോദ്യം ചെയ്യുന്നതി ലൂടെയാണ് വിദ്യാഭ്യാസം ആരംഭിക്കുന്നത്* എന്നാണ് ഈ പുസ്തകം സ്ഥാപിക്കുന്നത്. ചോദ്യം ചെയ്യാതെയും അറിവുണ്ടാകാം എന്ന പര മമായ സത്യം ഈ പുസ്തകം വിസ്മരിക്കുന്നു.

അറിവ് ലോകത്തിന് മുഴുവൻ പ്രിയപ്പെട്ടതാ ണ്. അത് സ്നേഹമാണ്, കാരുണ്യമാണ്, ദയയാണ്. അറിവ് സംഘർഷ ത്തിനും സംഹാരത്തിനുമുള്ളതല്ല. അത് സമന്വയത്തിനും സംവാ ദത്തിനും, സഹവർത്തിത്വത്തിനുമുള്ളതാണ്. എന്നാൽ, പൊതു വിദ്യാ ഭ്യാസതത്വവിചാരകർ പറയുന്നത് ചോദ്യം ചെയ്യാനും മുദ്രാവാക്യം വിളിക്കുവാനുമുള്ളതാണ് വിദ്യാഭ്യാസം എന്നാണ്. കുട്ടി ചോദ്യം ചോദിച്ചു വളരണം എന്നാണ് വാദം.

അവൻ ആരെയൊക്കെ ചോദ്യം ചെയ്യണം? അച്ഛനെ, അമ്മയെ, അധ്യാപകനെ, സഹപാഠിയെ അയൽക്കാരനെ... ഇങ്ങനെ എല്ലാവരേയും ചോദ്യം ചെയ്യുകയും അതിലൂടെ അവൻ അതിന്റെ ആധിപത്യം വിജ്ഞാനത്തിലും സ്ഥാപിക്കുകയും വേണമത്രെ.! ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് സംഘർഷത്തിന്റെയും സംഹാ രത്തിന്റെയും തത്ത്വശാസ്ത്രമാണ് എന്നും നാം തിരിച്ചറിയണം. അനു കമ്പക്കും അലിവിനും ഇവിടെ സ്ഥാനമില്ല. തിരസ്ക്കരണമാണ് ഇവിടെ മാർഗ്ഗം. ഉപയോഗ ശൂന്യമായവയെ തിരസ്ക്കരിക്കുവാനാണ് ആ അറിവ് അവനെ പഠിപ്പിക്കുന്നത്. വാർധക്യത്തിൽ അച്ഛനമ്മമാരും

ഉപയോഗശൂന്യരാകുന്നു. അനുകമ്പയുടെ ആർദ്രതയില്ലാത്ത മനസ്സു മായി മക്കൾ അവരെ തെരുവിൽ തള്ളുന്നു. അങ്ങനെയാണ് നമ്മുടെ നാട്ടിൽ വൃദ്ധ സദനങ്ങൾ പെരുകി വരുന്നത്.

ഇത് നമ്മുടെ കേരളത്തിനോ നാടിനോ യോജിക്കുന്നതല്ല. യാന്ത്രിക മനുഷ്യനെ ഉണ്ടാക്കുവാനേ ഇത് ഉപകരിക്കൂ. മനുഷ്യനെ യന്ത്രസമാനനാക്കിമാറ്റുന്ന വിദ്യാഭ്യാസം തിന്മയാണ്. അത് നാം തിരി ച്ചറിയണം. അതിനുപകരം കേരളത്തിലും ഇന്ത്യയിലും ലോകത്തെവി ടേയും വെളിച്ചമായ മൂല്യസങ്കൽപങ്ങളെ പ്രസരണം ചെയ്യുന്ന വിദ്യാഭ്യാസം ഉണ്ടാവുകതന്നെ വേണം. അലിവും ആർദ്രതയും അന്യ മായികൊണ്ടിരിക്കുന്ന മനുഷ്യമനസ്സിനെ മാനവികതയിലേക്ക് തിരിച്ചു കൊണ്ടുവരാൻ പൗരസ്ത്യ മൂല്യബോധങ്ങൾക്കേ കഴിയൂ.

മനുഷ്യന്റെ പ്രയാസങ്ങൾ പരിഹരിക്കാനും അവന്റെ പ്രശ്ന ങ്ങൾ നിർധാരണം ചെയ്യുവാനും ഉതകുന്നതാവണം നമ്മുടെ വിദ്യാഭ്യാസം. ശിഥിലമായ മനുഷ്യബന്ധങ്ങൾകൊണ്ട് നിർമ്മിക്കപ്പെ ടുന്ന ഒരു സമൂഹത്തിൽ മനുഷ്യൻ ഏകാകിയായി സ്വയം തിരസ്കൃ തനാകുവാൻ വിധിക്കപ്പെടുന്നു. മദർ തെരേസ ഒരിക്കൽ പറഞ്ഞു:

*ലോകത്തിലെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയോ നിരക്ഷരതയോ ദാരിദ്ര്യമോ അല്ല. സ്നേഹശൂന്യതയാണ്.*

സ്നേഹശൂന്യമായ ലോകം, സ്നേഹശൂന്യമായ മനസ്സുകൾ... ഇവ സൃഷ്ടിക്കപ്പെടുവാൻവേണ്ടിയാണോ നമ്മുടെ ക്ലാസ്സ് മുറികൾ? അല്ല. പകരം, നമ്മുടെ വിദ്യാഭ്യാസത്തെ വികസ്വരമാക്കുന്ന വിഭാവനം ഉണ്ടാവണം. വിദ്യാഭ്യാസം... അതിന്റെ വ്യാപ്തി, സത്യത്തിലും പ്രയോഗത്തിലും വികസിപ്പിച്ചെടുക്കണം. അതിനു ഈ ചില *തത്വങ്ങൾ* പൊളിച്ചെഴുതപ്പെട്ടേ പറ്റൂ.

ഇന്ന് ഇവിടെ അവലംബിച്ചുകാണുന്ന മനുഷ്യ കേന്ദ്രീകൃത മായ മന്ത്രം പ്രപഞ്ചത്തിന്റെ കേന്ദ്രം മനുഷ്യനാണെന്നും മനുഷ്യനു വേണ്ടി മാത്രമാണ് പ്രപഞ്ചം എന്നുമുള്ള കാഴ്ചപ്പാടാണ്. ഒരു പ്രപഞ്ച കേന്ദ്രീകൃതവ്യവസ്ഥ! ഇത് തിരുത്തണം.

ഒന്നു മാത്രമാവരുത് ഒരിയ്ക്കലും; എല്ലാറ്റിനുംവേണം ഒരിടം. ഭൂമിയിൽ പുല്ലിനും പുഴുവിനും പഴുതുണ്ടാവണം. പുഴയെപ്പറ്റിയും കാറ്റിനെപ്പറ്റിയും പറയുകയും ആലോചിക്കുകയും അനുഭവിക്കുക യും വേണം.

എന്റോസൾഫാനെക്കുറിച്ച് പറയുന്നതിനുമുമ്പ് മണ്ണിന്റെ, ജൈവഘടകങ്ങളെപ്പറ്റി പഠിക്കണം. കൃഷി ഒരു ജൈവകോശം എന്ന ആത്യന്തിക സത്യം തിരിച്ചറിയണം.

ആ ഒരു തിരിച്ചറിവ് ഉണ്ടാക്കാത്ത ശാസ്ത്രത്തെ നമുക്ക് തള്ളിക്കളയേണ്ടി വരും. ശാസ്ത്രീയമാണ് എന്നതുകൊണ്ട് മാത്രം ഒരു സിദ്ധാന്തവും നീതീകരിക്കപ്പെടുന്നില്ല. തിന്മയുടെ വിഷം വമിപ്പിക്കുന്ന വ്യവസായവൽക്കരണം ഉപേക്ഷിക്കാതെ ഒരു നിവർത്തിയും ഇല്ല. അത് ജൈവപ്രപഞ്ചത്തിനുണ്ടാക്കിയ നാശനഷ്ടങ്ങൾ എത്രമാത്രം ആപത്കരമായിരുന്നു എന്ന് നാം തിരിച്ചറിയണം. ഇങ്ങനെ ഒരു അറിവ് ഉണ്ടാകണമെങ്കിൽ വിദ്യാർത്ഥികൾ മണ്ണിന്റെയും മനുഷ്യന്റെയും ഹൃദയമിടിപ്പിന്റെ ഈണം മനസിലാകുന്നവരായി വളരണം. വിദ്യാഭ്യാസത്തിലൂടെ മാത്രമേ അതൊക്കെ സാധ്യമാക്കാൻ കഴിയൂ. അതുകൊണ്ടാണ് ജീവിതഗന്ധിയായ, സ്നേഹസുരഭിലമായ, കനിവും കാരുണ്യവും ആർദ്രമാക്കിയ മനസ്സുള്ള ഒരു നല്ല നാളെ സൃഷ്ടിക്കുവാൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയണമെന്ന് ഞാൻ ആദ്യമേ ആവശ്യപ്പെട്ടത്.

*തിങ്കളും താരകങ്ങളും തൂവെള്ളി കതിർചിന്തും*
*തുംഗ മാവിൻചോട്ടിലാണെന്റെ വിദ്യാലയം*

എന്നു ദീർഘദർശനം ചെയ്ത കവിയെ നാം ഓർക്കുക. മാവിൻചോട്ടിലാണ് എന്റെ വിദ്യാലയം എന്നാൽ പ്രകൃതിയാണ് നമ്മുടെ ക്ലാസ്സ്മുറി എന്നാണ് സാരം, ആ പ്രകൃതിയെ വായിച്ചറിയണം, ആ വായനയാകട്ടെ ദൈവനാമത്തിലുമായിരിക്കണം. അങ്ങനെ ദൈവനാമത്തിൽ പ്രപഞ്ചത്തെ അനുഭവിച്ചറിയാനുള്ള മൂല്യബോധം പകരുന്നതാകണം നമ്മുടെ വിദ്യാഭ്യാസം. അത് നമ്മുടെ നാടിന് ഉപകാരപ്രദമായിരിക്കും. വർദ്ധിച്ചുവരുന്ന സംഘർഷങ്ങളെ ഇല്ലാതെയാക്കി മനുഷ്യമനസ്സിൽ ശാന്തിയും സമാധാനവും പകരാൻ ആ വിദ്യാഭ്യാസത്തിനു കഴിയും. മാനവികതയുടെ കാവലും ജാഗ്രതയുമുള്ള വിദ്യാഭ്യാസം നമുക്കുണ്ടാവണം. ജീവിതത്തെയും ജീവനേയും തകർക്കുന്ന വിദ്യാഭ്യാസത്തിൽ നിന്ന് ജീവിതത്തെ പരിപോഷിപ്പിക്കുന്ന വിദ്യാഭ്യാസത്തിലേക്ക് നാം മാറേണ്ടതുണ്ട്. അതിന് സാധിക്കുന്ന വിധത്തിലുള്ള വിശകലന പഠനങ്ങൾ ഈ രംഗത്തുണ്ടാവുക തന്നെവേണം.

*ശ്രീനാരായണ ഗുരു ഒരു സ്കൂളിലും പഠിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞു:*

*ത്രിഭുവന സീമ കടന്നു തിങ്ങിവിങ്ങും ത്രിപുടിമുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം.*

ഈ ദീപം നമ്മുടെ നെഞ്ചിൽ കത്തുന്ന ജീവന്റെ വലിയ വിളക്കാണ്. ആ വിളക്ക് ജ്വലിപ്പിക്കാനും നമുക്ക് ചുറ്റുമുള്ള മനുഷ്യരിലേക്ക് പ്രകാശം പരത്തുവാനും ഉള്ളതാകണം, ഉതകുന്നതാകണം വിദ്യാഭ്യാസം.

ഈ തത്ത്വത്തെയാണ് *തമസോമാ ജ്യോതിർഗമയ:* എന്ന ഉപനിഷത്മന്ത്രം വിശേഷിപ്പിക്കുന്നത്. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കുള്ള മനുഷ്യവംശത്തിന്റെ സഞ്ചാരപഥം വിദ്യാഭ്യാസത്തിന്റെ വികസനപാതയാണ്; ആവണം; ആയേ മതിയാവൂ. ആ പാതയിലൂടെ നടന്നവരാണ് മനുഷ്യവംശത്തിന്റെ വഴികാട്ടികളായി പരിലസിച്ചിട്ടുള്ളതും പരിലസിക്കുവാനിരിക്കുന്നവരും. അവരാണ് ചരിത്രവും ലോകവും ഉണ്ടാക്കിയത്; ഉണ്ടാക്കുവാനിരിക്കുന്നത്.

ഈ വിജ്ഞാനത്തിന്റെ രസവാസനകളാകണം നമ്മെ നയിക്കേണ്ടത്.നാവ് രുചിക്കുന്ന എല്ലാ രുചികളും മനുഷ്യന് മടുപ്പുണ്ടാക്കുന്നു. ഒരിക്കലും നശിക്കാത്ത ഒരു രസമുണ്ടെങ്കിൽ അത് ന്യായത്തിന്റെ രസമാണ്.

ജ്ഞാനകേന്ദ്രീകൃതമായ, സംസ്കാരകേന്ദ്രീകൃതവും മൂല്യകേന്ദ്രീകൃതവുമായ, ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിനുവേണ്ടിയുള്ള കൂട്ടായ ശ്രമം ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്നേഹത്താൽ പ്രചോദിതമായതും ജ്ഞാനത്താൽ ഭരിക്കപ്പെടുന്നതുമായ ഒരു ജീവിതവ്യവസ്ഥ കെട്ടിപ്പടുക്കാൻ നമുക്ക് കഴിയണം.

അതിനുതകുന്ന വിദ്യാഭ്യാസ സമ്പ്രദായം രൂപീകരിക്കുവാനുള്ള കൂട്ടായ ചിന്ത പ്രചോദിപ്പിക്കുന്നതിന് *ചാവറയച്ച*നെ പോലെയുള്ള ഒരു തേജ:സ്വിയുടെ ചിന്തകൾക്ക് കഴിയും എന്നാണ് എന്റെ വിശ്വാസം. ആ വഴിയിലൂടെ സഞ്ചരിക്കുവാനും നമ്മുടെ കാലഘട്ടത്തെ പ്രകാശിപ്പിക്കുവാനും *ചാവറയച്ച*ന്റെ സ്മരണ നമ്മളെ പ്രചോദിപ്പിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു....



അനുബന്ധം: ഒന്ന്

# ചാവറകുര്യാക്കോസ് ഏലിയാസ് ജീവിതരേഖ

- **1805**
  ഫെബ്രുവരി 10 ന് ആലപ്പുഴയിലെ കൈനകരിയിൽ ജനനം
- **1818**
  സെമിനാരി പ്രവേശനം
- **1829**
  പൗരോഹിത്യ സ്വീകരണം
- **1831**
  (മെയ് 11) ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസ സഭാ (സി.എം.ഐ.) സ്ഥാപനം
- **1833**
  സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്തു സ്ഥാപിച്ചു നടത്താൻ നേതൃത്വം കൊടുക്കുന്നു.
- **1846**
  സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണകേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു.
- **1846**
  കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് സ്ഥാപിക്കുന്നു.
- **1853**
  കത്തോലിക്കാ സുറിയാനി സഭയുടെ പ്രഥമ വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്താരംഭിക്കുന്നു.



● 1855

ഇൻഡ്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്ന്യാസവ്രതാർപ്പണം ചെയ്ത പുരോഹിതൻ.

● 1857–58

*ഇന്ത്യൻ ഭാഷാ നാടക വഴിയിലെ ആദ്യ രചനയായി പത്ത് ഇടയനാടകങ്ങൾ എഴുതി;* സെമിനാരികളിൽ രംഗാവിഷ്ക്കാരം നടത്തി

● 1861

കേരള കത്തോലിക്കാസഭയുടെ വികാരി ജനറാൾ.

● 1861

റോക്കോസ് ശീശ്മയിൽ നിന്നും കേരളസഭയെ മോചിപ്പിച്ചു.

● 1862–69

കേരള സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാ ക്രമങ്ങളെ നവീകരിച്ചു.

● 1862

മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചു.

● 1864

*ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം* എന്ന നിയമം വികാരിജനറൽ ആയിരുന്നപ്പോൾ നടപ്പിലാക്കി.

● 1865

കത്തോലിക്ക പ്രൈമറി സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.

● 1866

കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീ സമൂഹം *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ,* (T.O.C.D.) ലെയോപ്പോൾദ് മിഷനറിയോട് ചേർന്ന് സ്ഥാപിച്ചു. (നാല് അംഗങ്ങളോടുകൂടി തുടങ്ങിയ സന്ന്യാസിനീ സഭ പിന്നീട് രണ്ടായി ഇന്ന് സി.എം.സി. , സി.റ്റി.സി എന്നീ പേരുകളിൽ അറിയപ്പെടുന്നു.)



● 1868

പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ആദ്യത്തെ ബോർഡിംഗ് ഹൗസും സ്കൂളും കൂനമ്മാവിൽ *ലെയോപ്പോൾദ്* മിഷനറിയോട് ചേർന്ന് ആരംഭിച്ചു.

● 1868

കത്തോലിക്കാ കുടുംബങ്ങൾക്കുള്ള കുടുംബചട്ടം *ഒരു നല്ല അപ്പന്റെ ചാവരുൾ* എഴുതി.

● 1869

അനാഥർക്കും രോഗികൾക്കും, വൃദ്ധർക്കുമുള്ള ആദ്യ ക്രൈസ്തവ അഗതിമന്ദിരം *ഉപവിശാല* കൈനകരിയിൽ സ്ഥാപിച്ചു.

● 1869

19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേക്കുള്ള പുനഃരൈക്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകി.

● 1871

ജനുവരി 3 ന് കൂനമ്മാവ് വി.ഫിലോമിന ആശ്രമത്തിൽ വച്ച് അന്തരിച്ചു.

● 1871

ജനുവരി 4 ന് മൃതസംസ്ക്കാരം കൂനമ്മാവ് വി.ഫിലോമിന ആശ്രമത്തിൽ.

● 1889

മെയ് 24 ന് പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവ് ആശ്രമദേവാലയത്തിൽ നിന്നെടുത്ത് മാന്നാനം ആശ്രമദേവാലയത്തിൽ സ്ഥാപിച്ചു.

● 1984

ഏപ്രിൽ 7 ന് *ജോൺപോൾ രണ്ടാമൻ മാർപാപ്പ* റോമിൽ വച്ച് ധന്യനായി പ്രഖ്യാപിച്ചു.

● 1986

ഫെബ്രുവരി 8 ന് *ജോൺപോൾ രണ്ടാമൻ മാർപാപ്പ* കോട്ടയത്തുവച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. *വാഴ്ത്തപ്പെട്ടവൻ* എന്നു പേരു വിളിക്കപ്പെട്ട ആദ്യ ഭാരതീയൻ.



• 1987

ചാവറ പോസ്റ്റൽ സ്റ്റാമ്പ് തിരുവനന്തപുരത്ത് വച്ച് രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ പുറത്തിറക്കി.

• 2006

മലയാള സാഹിത്യത്തിന് നൽകിയ വിശിഷ്ഠ സംഭാവനകളെ ആദരിച്ച് കേരള സർക്കാർ സാഹിത്യ അക്കാദമിയിൽ അദ്ദേഹത്തിന്റെ ഛായാചിത്രം സ്ഥാപിച്ചു.

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ പദ്രൊവാദൊ, പ്രൊപ്പഗാന്ത സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും • പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം: *മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം*

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*

(പർവ്വം എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*

(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*

(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*ചാവറയച്ചന്റെ കത്തുകൾ*



*തൂക്കാസ*

*(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ) ലിറ്റർജിക്കൽ കലണ്ടർ* (മരിച്ചവർക്കുള്ള ഒപ്പീസ്)

*ഇടയ നാടകങ്ങൾ*

Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ, മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെ തന്നെ ഭാഷാനാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ബോസ്റ്റൗമ നടത്തിവരുന്നു.

**അനുബന്ധം രണ്ട്**
**ലേഖകർ**



**ഫാ. റോബി കണ്ണൻചിറ സി.എം.ഐ.**
കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്റർ ഡയറക്ടറായ ഫാ. റോബി കണ്ണൻചിറ സി.എം.ഐ. അറിയപ്പെടുന്ന പ്രഭാഷകനും, കെ.സി.ബി.സി. ഡയലോഗ് ആൻഡ് എക്യുമെനിസം കമ്മീഷൻ സെക്രട്ടറിയും ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെയും **ബേസ്റൗമ** പ്രകാശന ധാരയുടെയും കോർഡിനേറ്ററുമാണ്



**ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ** സി.എം.ഐ.
ആത്മീയ ആചാര്യൻ, മാധ്യമവിദഗ്ധൻ, ചിന്തകൻ, പ്രശസ്ത വാഗ്മി, ഗ്രന്ഥകാരൻ എന്നീ നിലകളിൽ വിഖ്യാതനായ ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ. സഭയുടെ പ്രിയോർ ജനറലാണ്.



**സി.സാങ്റ്റ സി.എം.സി.**
ബഹുഭാഷാപണ്ഡിത, മനഃശാസ്ത്രവിദഗ്ധ, സ്ത്രൈണ ആത്മീയ ആചാര്യ എന്നീ നിലകളിൽ പ്രസിദ്ധയായ സി.സാങ്റ്റ സി.എം.സി. സഭയുടെ സുപ്പീരിയർ ജനറലാണ്.



**ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**
ചാവറ ദർശനങ്ങളുടെ ഉപാസകനും ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടറും റിസർച്ച് & ഡോക്യുമെന്റേഷൻ വിഭാഗത്തിന്റെ തലവനും ഗ്രന്ഥകാരനും ഗവേഷകനും. ബേസ്റൗമ ഗവേഷണ കൗൺസിൽ അംഗം.



**ഡോ.കെ.എസ്.രാധാകൃഷ്ണൻ**
ഗ്രന്ഥകാരൻ, പ്രഭാഷകൻ, വിദ്യാഭ്യാസവിചക്ഷണൻ, ദാർശനികൻ എന്നീ നിലകളിൽ പ്രശസ്തനായ ഡോ.കെ.എസ്. രാധാകൃഷ്ണൻ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറാണ്. ഇപ്പോൾ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ അദ്ധ്യക്ഷനാണ്.



**അബ്ദുൾ സമദ് സമദാനി**
ബഹുഭാഷാപണ്ഡിതൻ, സാമൂഹികവിചാരകൻ, വാഗ്മി എന്നീ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച അബ്ദുൾ സമദ് സമദാനി അക്കാദമിക വിദഗ്ധനും പൊതുജനനേതാവുമാണ്. ഇപ്പോൾ സംസ്ഥാന നിയമസഭാംഗം.

## *അനുബന്ധം മൂന്ന്*

## *ബേസ്റൗമ*

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിത ദർശനങ്ങളും അനുബന്ധ വിചാര ധാരകളും വ്യാപകമായ തലത്തിൽ ദൃശ്യ ശ്രാവ്യ മുദ്രണ തലങ്ങളിലൂടെ കേന്ദ്രീകൃതമായി പൊതു സമൂഹ മധ്യത്തിൽ എത്തിക്കുന്നതിനായി സി.എം.ഐ., സി.എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രകാശന ധാരയാണു **ബേസ്റൗമ**. ഈ പ്രവർത്തന സരണിയിലെ ആദ്യപാദമാണ് പുസ്തക പ്രസാധനം. ദൃശ്യ-ശ്രാവ്യ ധാരകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള ഒരുക്കങ്ങളിലാണു സഭാനേതൃത്വം. **ബേസ്റൗമ** എന്ന പേരിൽ ചാവറ പിതാവിന്റെ ജീവിത ദർശനങ്ങളെ പ്രമേയമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രത്തിന്റെ കടലാസു ജോലികൾ പൂർത്തിയായി വരുന്നു. ആഗസ്റ്റ് 26 ന് മാന്നാനത്ത് ചാവറ പിതാവിന്റെ സ്മൃതി മണ്ഡപത്തിനു മുൻപിൽ ചിത്രീകരണം തുടങ്ങുവാനാകുമെന്നാണ് പ്രതീക്ഷ. ചാവറ പിതാവിന്റെ കാവ്യ രചനകൾക്കൊപ്പം കവി ശ്രേഷ്ഠരായ *അക്കിത്തം വിഷ്ണുനാരായണൻ നമ്പൂതിരി, കാവാലം, ഒ.എൻ.വി., യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി* തുടങ്ങിയ പ്രതിഭാധനർ ക്രൈസ്തവ ചൈതന്യത്തെ അവലംബമാക്കി എഴുതുന്ന ഗാനങ്ങൾക്കും ഇന്ത്യയിലെ തന്നെ സംഗീത രംഗത്തെ ഏറ്റവും മുതിർന്ന ആചാര്യനായ സംഗീതകാരൻ വി.ദക്ഷിണമൂർത്തി സംഗീതം പകർന്നു കൊണ്ടുള്ള ഒരു മ്യൂസിക്ക് ആൽബത്തിന്റെ ഒരുക്കങ്ങളും പുരോഗമിക്കുന്നു. ഇതോടൊപ്പം തമിഴിലും കന്നഡത്തിലും ഹിന്ദിയിലും കൂടി ഗാനങ്ങൾ ഈണപ്പെടുത്തുന്നുണ്ട്. പ്രശസ്തരും പ്രഗത്ഭരുമായ ഗായകരായിരിക്കും ആലാപനം തൊണ്ണൂറുകളുടെ പാതിയിലെത്തിയ സംഗീതാചാര്യൻ ദക്ഷിണമൂർത്തി ആദ്യമായാണ് ഒരു ക്രിസ്ത്യൻ മ്യൂസിക്കൽ ആൽബം ചിട്ടപ്പെടുത്തുന്നതെന്ന അപൂർവ്വത കൂടി ഈ പരിശ്രമത്തിനുണ്ട്. ഗാനങ്ങളിൽ കുറച്ചെണ്ണത്തിനു പ്രഗത്ഭരായ ചലച്ചിത്രകാരന്മാരുടെ സഹായത്തോടെ ദൃശ്യാഖ്യാനം നൽകുവാനും ശ്രമിക്കുന്നുണ്ട്.

പ്രസിദ്ധീകരണങ്ങൾ:

■**ആകാശദീപങ്ങൾ സാക്ഷി** • ചാവറ പിതാവിന്റെ ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം • **ജോൺ ആന്റണി** അവതാരിക: **പെരുമ്പടവം ശ്രീധരൻ** (രണ്ടാം പതിപ്പ്)

■**സുകൃതം സ്മര** • ഡോ.സുകുമാർ അഴീക്കോട്, ഡോ.എം.ലീലാവതി, എം.കെ.സാനു, എ.ശ്രീധരമേനോൻ, പി.ഗോവിന്ദപ്പിള്ള, കെ.എം. തരകൻ, സി.പി.ശ്രീധരൻ, ഫാ.ഇസഡ്.എം.മൂഴൂർ, മാത്യു ഉലകംതറ, ഡോ.കുര്യാക്കോസ് കുമ്പളക്കുഴി, സി.വി.ആനന്ദബോസ്, ഡോ.സെബാസ്റ്റ്യൻപോൾ, ടി.എം.എബ്രഹാം, ഡോ.പി.കെ.രാജശേഖരൻ എന്നിവരുടെ ചാവറ സംസ്കൃതിയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ. അവതാരിക **എം.തോമസ് മാത്യു** (രണ്ടാം പതിപ്പ്)

■**ഇതാ ഞാൻ അവിടത്തെ ദാസൻ** • ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പാർശ്വപരിവൃത്തസഹിതം അവതരിപ്പിക്കുന്ന ഗ്രന്ഥ പരമ്പരയിലെ ആദ്യഭാഗം **ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.** അവതാരിക **ഡോ.കെ.എസ്സ്.രാധാകൃഷ്ണൻ**

■**പൊതു വിദ്യാഭ്യാസം പ്രസക്തിയും പ്രശ്നങ്ങളും** • ചാവറ അനുസ്മരണ പ്രഭാഷണങ്ങൾ • **ഡോ.കെ.എസ്സ്.രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി** (രണ്ടാം പതിപ്പ്)

■**എന്റെ ഓഹരിയും പാനപാത്രവും** • ചാവറപിതാവിന്റെ ദൈവസാദൃശ്യ സങ്കല്പം: ഒരു വിചാരണ • **സിസ്റ്റർ ആവില സി.എം.സി.** • അവതാരിക: **ടി.എം.എബ്രഹാം**

BETH RAUMA
an initiative of
CHAVARA CENTRAL SECRETARIAT
representing
C.M.I.and C.M.C.Congregations
PB NO 3105
CHAVARA HILLS KAKKANADU, COCHIN 682030
Ph: 91 484 4070012 Fax 91 484 4070015
E-mail: bethrauma@gmail.com, chavara.secretariat@cmi.in

ചാവറ അനുസ്മരണ പ്രഭാഷണം 2011

# പൊതുവിദ്യാഭ്യാസം:

## പ്രസക്തിയും പ്രശ്നങ്ങളും

ഡോ. കെ. എസ്. രാധാകൃഷ്ണൻ
അബ്ദുൾ സമദ് സമദാനി

ഒരു ബേസ് റൗമ പ്രസിദ്ധീകരണം
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്



സി.എം.ഐ. പ്രിയോർ ജനറാൾ ഹൗസ്
ചാവറ ഹിൽസ്, കാക്കനാട്, കൊച്ചി - 682030